33rd Year of Service 2025

# കേരളാ എക്സ്പ്രസ്
# KERALA EXPRESS

Weekly Newspaper National Edition from Chicago

3425 Cleveland St, Skokie, Illinois 60076, Tel: 630 728 7956 (24 Hrs.) e-Fax: 773 304 1917 Email: news@keralaexpress.com www.keralaexpress.com

July 21, 2025 Vol. XXXIII No. 30






# YOUTH PASTORAL VACANCY

## Bethel Pentecostal Assembly, Bay Area, California

Indian Pentecostal Church seeking a full-time Youth Pastor with a calling and passion to shepherd, teach, mentor and guide the children and youth of a growing Church in the Bay area based on Biblical principals that are culturally relevant. If you are an ordained, married, pentecostal Pastor under 45 yrs of age with a formal theological education who grew up in the US, have previous experience of working with the younger generation and lead by the Holy Spirit to take on this responsibility and legally eligible to work in the US, please contact us in writing at bethelpentecostalca@gmail.com before Sept 12, 2025.






33rd Year of Service 2025
കേരളാ എക്സ്പ്രസ്
KERALA EXPRESS
Weekly Newspaper National Edition from Chicago
3425 Cleveland St, Skokie, Illinois 60076, Tel: 630 728 7956 (24 Hrs.) e-Fax: 773 304 1917 Email: news@keralaexpress.com www.keralaexpress.com

4 മഹാരാഷ്ട്രയിൽ ഭാഷയെച്ചൊല്ലി ആക്രമണം
7 ന്യൂനപക്ഷ കമ്മീഷന്റെ സ്ഥിതി ദയനീയം
8 ഉമ്മൻ ചാണ്ടി രാഷ്ട്രീയഗുരു: രാഹുൽ
14 ഐസിഇസിഎച്ച് ബൈബിൾ ക്വിസ് മത്സരം
24 പഞ്ചാരിമേളം അരങ്ങേറ്റം ചിക്കാഗോയിൽ നടന്നു

# തദ്ദേശ വോട്ടർ പട്ടികയിൽനിന്ന് പത്ത് ലക്ഷം പേർ പുറത്ത്

തിരുവനന്തപുരം: ഈ വർഷം നടക്കുന്ന തദ്ദേശ തെരഞ്ഞെടുപ്പിനായി സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ തയ്യാറാക്കിയ വോട്ടർ പട്ടികയിൽനിന്ന് നാലര വർഷത്തിനിടെ 9.78 ലക്ഷം പേർ അപ്രത്യക്ഷരായി. 2020-ലെ തദ്ദേശ തെരഞ്ഞെടുപ്പിനായി തയാറാക്കിയ അന്തിമ വോട്ടർ പട്ടികയിൽ 2,76,56,579 (2.76 കോടി) വോട്ടർമാർ ഉണ്ടായിരുന്നു. ഇക്കൊല്ലം വാർഡ് വിഭജനത്തിനു പിന്നാലെ പുതിയ പോളിങ് സ്റ്റേഷനുകളെ അടിസ്ഥാനമാക്കി ജൂൺ 30-ന് തയ്യാറാക്കിയ വോട്ടർ പട്ടികയിൽ 2,66,78,256 (2.66 കോടി) പേരാണുള്ളത്. ഇതിനെ അടിസ്ഥാനമാക്കി കരട് വോട്ടർ പട്ടിക ഈ മാസം പ്രസിദ്ധീകരിക്കാനിരിക്കെയാണ് ഞെട്ടിക്കുന്ന ഈ വ്യത്യാസം പുറത്തുവന്നത്.

പരേതരെയും കേരളത്തിൽനിന്നു താമസം മാറ്റിയവരെയും പട്ടികയിൽനിന്ന് നീക്കുന്നത് സ്വാഭാവിക നടപടിയാണെങ്കിലും കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മീഷൻ തയാറാക്കിയ നിയമസഭാ തെരഞ്ഞെടുപ്പിനുള്ള വോട്ടർ പട്ടികയുമായി താരതമ്യം ചെയ്യുമ്പോൾ തദ്ദേശ പട്ടികയിലെ കണക്കുകൾ കൂടുതൽ ദുരൂഹമാകുന്നു. കേന്ദ്ര തെരഞ്ഞെടുപ്പു കമ്മീഷൻ ജനുവരി ആദ്യം തയ്യാറാക്കിയ കേരളത്തിലെ വോട്ടർ പട്ടികയിൽ 2,77,20,818 (2.77 കോടി) പേരുണ്ട്. സംസ്ഥാന കമ്മീഷന്റെ പട്ടികയേക്കാൾ 10.42 ലക്ഷം വോട്ടർമാർ കൂടുതൽ. സംസ്ഥാന കമ്മീഷൻ രാഷ്ട്രീയ പാർട്ടി പ്രതിനിധികൾക്ക് വിതരണം ചെയ്ത പ്രത്യേക കുറിപ്പിൽ കേന്ദ്ര കമ്മീഷന്റെ കണക്കുകൾ ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

(ശേഷം 34-ാം പേജിൽ)

# വി.എസ്. അച്യുതാനന്ദൻ അന്തരിച്ചു



തിരുവനന്തപുരം: സിപിഎം സ്ഥാപക നേതാക്കളിൽ ഒരാളും കേരളത്തിന്റെ മുൻ മുഖ്യമന്ത്രിയുമായ വി.എസ്. അച്യുതാനന്ദൻ (102) അന്തരിച്ചു. സമരഭരിതമായ ഒരു കാലത്തിന്റെ അടയാളവാക്യമായ, കേരള ചരിത്രത്തിന്റെ ഏടുകളിൽ ജ്വലിക്കുന്ന ആ പേര് ഇനി ഓർമ. ഇന്ന് വൈകുന്നേരമായിരുന്നു അന്ത്യം.

ഏറെക്കാലമായി രോഗബാധിതനായിരുന്നു അദ്ദേഹം. രോഗം മൂർച്ഛിച്ചതിനെത്തുടർന്ന് ആശുപത്രിയിലായിരുന്നു. 2006 മുതൽ 2011 വരെ കേരളത്തിന്റെ മുഖ്യമന്ത്രിയായി. 2016-ൽ ഇടതുമുന്നണി വീണ്ടും അധികാരത്തിൽ വന്നപ്പോൾ കാബിനറ്റ് റാങ്കോടെ ഭരണപരിഷ്കാര കമ്മീഷൻ അദ്ധ്യക്ഷനായി.

1923 ഒക്ടോബർ 20-ന് പുന്നപ്രയിൽ വേലിക്കകത്ത് വീട്ടിൽ ശങ്കരന്റെയും അക്കമ്മയുടെയും മകനായി ജനിച്ച വി.എസ്. 1940 മുതൽ ഇടതുപ്രസ്ഥാനത്തിന്റെ സഹയാത്രികനാണ്. ആലപ്പുഴ ഡിവിഷൻ സെക്രട്ടറി, ജില്ലാ സെക്രട്ടറി, സിപിഐ ദേശീയ സമിതിയംഗം എന്നീ നിലകളിൽ പ്രവർത്തിച്ചു. 1964-ൽ പാർട്ടി പിളർന്നതോടെ സിപിഎം കേന്ദ്രക്കമ്മിറ്റി അംഗമായി. 1985 മുതൽ 2009 വരെ സിപിഎം പോളിറ്റ്ബ്യൂറോ അംഗമായിരുന്നു. മൂന്നു തവണ സംസ്ഥാന സെക്രട്ടറിയും രണ്ടു തവണ പ്രതിപക്ഷ നേതാവുമായി.

1965-ൽ സ്വന്തം തട്ടകമായ അമ്പലപ്പുഴയിലായിരുന്നു നിയമസഭയിലേക്കുള്ള കന്നിമത്സരം.

(ശേഷം 34-ാം പേജിൽ)

# പഹൽഗാം ചർച്ച: പാർലമെന്റിൽ പ്രതിപക്ഷ പ്രതിഷേധം

ന്യൂഡൽഹി: ഒരുമാസം നീണ്ടു നിൽക്കുന്ന വർഷകാല പാർലമെന്റ് സമ്മേളനത്തിന് പ്രതിഷേധത്തോടെ തുടക്കം. സമ്മേളനത്തിനു മുന്നോടിയായി പ്രധാനമന്ത്രി മാധ്യമങ്ങളെ കണ്ടു. പഹൽഗാം ആക്രമണത്തിനു പിന്നിൽ പ്രവർത്തിച്ച പാക്കിസ്ഥാന് ശക്തമായ തിരിച്ചടി നല്കിയെന്ന് മോദി പറഞ്ഞു. ഓപ്പറേഷൻ സിന്ദൂർ നൂറു ശതമാനം വിജയമായിരുന്നു. ഇന്ത്യയുടെ സൈനികശക്തി ലോകം കണ്ടു. വർഷകാല സമ്മേളനത്തിൽ ക്രിയാത്മക ചർച്ചകളുണ്ടാകുമെന്നും പ്രധാനമന്ത്രി പറഞ്ഞു.

ലോക്സഭയിലെ ചോദ്യോത്തര വേളയ്ക്കിടെ സ്പീക്കറുടെ ചെയറിനടുത്ത് പ്രതിപക്ഷം മുദ്രാവാക്യം ഉയർത്തി. പിന്നാലെ ലോക്സഭ ഉച്ചയ്ക്ക് 12 മണി വരെ നിർത്തിവെച്ചിരുന്നു. സഭ പുനാരംഭിച്ചപ്പോഴും പ്രതിപക്ഷം പ്രതിഷേധമുദ്രാവാക്യം ഉയർത്തി. പിന്നാലെ രണ്ട് മണിവരെ നിർത്തിവെച്ചു. പ്രതിഷേധക്കാർ പുറത്തുപോകണമെന്നു സ്പീക്കർ ഓം ബിർള ആവശ്യപ്പെട്ടു. സഭയിലുള്ളവർ ചട്ടവും മര്യാദയും പാലിക്കണമെന്നും സ്പീക്കർ പറഞ്ഞു.

പാർലമെന്റ് സമ്മേളനത്തിൽ പുതിയ അംഗങ്ങൾ സത്യപ്രതിജ്ഞ ചെയ്തു. സി. സദാനന്ദൻ രാജ്യസഭാംഗമായി സത്യപ്രതിജ്ഞ ചെയ്തു. ദൈവനാമത്തിൽ മലയാളത്തിലായിരുന്നു സത്യപ്രതിജ്ഞ.

ജിഎസ്ടി ഭേദഗതി ബിൽ, ഐഐഎം ഭേദഗതിബിൽ, ജൻ വിശ്വാസ് ബിൽ, മൈൻസ് ആൻഡ് മിനറൽസ് ബിൽ, നാഷണൽ ആന്റി ഡോപ്പിംഗ് ബിൽ ഉൾപ്പെടെ പുതിയ എട്ടു ബില്ലുകൾ സമ്മേളനത്തിൽ അവതരിപ്പിക്കും. ആദായനികുതി ബിൽ, ഇന്ത്യൻ പോർട്സ് ബിൽ അടക്കം നേരത്തെ അവതരിപ്പിച്ച ഏഴ് ബില്ലുകളിലും ചർച്ചയുണ്ടാകും.



വർഷകാല സമ്മേളനത്തിനു മുന്നോടിയായി മാധ്യമങ്ങളെ കാണുന്ന പ്രധാനമന്ത്രി നരേന്ദ്രമോദി. കേന്ദ്രമന്ത്രിമാരായ കിരൺ റിജിജു, ഡോ. ജിതേന്ദ്ര സിങ്, എൻ. മുരുകൻ, അർജുൻ റാം മേഘ്വാൾ എന്നിവർ സമീപം.

എയർ ഇന്ത്യ വിമാനാപകടവുമായി ബന്ധപ്പെട്ട് വ്യോമയാന മന്ത്രാലയത്തിന്റെ ഉത്തരം തേടി അമ്പതോളം ചോദ്യങ്ങൾ എംപിമാർ തയാറാക്കിയിട്ടുണ്ട്. ഇന്ത്യയും പാക്കിസ്ഥാനും തമ്മിലുള്ള വെടിനിർത്തലിന് മധ്യസ്ഥത വഹിച്ചുവെന്നും ബിഹാറിലെ വോട്ടർ പട്ടിക

(ശേഷം 34-ാം പേജിൽ)

# ഫൊക്കാനയുടെ പ്രഥമ പ്രസിഡന്റ് ഡോ. എം. അനിരുദ്ധൻ അന്തരിച്ചു



ജോസ് കണിയാലി

ചിക്കാഗോ: ഫൊക്കാനയുടെ പ്രഥമ പ്രസിഡന്റും അമേരിക്കൻ മലയാളികളുടെ പ്രിയപ്പെട്ട സുഹൃത്തുമായിരുന്ന ഡോ.എം. അനിരുദ്ധൻ അന്തരിച്ചു. മൂന്ന് തവണ ഫൊക്കാന പ്രസിഡന്റ് ആയി സേവനമനുഷ്ഠിച്ച ഡോ. അനിരുദ്ധൻ ഫൊക്കാനയുടെ എക്കാലത്തേയും മികച്ച പ്രസിഡന്റാണ്. ഫൊക്കാനയെ കേരളത്തിൽ അവതരിപ്പിച്ച് 'ഫൊക്കാന കേരള പ്രവേശം' 2001-ൽ ആദ്യമായി കേരളാ കൺവൻഷൻ സംഘടിപ്പിച്ചതും അദ്ദേഹമാണ്. നോർക്ക ഡയറക്ടർ ബോർഡ് അംഗം, മാതൃഭൂമി ഡയറക്ടർ ബോർഡ് അംഗം എന്നീ നിലകളിൽ പ്രവർത്തിച്ചിരുന്ന അദ്ദേഹം അമേരിക്കയിലെ അറിയപ്പെടുന്ന ബിസിനസുകാരൻ കൂടിയാണ്. ചിക്കാഗോ മലയാളി അസോസിയേഷന്റെ മുൻ പ്രസിഡന്റുകൂടിയാണ് ഡോ. അനിരുദ്ധൻ.

(ശേഷം 4-ാം പേജിൽ)

# മഹാരാഷ്ട്രയിൽ ഭാഷയെച്ചൊല്ലി ആക്രമണം

മുംബൈ: മറാഠിയിൽ സംസാരിക്കാത്തതിന് സ്ത്രീയെ ഭീഷണിപ്പെടുത്തി ആൾക്കൂട്ടം. മുംബൈയിലെ ഘട്ട്കോപറിലാണ് സംഭവം. ഇതിന്റെ വീഡിയോ ദൃശ്യങ്ങൾ പുറത്തായിട്ടുണ്ട്. വീടിനു മുന്നിൽനിന്ന സഞ്ചിര ദേവി എന്ന സ്ത്രീയെയാണ് പുരുഷസംഘം തടഞ്ഞുനിർത്തിയത്. ഇവരോടു വഴിയിൽനിന്നു മാറാൻ സഞ്ചിര ആവശ്യപ്പെട്ടെങ്കിലും മറാഠിയിൽ സംസാരിക്കാൻ പുരുഷന്മാർ നിർബന്ധിക്കുകയായിരുന്നു.

മറാഠി സംസാരിക്കാൻ സഞ്ചിര വിസമ്മതിച്ചതോടെ വാക്കേറ്റമായി. 'മറാഠിയിൽ സംസാരിക്ക്, ഇത് മഹാരാഷ്ട്രയാണ്' – ആൾക്കൂട്ടത്തിൽ ഒരാൾ സഞ്ചിറയുടെ മുഖത്തേക്ക് വിരൽ ചൂണ്ടി പറയുന്നത് വീഡിയോയിൽ കാണാം. ഇതേസമയം, മറ്റുള്ളവർ സ്ത്രീക്കുനേരെ ആക്രോശിക്കുന്നുണ്ട്.

'പറ്റില്ല, നിങ്ങൾ ഹിന്ദിയിൽ സംസാരിക്ക്, നിങ്ങൾ ഹിന്ദുസ്ഥാനികളല്ലേ? നിങ്ങൾ ഹിന്ദുസ്ഥാനിൽ ഉള്ളവരല്ലേ' – എന്ന് സഞ്ചിര ആൾക്കൂട്ടത്തോടു പറയുന്നതും കേൾക്കാം. ഇതിന് 'മഹാരാഷ്ട്ര, മഹാരാഷ്ട്ര' – എന്നാണ് കൂട്ടത്തിലൊരാൾ മറുപടി പറയുന്നത്. രംഗം വഷളാകാൻ തുടങ്ങിയതോടെ ആരോ പോലീസിനെ വിളിച്ചറിയിച്ചു. എന്നാൽ പോലീസ് എത്തുന്ന സമയംകൊണ്ട് പുരുഷന്മാർ രക്ഷപ്പെട്ടു.

മഹാരാഷ്ട്രയിൽ ഭാഷയെച്ചൊല്ലിയുള്ള ആക്രമണങ്ങൾ തുടരുകയാണ്. മറാഠി സംസാരിക്കാൻ വിസമ്മതിക്കുന്നവർക്കെതിരെ രാജ് താക്കറെയുടെ മഹാരാഷ്ട്ര ഭവനനിർമാണ് സേനയാണ് മുൻനിരയിലുള്ളത്. നേരത്തെ മറാഠി സംസാരിക്കാത്തതിന് മുംബൈയിലെ ഒരു കടയുടമയും ആക്രമണത്തിനിരയായിരുന്നു.

# ബിഷപ് ഡോ. കെ. റൂബൻ മാർക്ക് സിഎസ്ഐ മോഡറേറ്റർ

ചെന്നൈ: സിഎസ്ഐ സഭാദ്ധ്യക്ഷനായി കരിംനഗർ ബിഷപ്പും നിലവിലെ ഡെപ്യൂട്ടി മോഡറേറ്ററുമായ ഡോ. കെ. റൂബൻ മാർക്കിനെ തെരഞ്ഞെടുത്തു. മദ്രാസ് ഹൈക്കോടതി നിയോഗിച്ച അഡ്മിനിസ്ട്രേറ്റർ ജസ്റ്റിസ് വി. ഭാരതിദാസന്റെ മേൽനോട്ടത്തിലായിരുന്നു തെരഞ്ഞെടുപ്പ്.



കേരളത്തിലെ മഹാ ഇടവകകളിൽ നിന്നടക്കമുള്ള പ്രതിനിധികളാണ് തെരഞ്ഞെടുപ്പിൽ പങ്കെടുത്തത്. കൗൺസിൽ രൂപീകരിക്കാത്ത സൗത്ത് കേരള മഹായിടവകയിൽ നിന്നൊഴികെ കേരളത്തിലെ മറ്റെല്ലാ മഹാ ഇടവകകളിൽ നിന്നുമുള്ള ബിഷപ്പുമാർ അടക്കം 318 പ്രതിനിധികളാണ് വോട്ടെടുപ്പിൽ പങ്കെടുത്തത്.

മദ്രാസ് ഹൈക്കോടതി ഉത്തരവിനെത്തുടർന്ന് മുൻ മോഡറേറ്റർ ബിഷപ് ധർമരാജ് റസാലം സ്ഥാനം ഒഴിയേണ്ടിവന്നിരുന്നു. തുടർന്നാണ് പുതിയ സഭാദ്ധ്യക്ഷനായുള്ള തെരഞ്ഞെടുപ്പ് നടന്നത്. സ്ഥാനമൊഴിഞ്ഞ ഡോ. ബിഷപ് ധർമരാജ് റസാലത്തിന്റെ പക്ഷക്കാരനാണ് ഇദ്ദേഹം. ആറു മാസമാണ് പുതിയ മോഡറേറ്ററുടെ കാലാവധി.

സിഎസ്ഐ സഭാ മോഡറേറ്ററായി ബിഷപ് ധർമരാജ് റസാലത്തെ തെരഞ്ഞെടുത്തത് 2024 ഏപ്രിലിൽ റദ്ദാക്കിയ ഹൈക്കോടതി, സുതാര്യമായി തെരഞ്ഞെടുപ്പ് പ്രക്രിയ നടത്താൻ വിരമിച്ച ഹൈക്കോടതി ജഡ്ജിമാരായ ജസ്റ്റിസ് ആർ. ബാലസുബ്രഹ്മണ്യം, ജസ്റ്റിസ് വി. ഭാരതിദാസൻ എന്നിവരെ അഡ്മിനിസ്ട്രേറ്റർമാരായും നിയോഗിച്ചിരുന്നു. ഈ ഉത്തരവ് സുപ്രീംകോടതി ശരിവെച്ചതിനെ തുടർന്നാണ് തെരഞ്ഞെടുപ്പിനുള്ള നടപടികൾ തുടങ്ങിയത്.

# 'ഓപ്പറേഷൻ ക്ലീൻ വീൽസ്': ഒറ്റ ദിവസം വിജിലൻസ് പിടിച്ചെടുത്തത് പത്തു ലക്ഷം രൂപ

തിരുവനന്തപുരം: മോട്ടോർ വാഹന വകുപ്പിന്റെ സംസ്ഥാനത്തെ 81 ഓഫീസുകളിൽ 'ഓപ്പറേഷൻ ക്ലീൻ വീൽസ്' എന്ന പേരിൽ വിജിലൻസ് നടത്തിയ മിന്നൽ പരിശോധനയിൽ വ്യാപക പണപ്പിരിവും ക്രമക്കേടും കണ്ടെത്തി. ആർടി, സബ് ആർടി ഓഫീസുകളിൽ നിന്ന് ജൂലൈ 19-ന് ശനിയാഴ്ച വൈകുന്നേരം 4.30-നു തുടങ്ങി രാത്രി 11.30 വരെ നീണ്ട പരിശോധനയിൽ യുപിഐ അടക്കമുള്ള കൈക്കൂലി ഇനത്തിൽ ഉദ്യോഗസ്ഥർക്കു കൊടുക്കാനായി കൊണ്ടുവന്നതും കൊടുത്തതുമായ പത്ത് ലക്ഷം രൂപയുടെ ഇടപാടുകളാണു കണ്ടെത്തിയത്. വിവിധ സ്ഥലങ്ങളിൽ പണം എത്തിച്ച ഏജന്റുമാരെയും പിടികൂടി.

വിവിധ സേവനങ്ങൾക്ക് ജനങ്ങളിൽനിന്ന് ഏജന്റുമാർ മുഖേന ഉദ്യോഗസ്ഥർ വ്യാപകമായി കൈക്കൂലി വാങ്ങുന്നതായാണ് കണ്ടെത്തൽ. 17 ആർടി ഓഫീസുകളിലും 64 സബ് റീജണൽ ട്രാൻസ്പോർട്ട് ഓഫീസുകളിലുമായിരുന്നു മിന്നൽ പരിശോധന.

വിവിധ ഓഫീസുകളിലെ ഉദ്യോഗസ്ഥർക്ക് കൈക്കൂലി നൽകാനായി എത്തിയ 11 ഏജന്റുമാരിൽനിന്ന് 1.40 ലക്ഷം രൂപ പിടിച്ചെടുത്തു. ഉദ്യോഗസ്ഥരുടെ യുപിഐ ഇടപാടിലെ പ്രാഥമിക പരിശോധനയിൽ 21 ഉദ്യോഗസ്ഥർ വിവിധ ഏജന്റുമാരിൽനിന്ന് 7.84 ലക്ഷം രൂപ കൈക്കൂലി കൈപ്പറ്റിയതായി കണ്ടെത്തി. വൈക്കം എസ്ആർടി ഓഫീസിൽ ജനലിൽ പണം ഒളിപ്പിച്ച നിലയിലും നിലമ്പൂർ എസ്ആർടിഒ പരിസരത്ത് വലിച്ചെറിഞ്ഞ നിലയിൽ 49,300 രൂപയും കണ്ടെത്തി. നിലമ്പൂരിൽ ഏജന്റുമാരിൽനിന്ന് ഉദ്യോഗസ്ഥർ 42,743 രൂപ കൈപ്പറ്റിയതായും കണ്ടെത്തി. ചെറിയ തെറ്റുകൾ ചൂണ്ടിക്കാട്ടി നേരിട്ടുള്ള അപേക്ഷ നിരസിച്ച് ഏജന്റുമാർ വഴി സേവനങ്ങൾ നൽകി കൈക്കൂലി വാങ്ങുന്നതാണ് മോട്ടോർവാഹന വകുപ്പിലെ രീതി.

അപേക്ഷകളിൽ സീനിയോറിറ്റി മറികടന്ന് വേഗം തീരുമാനമെടുക്കുന്നു. ഡ്രൈവിംഗ് ടെസ്റ്റ് പാസാക്കുന്നതിന് ഡ്രൈവിംഗ് സ്കൂൾ ഉടമകൾ അപേക്ഷകരിൽനിന്നു പണപ്പിരിവ് നടത്തി ഉദ്യോഗസ്ഥർക്ക് കൈക്കൂലിയായി നൽകുന്നു. പുതിയ വാഹനങ്ങളുടെ രജിസ്ട്രേഷൻ അനുവദിക്കാൻ ഷോറൂമുകളിലെ ഏജന്റുമാർ മുഖേന ക്ലറിക്കൽ ഉദ്യോഗസ്ഥരും മോട്ടോർ വാഹന എൻഫോഴ്സ്മെന്റ് ഉദ്യോഗസ്ഥരും കൈക്കൂലി വാങ്ങുന്നു.

ഫിറ്റ്നസ് സർട്ടിഫിക്കറ്റിനായി ഏജന്റുമാർ മുഖേന ലഭിക്കുന്ന അപേക്ഷകളിൽ, ഉദ്യോഗസ്ഥർ പരിശോധന നടത്താതെയും ചട്ടപ്രകാരം വാഹനങ്ങൾക്കുണ്ടായിരിക്കേണ്ട മാനദണ്ഡങ്ങൾ ഉറപ്പു വരുത്താതെയും കൈക്കൂലി വാങ്ങി ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകുകയാണ്.

തിരുവനന്തപുരം ജില്ലയിലെ ഓഫീസുകളിൽ മാത്രം ഒരു ലക്ഷം രൂപയുടെ കൈക്കൂലി ഇടപാട് കണ്ടെത്തി. തിരുവനന്തപുരം ആർടിഒയിലെ ഉദ്യോഗസ്ഥന് ഗൂഗിൾ പേ വഴി 82,203 രൂപയും ഏജന്റുമാരിൽനിന്ന് കൈപ്പറ്റി. തിരുവല്ലയിലെ ഉദ്യോഗസ്ഥർക്ക് നൽകാൻ ഏജന്റ് കൊണ്ടുവന്ന 4000 രൂപ പിടിച്ചു. ഇതേ ഏജന്റ് ഉദ്യോഗസ്ഥർക്ക് 2500 രൂപ ഗൂഗിൾ പേ അയച്ചു. പരിശോധന ഇനിയും തുടരുമെന്നും ആർടി ഓഫീസ് ഉദ്യോഗസ്ഥരുടെയും ഏജന്റുമാരുടെയും അക്കൗണ്ട് സ്റ്റേറ്റ്മെന്റുകൾ ഉൾപ്പെടെ ശേഖരിച്ച് വിശദ പരിശോധന നടത്തുമെന്നും വിജിലൻസ് ഡയറക്ടർ മനോജ് ഏബ്രഹാം അറിയിച്ചു.

# ഡിജിറ്റൽ റവന്യൂ കാർഡ് പദ്ധതിക്ക് അംഗീകാരം

തിരുവനന്തപുരം: കേന്ദ്ര സർക്കാരിന്റെ ഭരണപരിഷ്കരണ വകുപ്പ് സംസ്ഥാന സഹകരണ സംരംഭക പദ്ധതിയുടെ കീഴിൽ നടപ്പാക്കുന്ന ഇനങ്ങളിൽ ഒന്നാമതായി കേരളത്തിന്റെ ഡിജിറ്റൽ റവന്യൂ കാർഡ് പദ്ധതി ഇടംപിടിച്ചു.

ഡിജിറ്റൽ സർവേ പൂർത്തിയാകുന്ന വില്ലേജുകളിൽ നവംബർ ഒന്നു മുതൽ പ്രാബല്യത്തിൽ വരത്തക്ക വിധമാണ് നടപടി പുരോഗമിക്കുന്നത്.

വില്ലേജുകൾ സ്മാർട്ട് ആക്കുന്നതിനോടൊപ്പം സ്മാർട്ട് സേവനങ്ങളും എന്ന സങ്കല്പം സാക്ഷാത്കരിക്കാനും മുൻഗണന നല്കുന്നുണ്ട്.

# ഡോ. എം. അനിരുദ്ധൻ അന്തരിച്ചു

(3-ാം പേജിൽനിന്നും)

ഓച്ചിറ സ്വദേശിയായ അനിരുദ്ധൻ കൊല്ലം എസ്.എൻ. കോളജിൽ നിന്നാണ് എം.എസ്.സി ചെയ്തത്. രസതന്ത്രത്തിൽ ഗവേഷണത്തിനായാണ് 1973-ൽ അമേരിക്കയിലേക്ക് പോയത്. ടെക്സസിലെ എ. ആൻഡ് എം. സർവകലാശാലയിൽ ആണവ രസതന്ത്രം (ന്യൂക്ലിയർ കെമിസ്ട്രി) അദ്ധ്യാപകനായിരിക്കെ ന്യൂട്രീഷ്യൻ മേഖലയിലേക്ക് തിരിഞ്ഞു. പിന്നീട് ഈ വിഷയത്തിലും പിഎച്ച്.ഡി. എടുത്തു. തുടർന്ന് ലോകത്തിലെ ഏറ്റവും വലിയ പോഷകാഹാര ഉത്പാദകരായ സാൻഡോസിന്റെ ഗവേഷണവിഭാഗം തലവനായി 10 വർഷം തുടർന്നു. കുട്ടികൾക്കായുള്ള പോഷകങ്ങൾ വികസിപ്പിച്ചെടുക്കുന്നതിൽ ഏറെ വർഷം ഗവേഷണം നടത്തി. പിന്നീടാണ് സ്വന്തമായി വ്യവസായ ശൃംഖല വികസിപ്പിച്ചെടുക്കുന്നത്. സാൻഡോസിന് വേണ്ടി, അമേരിക്കയിലെ ആദ്യത്തെ സ്പോർട്സ് ന്യൂട്രീഷ്യൻ ഉത്പന്നം ഐസോ സ്റ്റാർ വികസിപ്പിച്ചെടുത്തത് അനിരുദ്ധൻ അടങ്ങുന്ന സംഘമായിരുന്നു. പോഷക ഗവേഷണ, ഉത്പാദന രംഗത്തും പ്രവാസി ഇന്ത്യക്കാരുടെ സാമൂഹിക ക്ഷേമത്തിനും നൽകിയ സംഭാവനകൾ പരിഗണിച്ച് അനിരുദ്ധന് പ്രവാസി ഭാരതീയ സമ്മാൻ പുരസ്കാരം ലഭിച്ചിട്ടുണ്ട്. 1983-ൽ കെ.ആർ. നാരായണൻ അംബാസഡറായിരിക്കെ, അദ്ദേഹത്തിന്റെ സഹായത്തോടെ വടക്കൻ അമേരിക്കയിലെ മലയാളി കൂട്ടായ്മയായ 'ഫൊക്കാന'യ്ക്ക് രൂപം നൽകിയത് ഡോ. അനിരുദ്ധനാണ്. രണ്ട് പതിറ്റാണ്ടോളം നേതൃനിരയിൽ തുടർന്നു. ഫൊക്കാനയെ ലോകം അറിയുന്ന പ്രവാസി സംഘമവേദിയാക്കി മാറ്റി. നിരവധി ഭക്ഷ്യോത്പാദന കമ്പനികളുടെ കൺസൽട്ടന്റായിരുന്ന അദ്ദേഹം അമേരിക്കൻ ഫുഡ് ആൻഡ് ഡ്രഗ് അഡ്മിനിസ്ട്രേഷന്റെ (എഫ്.ഡി.എ.) ഫുഡ് ലേബൽ റെഗുലേറ്ററി കമ്മിറ്റിയിൽ അംഗമായിരുന്നു. യുഎസ്എയിലെ നാഷണൽ ഫുഡ് പ്രൊസസേഴ്സ് അസോസിയേഷൻ മികച്ച ആർ. ആൻഡ് ഡി. ശാസ്ത്രജ്ഞനുള്ള പുരസ്കാരം നൽകി ആദരിച്ചിരുന്നു. പ്രവാസി ഭാരതീയ പുരസ്കാരം നൽകി കേന്ദ്ര സർക്കാരും അദ്ദേഹത്തെ ആദരിച്ചിട്ടുണ്ട്. ഡോ. അനിരുദ്ധന്റെ ആകസ്മികമായ വേർപാടിൽ ഫൊക്കാന പ്രസിഡന്റ് ഡോ. സജിമോൻ ആന്റണി, ജനറൽ സെക്രട്ടറി ശ്രീകുമാർ ഉണ്ണിത്താൻ, ട്രഷറർ ജോയി ചാക്കപ്പൻ എന്നിവർ അനുശോചനം അറിയിച്ചു.

കേരളാ എക്സ്പ്രസ്സിന്റെ സുഹൃത്തായിരുന്ന ഡോ. അനിരുദ്ധന് ആദരാഞ്ജലികൾ.

കേരളാ എക്സ്പ്രസ്
KERALA EXPRESS
അമേരിക്കൻ മലയാളികളുടെ സമ്പൂർണ്ണ വാർത്താവാരിക
Weekly Newspaper National Edition From Chicago

3425 Cleveland St,
Skokie, Illinois 60076
Tel: 630 728 7956
eFax: 773.304.1917

Volume XXXIII
Number 30
July 21, 2025

*Chief Editor*
K.M. Eapen

*Executive Editor*
Jose Kaniyaly

*Managing Editors*
Joseph Mathew
K.O. Jose, C.P.A.
Titus Eapen

*Cir2culation Manager*
Ajith Eapen

*Office Administration*
Anish Eapen

*Legal Advisor*
Selma C. D'souza

*Manager*
K.M. Thimothy

*Overseas Office*
KERALA EXPRESS
KMC 172-A
C.M.S. College Jn.
Kottayam - 686001
Kerala, India
Tel : + 91 481-2561203

*Co-ordinating Editor*
Mani Samuel

*News Editor*
Mini Mani

*Graphics*
Samuel Mani

*Consultant Editor*
Prof. Babu Poozhikunnel

*Special Correspondent*
Anil Pennukkara

DISCLAIMER
The advertisements and articles published in Kerala Express denote the views and ideas expressed by the concerned authors or advertisers. Kerala Express is not responsible for the authenticity of articles or advertisements and readers are requested to verify any offers etc. directly with advertiser or author.

## മഹദ്‌വചനം

വിവേകിയായ സുഹൃത്ത് ഈശ്വരന്റെ പ്രതിനിധിയാണ്.

**യൂറിപ്പിഡിസ്**

വിജയം ഒരു വഴിക്കേ നേടാനാകൂ. പരാജയപ്പെടാൻ ഒരുപാടു വഴികളുണ്ട്.

**അരിസ്റ്റോട്ടിൽ**

LIFE MEMBER
MILLION DOLLAR ADVOCATES FORUM
The Top Trial Lawyers In America™

# ACCIDENT ATTORNEYS

AV PREEMINENT®
Peer Rated for Highest Level of Professional Excellence 2025

## LEADING TOP RATED LAW FIRM TRUSTED IN THE COMMUNITY

**Fee Discounts On Certain Cases For Malayalee Clients**

**Home Visits Available**



Steve Crifase
Steve@Crifaselaw.com

## CRIFASE LAW FIRM, LTD.

**312-855-0511**

Free Consultation/Your Call Is Always Welcome
Like A Family Friend



Michael Crifase
Michael@Crifaselaw.com

Crifase Law Firm, Ltd.
8 S. Michigan Avenue, Suite 2000
Chicago, Illinois 60603
CrifaseLaw.Com

BBB ACCREDITED BUSINESS A+ Rating
Better Business Bureau



കേരളാ എക്സ്പ്രസ്
KERALA EXPRESS
അമേരിക്കൻ മലയാളികളുടെ സമ്പൂർണ്ണ വാർത്താവാരിക
Weekly Newspaper National Edition From Chicago

## ദയാവധം നാടിന്റെ രക്ഷയ്ക്ക്

നായ്പ്പല്ലിൽനിന്നു കേരളത്തെ രക്ഷിച്ചേ തീരൂ എന്ന മുറവിളിക്കു സർക്കാർ വൈകിയാണെങ്കിലും ചെവികൊടുത്തിരിക്കുന്നു. രോഗബാധിതരായ നായ്ക്കളെ ദയാവധം നടത്താമെന്ന നിർണായക തീരുമാനത്തിനു സർക്കാരിനെ പ്രേരിപ്പിച്ചതു ക്ഷമ നശിച്ചുള്ള ജനങ്ങളുടെ സമ്മർദംതന്നെയാണ്. അത്രയ്ക്കാണു തെരുവുനായ ശല്യത്തെത്തുടർന്നു കേരളത്തിലെ ജനങ്ങൾ നിത്യവും അനുഭവിച്ചുകൊണ്ടിരിക്കുന്നത്. തെരുവുനായ ആക്രമണം സംസ്ഥാനദുരന്തമായി പരിഗണിച്ചുകൂടേ എന്ന് ഹൈക്കോടതി ഈയിടെ ചോദിക്കുകയുമുണ്ടായി. കേരളമൊട്ടുക്കും മനുഷ്യർ, തെരുവിൽ അലഞ്ഞുതിരിയുന്ന നായകളുടെ ആക്രമണത്തിനു വിധേയരാകുന്ന സ്ഥിതിയാണ്. പേവിഷബാധയേറ്റു കുട്ടികളും മറ്റും മരിക്കുന്ന സാഹചര്യവുമുണ്ട്. ഈവിധത്തിൽ മുന്നോട്ടുപോയാൽ ശരിയാകില്ലെന്നു സർക്കാരിനു തോന്നിയെങ്കിൽ നല്ലതുതന്നെ. പക്ഷേ, ദയാവധംപോലും ഈ പ്രശ്നത്തിനുള്ള പരിമിതപരിഹാരമേ ആകുന്നുള്ളൂവെന്നതു വേറെ കാര്യം.

ആളുകൾക്കു ഭീഷണിയാകുന്നവയുടെ കൂട്ടത്തിൽ പേവിഷബാധയുള്ള നായ്ക്കളുമുണ്ടെന്നതു ഗൗരവം ഇരട്ടിയാക്കുന്നു. പേവിഷബാധയ്ക്കെതിരെ പ്രതിരോധ കുത്തിവെപ്പ് സ്വീകരിച്ചശേഷവും നിരവധിയാളുകൾക്കു മരണം സംഭവിച്ചു. പ്രതിരോധ കുത്തിവെപ്പുകളുടെ ഫലപ്രാപ്തിയിലും വാക്സിനുകളുടെ ഗുണമേന്മയിലും ആളുകൾക്ക് ആശങ്ക വർധിക്കാൻ ഇതു കാരണമാകുകയും ചെയ്തിരിക്കുന്നു. നേരിടുന്ന വെല്ലുവിളിയുടെ ആഴവും, വ്യക്തമാക്കുന്നതു പ്രതിരോധം ശക്തിപ്പെടുത്തേണ്ടതിന്റെ പ്രാധാന്യവുമാണ്. തെരുവ്നായ്ക്കളുടെ ശല്യം നിയന്ത്രിച്ചാൽമാത്രമേ ആളുകൾക്കു ഭീതി കൂടാതെ പുറത്തിറങ്ങാൻ കഴിയൂ എന്നതാണ് നിലവിലെ സ്ഥിതി. വെറ്ററിനറി ഡോക്ടറുടെ സാക്ഷ്യപത്രത്തോടെ മാത്രമാക്കും തെരുവുനായ്ക്കളുടെ ദയാവധം അനുവദിക്കുക.

ഇക്കാര്യത്തിൽ അനുമതി നൽകാനുള്ള ചുമതല തദ്ദേശസ്ഥാപനങ്ങൾക്കാണ് സർക്കാർ നൽകിയിരിക്കുന്നത്. തദ്ദേശകാര്യ മന്ത്രി എം.ബി. രാജേഷിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിലാണ് ഈയൊരു തീരുമാനമുണ്ടായത്. മൃഗങ്ങൾക്കെതിരായ ക്രൂരത തടയൽ നിയമ പ്രകാരമായിരിക്കും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ദയാവധത്തിനുള്ള അനുമതി നൽകുക. നായ്ക്കൾ രോഗബാധിതരാണെന്നു വെറ്ററിനറി വിദഗ്ധന്റെ സർട്ടിഫിക്കറ്റ് കിട്ടിക്കഴിഞ്ഞാൽ ഇവയെ ദയാവധത്തിനു വിധേയമാക്കാം.

പ്രതിരോധത്തിലെ വീഴ്ച പോലെതന്നെ തെരുവുനായയുടെ ആക്രമണത്തിൽ പരുക്കേറ്റവർക്കു നഷ്ടപരിഹാരം നൽകുന്നതിലും സർക്കാരിനു മുന്നോട്ടുപോകാൻ കഴിഞ്ഞിട്ടില്ല. ഒൻപതിനായിരത്തോളം അപേക്ഷകളാണ് സർക്കാരിന്റെ പരിഗണന കാത്തുകിടക്കുന്നത്. കേരളം നേരിടുന്ന ഗുരുതരമായ സാമ്പത്തിക പ്രതിസന്ധിയാണ് ഇക്കാര്യത്തിലും വില്ലനായി നിലനിൽക്കുന്നത്. തെരുവുനായ ആക്രമണം സംസ്ഥാന ദുരന്തത്തിന്റെ പരിധിയിലാക്കിയാൽ ഫണ്ടില്ലെന്ന പ്രശ്നത്തിനു പരിഹാരം ആകില്ലേയെന്നു ഹൈക്കോടതി സർക്കാരിനോട് ചോദിക്കുകയുണ്ടായി. അങ്ങനെ വന്നാൽ, തെരുവുനായയുടെ കടിയേറ്റവർക്കു ദുരന്തനിവാരണ ഫണ്ടിൽനിന്നു നഷ്ടപരിഹാരം നൽകാമല്ലോയെന്നാണു കോടതി ചോദിച്ചത്. തെരുവുനായ ശല്യവുമായി ബന്ധപ്പെട്ട ഹർജികൾ പരിഗണിക്കുന്നതിനിടയാണ് ജസ്റ്റിസ് സി.എസ്. ഡയസിന്റെ ഈ ഒരു പ്രസക്തമായ ചോദ്യമുണ്ടായത്. തെരുവുനായ ആക്രമണവുമായി ബന്ധപ്പെട്ട കാര്യങ്ങൾ സംസ്ഥാന ദുരന്തത്തിന്റെ പരിധിയിൽ കൊണ്ടുവരുന്നതു പരിഗണനയിൽ ഉണ്ടെന്ന നിലപാടാണ് സർക്കാർ കോടതിയിൽ പുലർത്തിയിരിക്കുന്നത്. ഈയൊരു വിഷയത്തിൽ ഇനിയും ജനങ്ങളുടെ ക്ഷമ പരീക്ഷിക്കാതെ ഫലപ്രദമായ ഇടപെടലുകൾക്കു സർക്കാരിന്റെ നിശ്ചയദാർഢ്യം ഉണ്ടാകട്ടെ. എങ്കിൽമാത്രമേ തെരുവുനായ്ക്കൾ കേരളത്തിന്റെ ഉറക്കം കെടുത്തുന്ന അവസ്ഥയ്ക്കു മാറ്റമുണ്ടാകൂ. തെരുവുനായശല്യം പോലെത്തന്നെയാണ് കാടിറങ്ങുന്ന കുരങ്ങ്, പന്നി തുടങ്ങിയ ജീവികളുടെ കാര്യവും. വനസമീപപ്രദേശങ്ങളിൽ ഇത്തരം ജീവികളുണ്ടാക്കുന്ന നാശനഷ്ടം കനത്തതാണ്. കാട്ടുപന്നിയെപ്പോലുള്ളവയെ ക്ഷുദ്രജീവിയായി പ്രഖ്യാപിക്കാനും നിയമത്തിൽ വ്യവസ്ഥയുണ്ട്. എന്നാൽ, ഇതൊക്കെ കണ്ടില്ലെന്നുനടിച്ച് നിഷേധാത്മകനയം തുടരുകയാണ് സർക്കാരുകൾ.

# യുദ്ധം അവസാനിപ്പിക്കണമെന്ന് നെതന്യാഹുവിനോട് മാർപാപ്പ





ജറുസലേം: ഗാസ സിറ്റിയിലെ ഹോളി ഫാമിലി പള്ളിക്കു നേരെ ഇസ്രേലി സേന നടത്തിയ ആക്രമണത്തിൽ മൂന്നു വിശ്വാസികൾ കൊല്ലപ്പെട്ട സംഭവത്തിൽ പ്രതിഷേധം പുകയുന്നതിനിടെ ലെയോ പതിനാലാമൻ മാർപാപ്പയെ ഫോണിൽ വിളിച്ച് പ്രധാനമന്ത്രി ബെഞ്ചമിൻ നെതന്യാഹു ഖേദം പ്രകടിപ്പിച്ചു. മാർപാപ്പയുമായി ഒരു മണിക്കൂർ നീണ്ടുനിന്ന സംഭാഷണം സൗഹാർദ്ദപരമായിരുന്നുവെന്ന് നെതന്യാഹു പറഞ്ഞു.

എത്രയും വേഗം വെടിനിർത്തൽ സാദ്ധ്യമാക്കണമെന്നും ഇതിനായി ചർച്ചകൾ ആരംഭിക്കണമെന്നും മാർപാപ്പ അഭ്യർത്ഥിച്ചു. യുദ്ധം മൂലം ഗാസയിലെ ജനങ്ങൾ പ്രത്യേകിച്ച് കുട്ടികളും വൃദ്ധരും രോഗികളും നേരിടുന്ന കടുത്ത ദുരിതത്തിൽ മാർപാപ്പ ആശങ്ക പ്രകടിപ്പിച്ചു. ഇനി ഇരകൾ ഉണ്ടാകില്ലെന്ന് ഉറപ്പാക്കണം. കൂട്ടക്കൊല അവസാനിപ്പിക്കേണ്ട സമയമാണിത്. സംഭവിച്ചത് ന്യായീകരിക്കാനാകാത്തതാണ്. ഇസ്രയേലിലെയും പലസ്തീൻ പ്രദേശങ്ങളിലെയും ആരാധനാലയങ്ങളെയും എല്ലാ ജനങ്ങളെയും സംരക്ഷിക്കേണ്ടതിന്റെ അടിയന്തര ആവശ്യവും നെതന്യാഹുവിനോട് മാർപാപ്പ വ്യക്തമാക്കി.

ഗാസയിലെ ഏക കത്തോലിക്കാ പള്ളിക്കു നേരെ ഇസ്രയേൽ നടത്തിയ ബോംബാക്രമണത്തിന്റെ പശ്ചാത്തലത്തിൽ ജറുസലേമിലെ ലാറ്റിൻ പാത്രിയർക്കീസ് പിയർബാത്തിസ്ത പിസബല്ലയുമായും ലെയോ പതിനാലാമൻ മാർപാപ്പ ഫോണിൽ സംസാരിച്ചു. ഗാസയിലെ അതീവ ദുരിതസാഹചര്യം കണക്കിലെടുത്ത് ടൺ കണക്കിന് മാനുഷിക സഹായങ്ങളുമായി ജറൂസലേമിലെ ഓർത്തഡോക്സ് പാത്രിയർക്കീസ് തിയോഫിലോസ് മൂന്നാമനോടൊപ്പം കർദ്ദിനാൾ പിയർബാത്തിസ്ത പിസബല്ല ഗാസയിലെത്തിയിട്ടുണ്ട്.

പള്ളിക്കു നേരെയുണ്ടായ ആക്രമണത്തെ യുഎസ് പ്രസിഡണ്ട് ഡോണൾഡ് ട്രംപും യൂറോപ്യൻ രാജ്യങ്ങളും അപലപിച്ചിരുന്നു. നെതന്യാഹുവിനെ ഫോണിൽ വിളിച്ച് ട്രംപ് പ്രതിഷേധം അറിയിച്ചതായാണ് റിപ്പോർട്ട്. ഇക്കാര്യം വൈറ്റ്ഹൗസ് പ്രസ് സെക്രട്ടറി കരോളിൻ ലീവിറ്റ് സ്ഥിരീകരിച്ചു. ട്രംപിന്റെ സമ്മർദ്ദത്തെത്തുടർന്നാണ് നെതന്യാഹു മാർപാപ്പയെ ഫോണിൽ വിളിച്ച് ക്ഷമാപണം നടത്തിയതെന്നാണ് റിപ്പോർട്ട്.

പള്ളിക്കു നേരെയുണ്ടായ ആക്രമണം അബദ്ധവശാൽ സംഭവിച്ചതാണെന്ന് പറഞ്ഞ ഇസ്രേലി സേന മാപ്പു ചോദിച്ചുവെന്നും അറിയിച്ചു. സംഭവത്തെക്കുറിച്ച് അന്വേഷണം നടത്തിവരികയാണെന്നും സാധാരണക്കാരെയും ആരാധനാലയങ്ങളെയും സംരക്ഷിക്കണമെന്നത് പ്രഖ്യാപിത നിലപാടാണെന്നും ഇസ്രേലി പ്രധാനമന്ത്രിയുടെ ഓഫീസ് അറിയിച്ചു.

ഗാസയിലെ ഹോളി ഫാമിലി പള്ളിക്കുനേരെ ഇസ്രേലി സേന നടത്തിയ ഷെല്ലാക്രമണത്തിൽ മൂന്നുപേർ മരിച്ചതിനു പുറമെ വികാരി ഫാ. ഗബ്രിയേൽ റൊമാനെല്ലി ഉൾപ്പെടെ രണ്ടു പേർക്ക് പരുക്കേൽക്കുകയും ചെയ്തിരുന്നു.

# പ്രധാനമന്ത്രി ധൻ–ധന്യ കൃഷി യോജന പദ്ധതിക്ക് പ്രതിവർഷം 24,000 കോടി രൂപ

ന്യൂഡൽഹി: ഇന്ത്യയിലെ 100 ജില്ലകളിൽ ആറു വർഷത്തേക്ക് പ്രതിവർഷം 24,000 കോടി രൂപയുടെ 'പ്രധാനമന്ത്രി ധൻ-ധന്യ കൃഷി യോജന' പദ്ധതിക്ക് കേന്ദ്രമന്ത്രിസഭ അംഗീകാരം നൽകി. 11 വകുപ്പുകളിലെ നിലവിലുള്ള 36 പദ്ധതികളെയും സംസ്ഥാന പദ്ധതികളെയും സംയോജിപ്പിക്കുന്നതിനും പ്രാദേശികമായി സ്വകാര്യ പങ്കാളിത്തത്തിലൂടെയും വിള വൈവിധ്യവത്കരണവും സുസ്ഥിര കാർഷികരീതികളും ഊർജിതപ്പെടുത്തുന്നതിനുമാണ് പദ്ധതി ലക്ഷ്യമിടുന്നത്.

കഴിഞ്ഞ കേന്ദ്രബജറ്റിൽ പ്രഖ്യാപിച്ചിരുന്ന ഈ പദ്ധതി 1.7 കോടി കർഷകർക്ക് സഹായകമാകുമെന്ന് മന്ത്രിസഭായോഗ തീരുമാനങ്ങൾ വിശദീകരിച്ചു കേന്ദ്ര വാർത്താവിതരണ, റെയിൽവേ മന്ത്രി അശ്വനി വൈഷ്ണവ് അറിയിച്ചു. മന്ത്രിസഭായോഗത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി അദ്ധ്യക്ഷനായിരുന്നു. കാർഷിക ഉത്പാദനക്ഷമതയും വിള വൈവിധ്യവത്കരണവും സുസ്ഥിര കാർഷികരീതികളും വർധിപ്പിക്കുകയാണ് പ്രധാനമന്ത്രി ധൻ-ധാന്യ കൃഷി യോജനയുടെ ലക്ഷ്യം.

ഇതോടൊപ്പം വിളവെടുപ്പിനുശേഷമുള്ള സംഭരണം വർധിപ്പിക്കുക, ജലസേചനസൗകര്യങ്ങൾ മെച്ചപ്പെടുത്തുക, വായ്പാലഭ്യത സുഗമമാക്കുക എന്നീ ലക്ഷ്യങ്ങളുമുണ്ട്. പദ്ധതിക്കായി 2025–26 മുതൽ കുറഞ്ഞത് ആറു വർഷത്തേക്ക് പ്രതിവർഷം 24,000 കോടി രൂപ നീക്കിവെക്കും.

നീതി ആയോഗിന്റെ ആസ്പിരേഷണൽ ഡിസ്ട്രിക്റ്റ് പ്രോഗ്രാമിൽനിന്നു പ്രചോദനം ഉൾക്കൊണ്ടാണു ധനമന്ത്രി നിർമല സീതാരാമൻ കഴിഞ്ഞ ഫെബ്രുവരി ഒന്നിലെ കേന്ദ്രബജറ്റിൽ പദ്ധതി പ്രഖ്യാപിച്ചത്. സംസ്ഥാനങ്ങളുമായി സഹകരിച്ച് 'പ്രധാൻമന്ത്രി ധൻ-ധാന്യ കൃഷി യോജന' സർക്കാർ ഏറ്റെടുക്കുമെന്നായിരുന്നു ബജറ്റിൽ നിർദേശിച്ചിരുന്നത്.

കുറഞ്ഞ ഉത്പാദനക്ഷമത, കുറഞ്ഞ വിള തീവ്രത, കുറഞ്ഞ വായ്പാവിതരണം എന്നീ മൂന്നു പ്രധാന സൂചകങ്ങളെ അടിസ്ഥാനമാക്കിയാകും 100 ജില്ലകളെ കണ്ടെത്തുകയെന്ന് കേന്ദ്ര സർക്കാർ അറിയിച്ചു.

ഓരോ സംസ്ഥാനത്തെയും മൊത്തം വിളവും കൃഷിഭൂമിയുടെ വിഹിതവും അടിസ്ഥാനമാക്കിയാകും ജില്ലകളുടെ എണ്ണം തീരുമാനിക്കുക. കേരളമടക്കം എല്ലാ സംസ്ഥാനങ്ങളിലും കുറഞ്ഞത് ഒരു ജില്ലയെ പദ്ധതിക്കായി തെരഞ്ഞെടുക്കുമെന്ന് മന്ത്രി അശ്വനി പറഞ്ഞു.

# പെൻഷൻ ഭരണഘടനാപരമായ അവകാശമെന്ന് സുപ്രീംകോടതി

ന്യൂഡൽഹി: പെൻഷൻ ഭരണഘടനാപരമായ അവകാശമാണെന്നും അത് തൊഴിലുടമയുടെ വിവേചനാധികാരമല്ലെന്നും സുപ്രീംകോടതി വ്യക്തമാക്കി. നിർബന്ധിത വിരമിക്കലിനു വിധേയനായാലും നിയമപരമല്ലാതെ ജീവനക്കാരന് പെൻഷൻ നിഷേധിക്കാൻ കഴിയില്ലെന്നു കോടതി പറഞ്ഞു.

ഡയറക്ടർ ബോർഡ് അംഗങ്ങളുമായി ആലോചിക്കാതെ പെൻഷനിൽ കുറവു വരുത്തരുതെന്ന വ്യവസ്ഥ പാലിക്കാതെ മുൻ ജീവനക്കാരന്റെ പെൻഷൻ മൂന്നിലൊന്നു കുറച്ച സെൻട്രൽ ബാങ്ക് ഓഫ് ഇന്ത്യയുടെ നടപടി റദ്ദാക്കിയാണ് കോടതിയുടെ പരാമർശം.

ബിഹാറിലെ ധൻബാദിൽ ബാങ്കിന്റെ ചീഫ് മാനേജരായിരുന്ന വിജയ് കുമാർ എന്ന ജീവനക്കാരനാണ് ഹർജി നല്കിയത്. വകുപ്പുതല നടപടിയുടെ ഭാഗമായി ബാങ്ക് നിർബന്ധിത വിരമിക്കൽ ആവശ്യപ്പെടുകയായിരുന്നു. പെൻഷൻ മൂന്നിലൊന്നായി കുറയ്ക്കുകയും ചെയ്തു.

ഈ നടപടി പട്ന ഹൈക്കോടതി ശരിവെച്ചു. തുടർന്നാണ് സുപ്രീംകോടതിയെ സമീപിച്ചത്. വിഷയം രണ്ട് മാസത്തിനുള്ളിൽ പുനഃപരിശോധിക്കാൻ ബാങ്കിനോട് കോടതി നിർദേശിച്ചു.

# ദേശീയ ന്യൂനപക്ഷ കമ്മീഷന്റെ സ്ഥിതി ദയനീയം

ന്യൂഡൽഹി: അഞ്ചു വർഷമായി ക്രൈസ്തവ അംഗമില്ലാതെ ദേശീയ ന്യൂനപക്ഷ കമ്മീഷൻ. ചെയർപേഴ്സൺ ഉൾപ്പെടെ കമ്മീഷനിലെ അഞ്ച് അംഗങ്ങൾ വിരമിച്ചതോടെ ന്യൂനപക്ഷങ്ങളുടെ അവകാശസംരക്ഷണത്തിനായി അർധ ജുഡീഷൽ അധികാരങ്ങളോടെ രൂപം നൽകിയ കമ്മീഷൻ ഫലത്തിൽ പ്രവർത്തനരഹിതമായി. അധ്യക്ഷനും ഉപാധ്യക്ഷനും അടക്കമുള്ള ഏഴംഗ കമ്മീഷനിലെ എല്ലാ സീറ്റും ഒഴിഞ്ഞതോടെ ന്യൂനപക്ഷ കമ്മീഷൻ അനാഥമായി. ന്യൂനപക്ഷങ്ങളുടെയും സ്ഥാപനങ്ങളുടെയും വിദ്യാഭ്യാസ അവകാശം സംരക്ഷിക്കാനായി 2004-ൽ രൂപീകരിച്ച ദേശീയ ന്യൂനപക്ഷ വിദ്യാഭ്യാസ കമ്മീഷനിലും ന്യൂനപക്ഷ പ്രാതിനിധ്യം ഇല്ലാതായിട്ടു വർഷങ്ങളായി.

കേന്ദ്ര ന്യൂനപക്ഷകാര്യ സഹമന്ത്രി ജോർജ് കുര്യൻ അഞ്ചു വർഷം മുമ്പ് 2020 മാർച്ച് 31-ന് വിരമിച്ചശേഷം ദേശീയ ന്യൂനപക്ഷ കമ്മീഷനിലെ ക്രൈസ്തവ പ്രാതിനിധ്യം പൂർണമായി ഇല്ലാതായിരുന്നു. 2017 മേയിലാണു ജോർജ് കുര്യനെ ദേശീയ ന്യൂനപക്ഷ കമ്മീഷൻ ഉപാധ്യക്ഷനായി നിയമിച്ചത്. ചെയർമാന്റെയും ഉപാധ്യക്ഷന്റെയും അടക്കം ആറ് അംഗങ്ങളുടെ ഒഴിവുകളിൽ ഇതുവരെ പുതിയ നിയമനങ്ങളൊന്നും നടത്തിയിട്ടില്ല.

ക്രൈസ്തവ അംഗത്തെ അഞ്ചു വർഷത്തിലേറെയായി നിയമിക്കാതിരുന്നതുമൂലം കഴിഞ്ഞ കമ്മീഷനിൽ ആകെ ആറു പേരാണുണ്ടായിരുന്നത്. ഇവരെല്ലാം മൂന്നുവർഷ കാലാവധി പൂർത്തിയാക്കി വിരമിച്ചതോടെ നിലവിൽ കമ്മീഷനിൽ ഒരംഗംപോലുമില്ലാതായി. 2017-ൽ ചെയർപേഴ്സണും നിരവധി അംഗങ്ങളും ഇല്ലാതെ മാസങ്ങളോളം തുടർന്നിരുന്നു. ന്യൂനപക്ഷ കമ്മീഷനിലെ ഒഴിവുകൾ നികത്തണമെന്ന് 2021-ൽ ഡൽഹി ഹൈക്കോടതി കേന്ദ്രസർക്കാരിനോടു ആവശ്യപ്പെട്ട ശേഷമാണു പിന്നീട് നിയമനം നടത്തിയത്. 1992-ലെ ദേശീയ ന്യൂനപക്ഷ കമ്മീഷൻ നിയമപ്രകാരം ആറ് ന്യൂനപക്ഷസമുദായങ്ങളിൽനിന്ന് ഓരോ അംഗത്തെ നിയമിക്കേണ്ടതുണ്ട്.

മുസ്‌ലിം, ക്രിസ്ത്യൻ, സിക്ക്, ബുദ്ധ, പാർസി, ജൈന സമുദായങ്ങളിൽനിന്ന് ഓരോരുത്തരും ഹിന്ദു ഉൾപ്പെടെ ഏതെങ്കിലും സമുദായത്തിൽനിന്ന് ഒരാളുമാണ് ദേശീയ ന്യൂനപക്ഷ കമ്മീഷനിലെ പ്രാതിനിധ്യം. ഇന്ത്യയിലെ ന്യൂനപക്ഷ സമുദായങ്ങളുടെ താത്പര്യങ്ങൾ സംരക്ഷിക്കുന്നതിനുള്ള ദേശീയ ന്യൂനപക്ഷ കമ്മീഷന്റെ അധ്യക്ഷനായിരുന്ന ഇക്ബാൽ സിംഗ് ലാൽപുര കഴിഞ്ഞ ഏപ്രിലിൽ വിരമിച്ചു. പഞ്ചാബ് നിയമസഭാ തെരഞ്ഞെടുപ്പിൽ ബിജെപി ടിക്കറ്റിൽ മത്സരിച്ചെങ്കിലും ലാൽപുര പരാജയപ്പെട്ടു.

യുപിഎ സർക്കാരിന്റെ കാലത്ത് കേന്ദ്ര മാനവശേഷി മന്ത്രാലയത്തിനു കീഴിൽ ന്യൂനപക്ഷങ്ങളുടെ വിദ്യാഭ്യാസ അവകാശങ്ങൾ സംരക്ഷിക്കാൻ രൂപീകരിച്ച അർധജുഡീഷൽ സ്ഥാപനമായ ദേശീയ ന്യൂനപക്ഷ വിദ്യാഭ്യാസ കമ്മീഷന്റെ സ്ഥിതിയും ദയനീയമാണ്. മുൻ ചെയർപേഴ്സൺ റിട്ട. ജസ്റ്റീസ് നരേന്ദർ കുമാർ ജെയിൻ 2023 സെപ്റ്റംബറിൽ കാലാവധി പൂർത്തിയാക്കിയതിനുശേഷം രണ്ടു വർഷത്തോളമായി ന്യൂനപക്ഷ വിദ്യാഭ്യാസ കമ്മീഷനിൽ സാഹിദ് അക്തർ എന്ന ഒറ്റയംഗം മാത്രമാണുള്ളത്. ദേശീയ ന്യൂനപക്ഷ കമ്മീഷനിലെ നിയമനങ്ങൾ വൈകുന്നത് ന്യൂനപക്ഷ വിദ്യാഭ്യാസ കമ്മീഷന്റെ പ്രവർത്തനത്തെ ബാധിച്ചു. പല സംസ്ഥാനങ്ങൾക്കും ഇപ്പോഴും സംസ്ഥാന ന്യൂനപക്ഷ കമ്മീഷനുകളില്ല.

## 'വയോരക്ഷ' എല്ലാ വയോജനങ്ങൾക്കും ലഭിക്കും

കോട്ടയം: സാമൂഹിക സുരക്ഷാവകുപ്പ് മുഖേന നടപ്പാക്കുന്ന 'വയോരക്ഷ' പദ്ധതിയിൽ നിന്നുള്ള സഹായം ഇനിമുതൽ എല്ലാ വയോജനങ്ങൾക്കും ലഭിക്കും.

2021-22 സാമ്പത്തിക വർഷത്തിൽ ആരംഭിച്ച പദ്ധതിയുടെ പ്രയോജനം ഇതുവരെ ബിപിഎൽ കുടുംബങ്ങളിലെ മുതിർന്ന പൗരന്മാർക്കു മാത്രമാണ് ലഭിച്ചിരുന്നത്.

പദ്ധതി ആനുകൂല്യം ലഭിക്കുന്ന ഗുണഭോക്താക്കളുടെ എണ്ണം എല്ലാ ജില്ലകളിലും കുറവാണെന്നു കണ്ടെത്തിയതോടെയാണ് പുതിയ തീരുമാനം. ഇതിനായി നിലവിലെ മാനദണ്ഡങ്ങളിൽ വ്യക്തത വരുത്തി സാമൂഹിക നീതിവകുപ്പ് ഡയറക്ടർ ഉത്തരവിറക്കി.

ആരും സംരക്ഷിക്കാനില്ലാത്ത വയോജനങ്ങൾക്ക് ചികിത്സ, പുനരധിവാസം, കെയർഗിവറുടെ സേവനം, അത്യാവശ്യ സഹായ ഉപകരണങ്ങൾ എന്നിവ നല്കുന്നതിന് ജില്ലാ സാമൂഹിക നീതി ഓഫീസർക്ക് 25,000 രൂപ വരെ അടിയന്തര ഘട്ടത്തിൽ പദ്ധതിയിലൂടെ അനുവദിക്കാം. രണ്ട് ലക്ഷം രൂപ വരെ കളക്ടർ ചെയർമാനായ ജില്ലാ മോണിറ്ററിങ് കമ്മിറ്റിയുടെ മുൻകൂർ അനുമതിയോടെയും അനുവദിക്കാം.

ഇനി മുതൽ മക്കളും ബന്ധുക്കളുമുണ്ടായിട്ടും ആരുടെയും സഹായമില്ലാതെ ഒറ്റയ്ക്കു കഴിയുന്ന പ്രായമായ വ്യക്തികൾക്കും പദ്ധതി ആനുകൂല്യം ലഭിക്കും. അടിയന്തര സാഹചര്യത്തിലുള്ള വയോജനങ്ങളെ ആശുപത്രിയിൽ എത്തിക്കുന്നതിനും ആംബുലൻസ് സേവനം, പ്രാഥമിക പരിചരണം, ഭക്ഷണം, മരുന്ന്, കെയർ ഗിവർ സേവനം എന്നിവ ലഭ്യമാക്കുന്നതിനു വയോജനങ്ങളുടെ സാമ്പത്തിക സ്ഥിതി ബാധകമാക്കില്ല.

മക്കളുണ്ടായിട്ടും ഉപേക്ഷിക്കപ്പെട്ട നിലയിൽ കണ്ടെത്തുന്ന വയോജനങ്ങളെ സുരക്ഷിതമായി പുനരധിവാസ കേന്ദ്രങ്ങളിൽ എത്തിക്കുന്നതിനും ഫണ്ട് വിനിയോഗിക്കും.

## വൈദ്യുത ലൈനിലേക്ക് ഒടിഞ്ഞുവീണ മരത്തിൽ ബൈക്കിടിച്ചു ഷോക്കേറ്റ് വിദ്യാർഥി മരിച്ചു

പനവൂർ: വൈദ്യുത ലൈനിലേക്ക് ഒടിഞ്ഞുവീണ മരത്തിൽ ബൈക്കിടിച്ച് തെറിച്ച വിദ്യാർഥി, ലൈനിൽനിന്ന് ഷോക്കേറ്റു മരിച്ചു. നെടുമങ്ങാട് പനയമുട്ടം വെള്ളായണി മൺപുറം അജയ വിലാസത്തിൽ സുരേഷ് കുമാറിന്റെയും ശാലിനിയുടെയും മകൻ അക്ഷയ് സുരേഷ് (19) ആണ് മരിച്ചത്.

ജൂലൈ 19-ന് ശനിയാഴ്ച രാത്രി 12 മണിയോടെ സുഹൃത്തുക്കൾക്കൊപ്പം കേറ്ററിങ് ജോലികഴിഞ്ഞു മടങ്ങുന്നതിനിടെ പനവൂർ-പനയമുട്ടം റോഡിൽ പാമ്പാടി ദാറുസ്സലാം മസ്ജിദ് മദ്രസയ്ക്കു മുന്നിലായിരുന്നു അപകടം. പഴക്കമുള്ള പോസ്റ്റിനു ബലമായി കെട്ടിയിരുന്ന സ്റ്റേ വയർ ദ്രവിച്ച് പൊട്ടിപ്പോയിരുന്നു.



ബൈക്കിൽ ഒപ്പമുണ്ടായിരുന്ന പനയമുട്ടം പഴവിള സ്വദേശി അമൽനാഥ് (19), പൂവക്കാട് കൊപ്പം സ്വദേശി എം.എ. വിനോദ് (29) എന്നിവർക്കു നിസ്സാര പരുക്കേറ്റു. ബൈക്ക് എത്തുന്നതിന് അൽപം മുൻപ്, ഉണങ്ങിയ റബർ മരം വൈദ്യുത ലൈനിലേക്ക് ഒടിഞ്ഞുവീണതിനെ തുടർന്ന് പോസ്റ്റിന്റെ അടിഭാഗം ഒടിഞ്ഞ് റോഡിലേക്കു പതിച്ചിരുന്നു. വൈദ്യുത കമ്പി മരത്തിൽ ചേർന്നു കിടക്കുകയായിരുന്നു. ഇരുട്ടിൽ, മരവും പോസ്റ്റും വീണതറിയാതെ ബൈക്ക് ഇടിച്ചു കയറി. അക്ഷയ് വൈദ്യുത കമ്പിയിലേക്കും മറ്റുള്ളവർ പുറത്തേക്കും തെറിച്ചുവീണു. നിലവിളി കേട്ട് എത്തിയ നാട്ടുകാർക്കും ലൈനിൽ വൈദ്യുതിയുണ്ടായിരുന്നതിനാൽ രക്ഷാപ്രവർത്തനം നടത്താൻ കഴിഞ്ഞില്ല. പിന്നീട്, തുണി കാലിൽചുറ്റി വലിച്ച് പുറത്തേക്കെടുത്ത അക്ഷയിനെ ആശുപത്രിയിൽ എത്തിച്ചെങ്കിലും രക്ഷിക്കാനായില്ല. നെടുമങ്ങാട്ടെ പാരൽ കോളജിൽ ബിരുദ വിദ്യാർഥിയായിരുന്നു. സഹോദരൻ: അർജുൻ.

## ഇറാൻ-യൂറോപ്പ് ആണവചർച്ച ഇസ്തംബൂളിൽ

ടെഹ്റാൻ: ആണവപദ്ധതി സംബന്ധിച്ചു ബ്രിട്ടൻ, ഫ്രാൻസ്, ജർമ്മനി എന്നീ രാജ്യങ്ങളുമായി അടുത്തയാഴ്ച ഇറാൻ ചർച്ച നടത്തുമെന്ന് ഇറാൻ വിദേശകാര്യ വക്താവ് ഇസ്മായിൽ ബാഗെയി പ്രസ്താവിച്ചു. യൂറോപ്യൻ യൂണിയൻ വിദേശനയ മേധാവി കായ കാലസ്, ഇറാൻ വിദേശകാര്യമന്ത്രി അബ്ബാസ് അറഗ്ചിയുമായി നടത്തിയ ചർച്ചയ്ക്കു പിന്നാലെയാണ് തീരുമാനം.

കരാർ പുനഃസ്ഥാപിക്കാൻ ചർച്ച നടത്തുന്നില്ലെങ്കിൽ അടുത്ത മാസാവസാനത്തോടെ ഇറാനെതിരെ കൂടുതൽ ഉപരോധം ഏർപ്പെടുത്തുമെന്നും വൻശക്തികൾ മുന്നറിയിപ്പ് നല്കിയിരുന്നു. 2015-ൽ ഇറാനും വൻശക്തികളുമായുണ്ടാക്കിയ ആണവകരാറിൽ നിന്ന് യുഎസ് 2018-ൽ ഏകപക്ഷീയമായി പിന്മാറിയിരുന്നു.

## കേരളത്തിലെ അണക്കെട്ടുകൾ ജലസമൃദ്ധം

കോട്ടയം: മഴ ശക്തമായതോടെ സംസ്ഥാനത്തെ ജലസംഭരണികൾ നിറയുന്നു. കെഎസ്ഇബിയുടെ 16 ജലസംഭരണികളിലെ ശരാശരി ജലനിരപ്പ് 61 ശതമാനത്തിലെത്തി. ഏഴു വർഷത്തിനിടെ ഏറ്റവും ഉയർന്ന കണക്കാണിത്. പ്രളയമുണ്ടായ 2018-ലാണ് ശരാശരി ജലനിരപ്പ് 60 ശതമാനം പിന്നിട്ടത്. വൈദ്യുതി ഉല്പാദനം വർദ്ധിപ്പിച്ചിട്ടും ജലനിരപ്പ് താഴുന്നില്ല. വൃഷ്ടി പ്രദേശങ്ങളിൽ ശക്തമായ മഴ ലഭിക്കുന്നതാണ് കാരണം.2526.065 ദശലക്ഷം യൂണിറ്റ് വൈദ്യുതി ഉല്പാദിപ്പിക്കാനുള്ള ജലമാണ് ഒഴുകിയെത്തിയത്. പുറത്തുനിന്ന് വൻ വില നല്കി വൈദ്യുതി വാങ്ങിയിരുന്ന കെഎസ്ഇബിക്ക് ഇത് ആശ്വാസമാണ്.



വേനൽമഴയ്ക്ക് പിന്നാലെ കാലവർഷം കൂടി ശക്തമായതോടെ അണക്കെട്ടുകളിലെ ആകെ ജലനിരപ്പ് മേയിൽ 37 ശതമാനവും ജൂണിൽ 43-മായിരുന്നു. സംസ്ഥാനത്ത് ഏറ്റവും കൂടുതൽ വൈദ്യുതോല്പാദനം നടക്കുന്ന ഇടുക്കി പദ്ധതിയിൽ 57 ശതമാനം വെള്ളമുണ്ട്. ഒരു മാസമായി 55-നും 60-നും ഇടയിലാണ് ജലശേഖരം. 2408.5 അടിയാണ് ഇവിടുത്തെ പരമാവധി ജലനിരപ്പ്.കഴിഞ്ഞ 17 ദിവസത്തിനിടെ സംസ്ഥാനത്ത് പെയ്ത മഴയിൽ 32 ശതമാനം വർദ്ധന. ഈ സമയത്ത് ശരാശരി 841.1 മില്ലിമീറ്റർ മഴയാണ് പെയ്യേണ്ടത്. എന്നാൽ ജൂലൈ ഒന്നു മുതൽ 17 വരെ ശരാശരി 1115.7 മില്ലിമീറ്റർ മഴ കിട്ടി.

## പുഴമണൽ ഖനനം നിയമക്കുരുക്കിൽ

കോട്ടയം: ആവർത്തിക്കുന്ന പ്രളയദുരിതങ്ങൾ നേരിടാൻ നദികളിലെ മണൽവാരി ആഴം കൂട്ടാനുള്ള നടപടി നിയമക്കുരുക്കിൽ. മണൽ വാരാൻ റവന്യൂ വകുപ്പ് പുറത്തിറക്കിയ സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രൊസീജിയർ പരിഷ്കരിച്ച ശേഷമേ മണൽ വാരാനാകൂ.

മണൽ ഖനനത്തിന് മൈനിംഗ് ആൻഡ് ജിയോളജി വകുപ്പിന്റെ അനുമതി വേണമെന്ന വ്യവസ്ഥ ഉൾപ്പെടുത്തി ചട്ടം പരിഷ്കരിക്കണം. എട്ടു ജില്ലകളിലെ 17 നദികളിൽ നിന്ന് മണൽ വാരാൻ റവന്യൂ വകുപ്പ് മാർച്ചിൽ നല്കിയ അനുമതി ഇതോടെ അസാധുവായി.

കരിങ്കൽ ക്വാറികളിലെ അനിയന്ത്രിതമായ സ്ഫോടനവും പാറഖനനവും ഉരുൾപൊട്ടലിനും മണ്ണിടിച്ചിലിനും കാരണമാകുന്നതു തടയിടാൻ കൂടിയാണ് നദികളിൽ അടിഞ്ഞ മണൽ വാരി വിൽക്കാൻ തീരുമാനിച്ചത്. 2018-ലേതുൾപ്പെടെ മഹാപ്രളയങ്ങളുടെ തീവ്രത കൂട്ടിയത് പുഴകൾക്ക് വെള്ളം ആവാഹിക്കാനുള്ള ശേഷി കുറഞ്ഞതുകൊണ്ട് കൂടിയാണെന്ന് വിവിധ പഠനങ്ങളിൽ കണ്ടെത്തിയിരുന്നു.

ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലാൻഡ് ആൻഡ് ഡിസാസ്റ്റർ മാനേജ്മെന്റ് തയ്യാറാക്കിയ പന്ത്രണ്ടിന മാർഗ്ഗനിർദേശങ്ങൾ അംഗീകരിച്ചാണ് റവന്യൂവകുപ്പ് മണൽ വാരാൻ ഉത്തരവിറക്കിയത്. 2006-ലെ പരിസ്ഥിതി ആഘാതപഠന വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിൽ മണൽവാരലിനു പാരിസ്ഥിതിക അനുമതി വേണമെന്ന നിർദേശം 2015-ൽ നടപ്പാക്കിയതോടെയാണ് 2016 ജനുവരി മുതൽ മണൽഖനനം നിർത്തിവെക്കാൻ തീരുമാനമായത്.

14 പുഴകളിൽ നിന്ന് ഒന്നേമുക്കാൽ കോടി ടൺ മണൽ വാരാനാകുമെന്നാണ് റവന്യൂ വകുപ്പിന്റെ മണൽ ഓഡിറ്റിംഗിൽ കണ്ടെത്തിയത്. മണൽ ലേലത്തിലൂടെ സർക്കാരിന് രണ്ടായിരം കോടി വരുമാനം ലഭിക്കും. ഭാരതപ്പുഴ, കടലുണ്ടി, ചാലിയാർ നദികളിൽ നിന്നു മാത്രം 200 കോടി രൂപയുടെ ഖനനം നടത്താം.

ഹരിത ട്രിബ്യൂണലിന്റെ നിബന്ധനയനുസരിച്ച് സംസ്ഥാനത്തെ 44 നദികളിൽ 33 എണ്ണത്തിലാണ് ഓഡിറ്റിംഗ് നടത്തിയത്. അച്ചൻകോവിൽ, മൂവാറ്റുപുഴ, പെരിയാർ, ഭാരതപ്പുഴ, ചാലിയാർ, കടലുണ്ടി, വളപട്ടണം, ശ്രീകണ്ഠപുരം, പെരുമ്പ, ഷിറിയ, ഉപ്പള. ചന്ദ്രഗിരി, മൊഗ്രാൽ നദികളിൽ നിന്നാണ് മണൽ വാരാൻ തീരുമാനം.

ഇതനുസരിച്ച് ഭാരതപ്പുഴ, കടലുണ്ടി, ചാലിയാർ നദികളിൽ മണൽ വാരാൻ ടെൻഡറായെങ്കിലും നടപടി റദ്ദാക്കേണ്ടിവന്നു. ഒമ്പതു വർഷത്തിനു ശേഷമാണ് സംസ്ഥാനത്തെ നദികളിലെ മണൽവാരലിനു തീരുമാനമായത്. 2020-ൽ കേന്ദ്ര പരിസ്ഥിതി മന്ത്രാലയം പുറത്തിറക്കിയ സുസ്ഥിര മണൽവാരൽ മാർഗനിർദേശങ്ങൾക്കും നിരീക്ഷണ മാർഗങ്ങൾക്കും അടിസ്ഥാനമായാണ് വീണ്ടും മണൽ വാരാനുള്ള തീരുമാനം. ജില്ലാ കളക്ടർ അധ്യക്ഷനായ സമിതികൾക്കാണ് മേൽനോട്ടം.

# ഉമ്മൻ ചാണ്ടി രാഷ്ട്രീയഗുരു: രാഹുൽ

പുതുപ്പള്ളി: മുൻ മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി തനിക്കും പല തലങ്ങളിൽ കേരളത്തിലെ എല്ലാവർക്കും ഗുരുവാണെന്ന് ലോക്സഭ പ്രതിപക്ഷനേതാവ് രാഹുൽ ഗാന്ധി. ഗുരു അദ്ധ്യാപകൻ മാത്രമല്ല, വഴികാട്ടിയുമാണ്. പ്രസംഗിച്ചോ നിർദേശിച്ചോ അല്ല ഉമ്മൻ ചാണ്ടി വഴി കാട്ടിയത്. മറിച്ച് മനുഷ്യസ്നേഹിയായ അദ്ദേഹം പ്രവൃത്തിയിലൂടെ എല്ലാവർക്കും വഴികാട്ടി. പുതുപ്പള്ളി സെന്റ് ജോർജ് ഓർത്തഡോക്സ് പള്ളി മൈതാനിയിൽ ഉമ്മൻ ചാണ്ടിയുടെ രണ്ടാം ചരമവാർഷിക അനുസ്മരണം ഉദ്ഘാടനം ചെയ്യുകയായിരുന്നു രാഹുൽ ഗാന്ധി.

2004 മുതൽ രാഷ്ട്രീയത്തിൽ പ്രവർത്തിക്കുന്ന തനിക്ക് വിശാലമായ അനുഭവസമ്പത്ത് ഇല്ലെങ്കിലും കൃത്യമായ രാഷ്ട്രീയ നിരീക്ഷണമുണ്ട്. മനുഷ്യവികാരങ്ങളും വിചാരങ്ങളും ആശങ്കകളും മനസിലാക്കുന്നതിൽ അഗ്രഗണ്യനായിരുന്നു ഉമ്മൻ ചാണ്ടിയെന്ന് ബോധ്യപ്പെട്ടിട്ടുണ്ട്. ഒരളവോളം കേരളീയർക്കായി അദ്ദേഹം സ്വയം ഇല്ലാതാകുകയായിരുന്നു. ഭാരത് ജോഡോ യാത്ര നടത്തിയപ്പോൾ ആരോഗ്യവും രോഗാവസ്ഥയും വകവെക്കാതെ, ഡോക്ടർമാർ വിലക്കിയിട്ടും ഒപ്പം നടക്കാൻ വന്നു. പല തവണ വിലക്കിയിട്ടും അദ്ദേഹം സമ്മതിച്ചില്ല. കുറച്ചു ദൂരം നടന്നതിനുശേഷം നിർബന്ധിച്ച് അദ്ദേഹത്തെ കാറിൽ കയറ്റുകയായിരുന്നു. ഉമ്മൻ ചാണ്ടി ഒരു വ്യക്തി മാത്രമല്ല, കേരള രാഷ്ട്രീയത്തിന്റെ ആവിഷ്കാരമാണ്. ഉമ്മൻ ചാണ്ടിയെപ്പോലെ ഒരുപാട് ആളുകളെ വളർത്തിക്കൊണ്ടുവരുക എന്നതാണ് എന്റെ ആഗ്രഹം. ഒരു ന്യായവുമില്ലാത്ത ക്രൂരമായ രാഷ്ട്രീയ ആക്രമണമാണ് അദ്ദേഹം നേരിട്ടത്. പ്രതിയോഗികൾ നുണക്കഥകൾ പറഞ്ഞുകൊണ്ടേയിരുന്നു.

അക്കാലത്ത് അദ്ദേഹവുമായി ഫോണിൽ സംസാരിച്ചപ്പോഴൊക്കെ ആരോപണം ഉന്നയിച്ച ഒരാളെക്കുറിച്ചും അദ്ദേഹം ദേഷ്യത്തോടെ സംസാരിച്ചിട്ടില്ല. ഒരിക്കലും മനസ് ചഞ്ചലപ്പെടാതെ വിനയാന്വിതനായി ജനങ്ങൾക്കുവേണ്ടി പ്രവർത്തനനിരതനായി. ശ്രവണശേഷി കുറഞ്ഞ കുട്ടികൾക്കുള്ള സ്മൃതി തരംഗം പോലുള്ള പദ്ധതികൾ വോട്ട് കിട്ടാവുന്ന പദ്ധതിയല്ല. എന്നാൽ, കേരളത്തിലെ ഓരോ കുഞ്ഞും മറ്റുള്ളവരെ കേൾക്കണമെന്ന് ഉമ്മൻ ചാണ്ടി ആഗ്രഹിച്ചു. മറ്റുള്ളവരെ മനസ്സിലാക്കാനും കേൾക്കാനും കഴിയുന്ന രാഷ്ട്രീയം എന്നാണ് ഇതിനെ വിശേഷിപ്പിക്കേണ്ടത്. ജനങ്ങളുടെ സ്നേഹവും വികാരവും മനസിലാക്കാൻ സാധിച്ചില്ലെങ്കിൽ ആർക്കും നേതാവാകാൻ പറ്റില്ല. രാഷ്ട്രീയത്തിൽ നിൽക്കാൻ പറ്റണമെങ്കിൽ ജനങ്ങളെ കേൾക്കാൻ പറ്റണം. ഉമ്മൻ ചാണ്ടിയുടെ രണ്ടാം ചരമവാർഷികത്തിൽ അദ്ദേഹത്തെപ്പറ്റി ഇത്രയും പറയാൻ സാധിച്ചത് വലിയ ആദരവായി കരുതുന്നു. യുവനേതാക്കൾ ഉമ്മൻ ചാണ്ടിയുടെ പാത പിന്തുടരണം. കേരളത്തിൽ അങ്ങനെയുള്ള ഒരു രാഷ്ട്രീയസാഹചര്യം ഞാൻ ഉറ്റുനോക്കുന്നു: രാഹുൽ പറഞ്ഞു.



മുൻ മുഖ്യമന്ത്രി ഉമ്മൻ ചാണ്ടിയുടെ രണ്ടാം ചരമവാർഷിക ദിനത്തിൽ പുതുപ്പള്ളി സെന്റ് ജോർജ് ഓർത്തഡോക്സ് പള്ളിയിലെ ഉമ്മൻ ചാണ്ടിയുടെ കബറിടത്തിലെത്തിയ രാഹുൽ ഗാന്ധി പ്രണാമം അർപ്പിക്കുന്നു.

# മിൽക്ക് എ.ടി.എമ്മിന് പ്രചാരമേറുന്നു

കോട്ടയം: പശുവളർത്തൽ കുറഞ്ഞതോടെ അയൽവക്ക വീടുകളിൽ നിന്നു പാൽ കിട്ടാനില്ല. സൊസൈറ്റികളിൽ രാവിലെ നിശ്ചിത സമയത്ത് എത്തിയാൽ മാത്രമേ പാൽ കിട്ടൂ. പായ്ക്കറ്റ് പാൽ സുലഭമാണെങ്കിലും തൃപ്തി പോരാ എന്നിങ്ങനെയുള്ള പരാതികൾക്ക് പരിഹാരമായുള്ള മിൽക്ക് എ.ടി.എമ്മുകളിൽ എത്തുന്നവരുടെ എണ്ണം ഏറുന്നു.

മിൽക്ക് എ.ടി.എമ്മോ? ഇതൊക്കെ എത്രനാൾ ഓടും എന്നു ചോദിച്ചവരെയൊക്കെ തള്ളിയാണ് ജില്ലയിൽ മിൽക്ക് എ.ടി.എമ്മുകൾക്ക് പ്രചാരമേറുന്നത്. ശുദ്ധമായ പാൽ ഏതു സമയത്തും ലഭിക്കുമെന്നതാണ് മിൽക്ക് എ.ടി.എമ്മിന്റെ പ്രത്യേകത. ജില്ലയിൽ വിവിധയിടങ്ങളിലായി പത്ത് മെഷീനുകളാണ് സ്ഥാപിച്ചിരിക്കുന്നത്. പാമ്പാടി ബ്ലോക്കിനു കീഴിൽ ആറും പള്ളം ബ്ലോക്കിനു കീഴിൽ മൂന്നും കാണക്കാരിയിൽ ഒന്നും എ.ടി.എമ്മാണ് സ്ഥാപിച്ചിരിക്കുന്നത്.

ജില്ലയിലെ ആദ്യത്തെ മിൽക്ക് എ.ടി.എം സ്ഥാപിച്ചത് പാമ്പാടി ബ്ലോക്കിൽ കിഴിമല അരീപ്പറമ്പിലാണ്. ക്ഷീര സഹകരണ സംഘങ്ങളുടെ കീഴിലാണ് പ്രവർത്തനം. അഞ്ചു ലക്ഷം രൂപ ചെലവഴിച്ചാണ് നിർമ്മാണം. രണ്ട് ലക്ഷം രൂപ ബ്ലോക്ക് പഞ്ചായത്തിന്റെയും ബാക്കി ക്ഷീര സംഘത്തിന്റെയും തനത് ഫണ്ടുമാണ്.

നൂറു ലിറ്റർ പാലാണ് ആദ്യകാലങ്ങളിൽ മെഷീൻ മുഖേന വിറ്റിരുന്നത്. ഇപ്പോഴത് 200 ലിറ്റർ വരെയായി. 300 ലിറ്ററാണ് മെഷീന്റെ സംഭരണശേഷി. ഒരു ലിറ്ററിന് 60 രൂപയാണ് വില. അരീപ്പറമ്പ് സംഘത്തിനു കീഴിൽ 56 രൂപയാണ് ലിറ്റർ വില. മണർകാട്ടെ എ.ടി.എമ്മിലാണ് ഏറ്റവും കൂടുതൽ വില്പന. 170 ലിറ്റർ വരെ ഇവിടെപ്രതിദിനം വിറ്റഴിക്കപ്പെടുന്നുണ്ട്. 60 ലിറ്റർ മാത്രം വിറ്റഴിക്കുന്ന അകലക്കുന്നത്താണ് ഏറ്റവും കുറവ്.

എല്ലാദിവസവും രാവിലെ മെഷീൻ ചൂടുവെള്ളത്തിൽ വൃത്തിയാക്കി അണുനശീകരണം നടത്തിയശേഷമാണ് പാൽ നിറയ്ക്കുന്നത്. അതാത് ദിവസത്തെ പാലിന് 72 മണിക്കൂർ സമയപരിധിയുണ്ട്. 4 ഡിഗ്രി സെൽഷ്യസിൽ തണുപ്പിച്ചാണ് ഇത് സൂക്ഷിക്കുന്നത്. അതിനാൽ ഏതു ഗുണനിലവാരത്തിലാണോ പാൽ ഒഴിക്കുന്നത് അതേ ആ രീതിയിൽ ഏതു രീതിയിലും നിലകൊള്ളും. പാൽ മിച്ചം വരുന്നത് വിരളമാണെന്ന് അധികൃതർ പറയുന്നു. ക്യാഷ്, ഗൂഗിൾ പേ തുടങ്ങിയ രീതിയിലും ബില്ല് അടയ്ക്കാം.

ഡൽഹി കേന്ദ്രമായി പ്രവർത്തിക്കുന്ന പ്യൂവൽ ലോ കമ്പനിക്കാണ് അറ്റകുറ്റപ്പണികളുടെ ചുമതല. ആളുകൾ കൂടുതലായി എത്തുന്ന സ്ഥലത്താണ് പ്രധാനമായും മെഷീനുകൾ സ്ഥാപിക്കുന്നത്. കൂടുതൽ ആളുകളിലേക്ക് മിൽക്ക് എ.ടി.എമ്മിന്റെ പ്രവർത്തനം വ്യാപിപ്പിക്കാനുള്ള നീക്കത്തിലാണ് അധികൃതർ.

# രോഗം ബാധിച്ച തെരുവ് നായകൾക്ക് ദയാവധം

തിരുവനന്തപുരം: സംസ്ഥാനത്ത് രോഗം ബാധിച്ച തെരുവ് നായക്കളെ ദയാവധം നടത്താൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി. വെറ്ററിനറി വിദഗ്ദ്ധന്റെ സാക്ഷ്യപത്രത്തോടു കൂടി ദയാവധം നടത്താനാണ് സർക്കാർ അനുമതി നല്കിയിരിക്കുന്നത്. മന്ത്രി എം.ബി. രാജേഷിന്റെ നേതൃത്വത്തിൽ ചേർന്ന യോഗത്തിലാണ് തീരുമാനം. മൃഗങ്ങൾക്കെതിരായ ക്രൂരത തടയൻ നിയമപ്രകാരമാണ് ഈ അനുമതി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കു നല്കുക.

തെരുവ്നായ വന്ധ്യംകരണത്തിനായി തദ്ദേശ സ്വയംഭരണ വകുപ്പ് 152 ബ്ലോക്കുകളിലായി മൊബൈൽ പോർട്ടബിൾ എബിസി കേന്ദ്രങ്ങൾ ആരംഭിക്കും. തെരുവ്നായ്ക്കളുടെ വാക്സിനേഷനായി അടുത്തമാസം വിപുലമായ വാക്സിനേഷൻ യജ്ഞം നടത്തും.

ഒരു പോർട്ടബിൾ എബിസി യൂണിറ്റിന് 28 ലക്ഷം രൂപയാണ് ചെലവ്. ഓർഡർ നല്കിയാൽ യൂണിറ്റുകൾ ലഭിക്കാൻ രണ്ട് മാസം വേണ്ടിവരും. ഇക്കാലയളവിൽ യൂണിറ്റുകൾ പ്രവർത്തിപ്പിക്കുന്നതിന് അനുയോജ്യമായ സ്ഥലം പഞ്ചായത്തും മുനിസിപ്പാലിറ്റിയും കണ്ടെത്തും.






# പരിസ്ഥിതിമേഖല: നിയന്ത്രണം സാഹചര്യമനുസരിച്ച്

ന്യൂഡൽഹി: സംരക്ഷിതവനങ്ങളോടുചേർന്ന് പരിസ്ഥിതിലോല മേഖലകൾ (ഇഎസ്സെഡ്) നിർണയിക്കുന്നതിനുള്ള മാർഗരേഖകളിൽ മാറ്റം വരുത്താനൊരുങ്ങി കേന്ദ്രം. ഓരോ പ്രദേശത്തിന്റെയും പാരിസ്ഥിതിക, സാമൂഹിക, സാമ്പത്തിക യാഥാർഥ്യങ്ങൾ ഉൾക്കൊണ്ടുള്ള പ്രായോഗികമാറ്റമാകാമെന്ന് കേന്ദ്ര വനം-പരിസ്ഥിതിമന്ത്രി ഭൂപേന്ദ്രയാദവ് പറഞ്ഞു. ജൂൺ 26-നുചേർന്ന ദേശീയ വന്യജീവിബോർഡ് സ്റ്റാൻഡിങ് കമ്മിറ്റി യോഗത്തിലാണ് പരാമർശം. മാർഗരേഖാപരിഷ്കരണത്തിനായി കുറിപ്പു തയ്യാറാക്കി വിവിധ മന്ത്രാലയങ്ങളുടെയും സംസ്ഥാനങ്ങളുടെയും അഭിപ്രായങ്ങൾക്കായി കൈമാറണമെന്ന് കമ്മിറ്റിയുടെ അധ്യക്ഷൻകൂടിയായ മന്ത്രി നിർദേശിച്ചു. അതിനുശേഷം പരിസ്ഥിതിലോല മേഖലാ, വന്യജീവി ഡിവിഷനുകളുടെ കൺസൾട്ടേഷൻ യോഗങ്ങൾ വിളിച്ചുചേർക്കും. ഇവയിൽ ഉരുത്തിരിയുന്ന നിർദേശങ്ങൾ വീണ്ടും വന്യജീവിബോർഡ് സ്റ്റാൻഡിങ് കമ്മിറ്റി ചർച്ചചെയ്തശേഷമാകും തീരുമാനം.

സ്റ്റാൻഡിങ് കമ്മിറ്റിയംഗമായ ഡോ. എച്ച്.എസ്. സിങ് ആണ് യോഗത്തിൽ ഇഎസ്സെഡ് വിഷയമുയർത്തിയത്. ഇഎസ്സെഡിന്റെ ഭാഗമായി തയ്യാറാക്കുന്ന സോണൽ മാസ്റ്റർ പ്ലാനിൽ നിർമാണ പ്രവൃത്തികളെ മൂന്നായി തരംതിരിച്ചിട്ടുണ്ട്. സമ്പൂർണമായി നിരോധിച്ചവ, നിയന്ത്രിത അനുവാദമുള്ളവ, അനുമതിയുള്ളവ. ഒരു മേഖലയ്ക്ക് ഗുണകരമായ പ്രവൃത്തി മറ്റൊന്നിന് പാരിസ്ഥിതിക വെല്ലുവിളിയുയർത്താം. അതിനാൽ ഏകീകൃത മാർഗരേഖ പ്രായോഗിക ബുദ്ധിമുട്ടുകളുണ്ടാക്കുന്നെന്ന് സിങ് പറഞ്ഞു.

പ്രദേശത്തിന്റെ പാരിസ്ഥിതികവും ഭൂമിശാസ്ത്രപരവുമായ സാഹചര്യങ്ങൾ നോക്കാതെ സംരക്ഷിതമേഖലയുടെ 10 കിലോമീറ്റർ ചുറ്റളവിൽ സമ്പൂർണനിയന്ത്രണം ഏർപ്പെടുത്തുന്നത് ഇക്കാര്യത്തിന്റെ ഉദ്ദേശ്യലക്ഷ്യത്തെ ഇല്ലാതാക്കുമെന്നാണ് യോഗത്തിൽ മന്ത്രി ഭൂപേന്ദ്ര യാദവ് അഭിപ്രായപ്പെട്ടത്. ഹിമാചൽപ്രദേശ് പോലുള്ള സംസ്ഥാനങ്ങളിൽ 65 ശതമാനം ഭൂപ്രദേശവും സംരക്ഷിതപദവിയുള്ള വനമേഖലയാണ്. ഇവിടെ കർക്കശമായി പരിസ്ഥിതിലോല മേഖലാനിയന്ത്രണം നടപ്പാക്കുന്നത് പ്രാദേശികവികസനത്തെ തടസ്സപ്പെടുത്തും. അങ്ങനെ തടസ്സപ്പെടുത്തുന്നതിന് ആനുപാതികമായ പാരിസ്ഥിതികനേട്ടമുണ്ടാകുന്നുമില്ല.

അതിനാൽ ഇന്ത്യയാകെ ഏകീകൃതരൂപത്തിലുള്ള പരിസ്ഥിതിലോല മേഖലാച്ചട്ടം ആവശ്യമില്ല. എന്നാൽ, നിർണായക ജലസ്രോതസ്സുകളുടെയും കൈവഴികളുടെയും ഉദ്ഭവസ്ഥാനങ്ങളിലും മറ്റുമുള്ള നിയന്ത്രണം പാരിസ്ഥിതിക സന്തുലിതാവസ്ഥയ്ക്ക് അനിവാര്യവുമാണ്- മന്ത്രി പറഞ്ഞു.

## സ്ത്രീധനം കൊടുത്താൽ കുറ്റമില്ല

തിരുവനന്തപുരം: വരനോ ബന്ധുക്കളോ സ്ത്രീധനം വാങ്ങുന്നതു മാത്രം കുറ്റകരമാക്കി 1961-ലെ സ്ത്രീധന നിരോധന നിയമത്തിൽ സുപ്രധാന ഭേദഗതി വരുന്നു. ഇതിനുള്ള കരട് (ദ ഡൗറി പ്രൊഹിബിഷൻ - കേരള അമന്റ്മെൻഡ്-ബിൽ 2025) നിയമപരിഷ്കരണ കമ്മീഷൻ സർക്കാരിന് കൈമാറി. ഇതു പരിശോധിച്ച് ചട്ടഭേദഗതിയിലേക്ക് കടക്കാനാണ് ആലോചന. നിലവിലെ നിയമത്തിൽ സ്ത്രീധനം നൽകുന്നതും വാങ്ങുന്നതും കുറ്റകരമാണ്. എന്നാൽ, സ്ത്രീധനം നൽകിയവരും കുറ്റക്കാരാകുമെന്ന ഭയത്താൽ വധുവിന്റെ ഭാഗത്തുനിന്ന് പരാതി നൽകാൻ മടിക്കും. ഇത് ഒഴിവാക്കാനാണ് നിയമഭേദഗതി. കഴിഞ്ഞ പത്തുവർഷത്തിനിടെ കേരളത്തിൽ 99 സ്ത്രീകൾ സ്ത്രീധനത്തിന്റെപേരിൽ കൊല്ലപ്പെടുകയോ ജീവനൊടുക്കുകയോ ചെയ്തിട്ടുണ്ടെന്നാണ് പോലീസ് കണക്ക്.

വിവാഹത്തിനുശേഷം സ്ത്രീധനത്തിന്റെപേരിൽ സ്ത്രീകൾക്കു നേരേയുണ്ടാകുന്ന ഗാർഹികപീഡനവും സ്ത്രീധനനിരോധന നിയമത്തിന്റെ പരിധിയിൽ കൊണ്ടുവരും. സ്ത്രീധനത്തിന്റെപേരിൽ ഭർത്താവ് നേരിട്ടോ അല്ലാതെയോ ഭാര്യയെ മാനസികമായോ ശാരീരികമായോ പീഡിപ്പിച്ചാൽ രണ്ടു വർഷംവരെ തടവും 25,000 രൂപ പിഴയുമാണ് നിർദേശിച്ചിരിക്കുന്നത്.

ഗാർഹിക പീഡനവും സ്ത്രീധന നിരോധന നിയമത്തിന്റെ പരിധിയിൽ കൊണ്ടുവരും. ഇതിനായി നിയമത്തിൽ പുതിയ വ്യവസ്ഥ കമ്മീഷൻ നിർദേശിക്കുന്നു. നേരിട്ടോ അല്ലാതെയോ സ്ത്രീധനം ആവശ്യപ്പെട്ടാൽ ആറുമാസംമുതൽ രണ്ട്വർഷംവരെ തടവിനൊപ്പം പിഴത്തുക 50,000 രൂപയായി ഉയർത്തി. നിലവിൽ പതിനായിരമായിരുന്നു പിഴ.

## അതുല്യയുടെ മരണം; ഭർത്താവിനെതിരെ കൊലക്കുറ്റത്തിന് കേസ്

ചവറ (കൊല്ലം): ഷാർജ റോളയിലെ ഫ്ളാറ്റിൽ യുവതിയെ മരിച്ച നിലയിൽ കണ്ടെത്തിയ സംഭവത്തിൽ ഭർത്താവിനെതിരെ ചവറ തെക്കും ഭാഗം പൊലീസ് കൊലപാതകക്കുറ്റം ചുമത്തി കേസെടുത്തു. തേവലക്കര കോയിവിള മേലേഴത്ത് ജംഗ്ഷൻ അതുല്യ ഭവനിൽ എസ്.രാജശേഖരൻപിള്ളയുടെ മകൾ ടി. അതുല്യ ശേഖറിനെയാണ് (30) കഴിഞ്ഞ ശനി പുലർച്ചെ വീടിനുള്ളിൽ തൂങ്ങി മരിച്ച നിലയിൽ കണ്ടെത്തിയത്. ശാസ്താംകോട്ട മനക്കര സജി നിവാസിൽ സതീഷ് ശങ്കറിനെതിരെയാണ് പൊലീസ് കേസെടുത്തത്. കൊലപാതകക്കുറ്റത്തിനു പുറമെ സ്ത്രീധന പീഡനം, കൈകൊണ്ടും ആയുധംകൊണ്ടും ശരീരത്തിൽ മാരകമായ പരുക്കേൽപ്പിക്കൽ തുടങ്ങിയ ആറിലധികം വകുപ്പുകളും ചുമത്തിയിട്ടുണ്ട്.



2014-ൽ ആയിരുന്നു ഇവരുടെ വിവാഹം. 43 പവൻ സ്വർണവും ബൈക്കും സ്ത്രീധനം വാങ്ങിയാണ് മകളെ വിവാഹം കഴിപ്പിച്ചതെന്നും ശാരീരികമായും മാനസികമായും പീഡിപ്പിച്ചിരുന്നെന്നും 19-ന് പുലർച്ചെ ഫ്ളാറ്റിൽവെച്ചു മകളെ കൊലപ്പെടുത്തിയെന്നുമാണ് അതുല്യയുടെ അമ്മ പോലീസിനു മൊഴി നൽകിയത്. ഇതുപ്രകാരമാണ് കൊലപാതകക്കുറ്റത്തിനു കേസെടുത്തത്. രണ്ട് വർഷമായി ദുബായിലായിരുന്ന അതുല്യ നാട്ടിൽ വന്ന് മകൾ ആരാധ്യയുമായി (10) മൂന്നുമാസം മുൻപ് തിരികെ പോയെങ്കിലും മകൾക്ക് അവിടെ പഠിക്കാൻ താൽപര്യമില്ലാത്തതുകൊണ്ട് തിരിച്ചു നാട്ടിലേക്കു പോന്നിരുന്നു. അതുല്യയ്ക്കു ഭർത്താവിൽനിന്നു ക്രൂരപീഡനം നേരിട്ടുവെന്നു വെളിവാക്കുന്ന ചിത്രങ്ങളും വിഡിയോകളും പുറത്തു വന്നിട്ടുണ്ട്. ഭർത്താവ് സതീഷ് ശങ്കർ മദ്യപിച്ച് ഭാര്യയെ ഉപദ്രവിക്കുന്നതിന്റെ വീഡിയോയും മർദനമേറ്റ അതുല്യയുടെ ചിത്രങ്ങളുമാണ് പുറത്തുവന്നത്. അതുല്യ തന്നെ ചിത്രീകരിച്ച് തന്റെ സഹോദരിക്ക് അയച്ച ദൃശ്യങ്ങളാണ് ഇവ. സതീഷിന്റെ ഉപദ്രവത്തിനിടെ അതുല്യ നിലവിളിക്കുന്നതും സതീഷ് അശ്ലീലം പറയുന്നതും വീഡിയോയിലുണ്ട്.

'എത്ര വീഡിയോ ചെയ്യുന്നു. നിനക്ക് ബോറാകുന്നില്ലേ' എന്നും 'ഓഫ് ചെയ്യെടീ' എന്നും പറയുന്നതു കാണാം. അതുല്യയുടെ കൈകളിലും കഴുത്തിലും മുഖത്തുമെല്ലാം മുറിവേറ്റതിന്റെ പാടുകളുമുണ്ട്. വീഡിയോകളും ചിത്രങ്ങളും കുടുംബം പോലീസിനു കൈമാറി.

സതീഷ് ശങ്കർ ഭാര്യയെ അടിമയായാണ് കണ്ടിരുന്നത്. ആണുമായും പെണ്ണുമായും സംസാരിക്കാൻ സമ്മതിച്ചിരുന്നില്ല. അതുല്യ ഒരിക്കലും ആത്മഹത്യ ചെയ്യില്ല. ജോലി ചെയ്ത് ജീവിക്കണം എന്ന് എപ്പോഴും പറയുമായിരുന്നു. മകളെ വളർത്താനാണ് ഭർത്താവിന്റെ അടി മുഴുവൻ കൊണ്ടത്. സതീഷ് ഓഫീസിൽ പോകുമ്പോൾ ഷൂ വരെ ധരിപ്പിച്ചു കൊടുക്കുമായിരുന്നു. അതുല്യ സന്തോഷം പുറത്തുകാണിച്ച് ജീവിക്കുകയായിരുന്നെന്നും ബന്ധുക്കൾ പറഞ്ഞു.

സതീഷ് നാട്ടിലും പ്രശ്നക്കാരനായിരുന്നു എന്നാണ് പോലീസിനു ലഭിച്ച വിവരം. അതുല്യ പിണങ്ങി വീട്ടിലെത്തിയ സമയത്ത് പുലർച്ചെ മൂന്ന് മണിക്ക് ഒരു സംഘം ചെറുപ്പക്കാരുമായി സതീഷ് മതിൽ ചാടി കടന്നതായി അയൽവാസി പറഞ്ഞു. വീട്ടുകാരെയും അതുല്യയെയും ഉപദ്രവിക്കാനായിരുന്നു വരവ്. അന്ന് അത് തടസ്സപ്പെടുത്തിയതായും അയൽവാസി പറഞ്ഞു.

മദ്യപിച്ച് ഓഫീസിലെത്തിയതിന് സതീശിന് താക്കീത് ലഭിച്ചിരുന്നതായി ഒപ്പം ജോലി ചെയ്തയാൾ പറഞ്ഞു. മദ്യപിച്ച് വിദേശത്ത് പ്രശ്നമുണ്ടാക്കിയിട്ടുണ്ട്. ഡ്യൂട്ടിക്ക് കൃത്യമായി ഹാജരായിരുന്നില്ലെന്നും ഒപ്പം ജോലി ചെയ്തയാൾ മാധ്യമങ്ങളോട് പറഞ്ഞു.

## മുംബൈയിൽ ലാൻഡിംഗിനിടെ എയർ ഇന്ത്യ വിമാനം തെന്നിമാറി

മുംബൈ: കൊച്ചിയിൽ നിന്നു മുംബൈലേക്ക് പോയ എയർ ഇന്ത്യ വിമാനം ലാൻഡിംഗിനിടെ തെന്നിമാറി. എയർ ഇന്ത്യയുടെ എഐ 2755 എ430 എന്ന വിമാനമാണ് കനത്ത മഴയെത്തുടർന്ന് മുംബൈ വിമാനത്താവളത്തിൽ തെന്നിമാറിയത്. ലാൻഡ് ചെയ്യുന്നതിനിടെ മൂന്നു ടയറുകൾ തകർന്നതായും വിമാനത്തിന്റെ എൻജിനു കേടുപാടുകൾ സംഭവിച്ചതായും സൂചനയുണ്ട്. യാത്രക്കാരും ജീവനക്കാരും സുരക്ഷിതരാണ്.

## ഡ്രൈവിംഗ് ലൈസൻസ് പരിഷ്കരണം: ചില വ്യവസ്ഥകൾ റദ്ദാക്കി


കൊച്ചി: മോട്ടോർ വാഹന വകുപ്പിന്റെ ഡ്രൈവിംഗ് ലൈസൻസ് പരിഷ്കരണത്തിലെ ചില വ്യവസ്ഥകൾ ഹൈക്കോടതി റദ്ദാക്കി. 2024 ഫെബ്രുവരി 21-ന് ഗതാഗത കമ്മീഷണർ ഇറക്കിയ സർക്കുലറിലെ ചില നിർദേശങ്ങൾ കേന്ദ്ര മോട്ടോർ വാഹന ചട്ടങ്ങൾക്കു വിരുദ്ധമാണെന്നു വിലയിരുത്തിയാണ് ജസ്റ്റിസ് എൻ. നഗരേഷിന്റെ ഉത്തരവ്. മോട്ടോർ സൈക്കിളുകൾ കാൽകൊണ്ടു മാറ്റാവുന്ന ഗിയറുള്ളതാകണമെന്നും 95 സിസിയിൽ കൂടുതൽ യന്ത്രശേഷിയുള്ളതാകണമെന്നുമുള്ള സർക്കാർ നിബന്ധനയാണു റദ്ദാക്കിയത്. 18 വർഷത്തിലധികം പഴക്കമുള്ള വാഹനങ്ങൾ ഉപയോഗിക്കരുത്, ലൈറ്റ് മോട്ടോർ വാഹന ലൈസൻസ് ടെസ്റ്റിന് ഓട്ടോമാറ്റിക് വാഹനങ്ങൾ പാടില്ല എന്നീ നിബന്ധനകളും റദ്ദാക്കി.

എന്നാൽ മോട്ടോർ സൈക്കിൾ ലൈസൻസിനുള്ള റോഡ് ടെസ്റ്റ് ട്രാഫിക്കുള്ള റോഡിലാകണമെന്നും നാലു ചക്ര വാഹനങ്ങളുടെ ഗ്രൗണ്ട് ടെസ്റ്റിന് ആംഗുലർ പാർക്കിംഗ്, പാരലൽ പാർക്കിംഗ്, സിഗ്സാഗ് ഡ്രൈവിംഗ്, കയറ്റത്തിൽ നിർത്തിയെടുക്കുന്ന ടെസ്റ്റ് പരിശോധന വേണമെന്നുമുള്ള നിബന്ധനകൾ ശരിവെച്ചു. സർക്കാരിന്റെ ഈ നിബന്ധനകൾ ഡ്രൈവിംഗ് ടെസ്റ്റിന്റെ കാര്യക്ഷമത ഉയർത്തുമെന്ന് കോടതി വിലയിരുത്തി. പുതിയ അപേക്ഷകർ, റീ ടെസ്റ്റുകാർ, അടിയന്തര ആവശ്യക്കാർ എന്നിങ്ങനെ ദിവസേന ഒരു ടീമിൽ 40 ടെസ്റ്റ് എന്ന നിബന്ധനയും ലേണേഴ്സ് ടെസ്റ്റിന് ഇതിന് ആനുപാതികമായ എണ്ണം എന്ന നിബന്ധനയും അംഗീകരിച്ചു.

ഡ്രൈവിംഗ് സ്കൂൾ ഇൻസ്ട്രക്ടർമാരായി സാങ്കേതിക വിദ്യാഭ്യാസമുള്ളവരെ പരിഗണിക്കണമെന്നും സർക്കുലറിൽ നിർദേശമുണ്ടായിരുന്നു. ഇത് കേന്ദ്രചട്ടങ്ങളുടെ പരിധിയിലുള്ള കാര്യമാണെങ്കിലും ഈ യോഗ്യത നിർബന്ധമാക്കിയിട്ടില്ലാത്തതിനാൽ ഇടപെടുന്നില്ലെന്നും കോടതി പറഞ്ഞു. പക്ഷേ, ടെസ്റ്റിന് ഉപയോഗിക്കുന്ന വാഹനങ്ങളിൽ ഡ്രൈവിംഗ് സ്കൂൾ ഉടമകൾ ഡാഷ് ബോർഡ് കാമറ സ്ഥാപിക്കണമെന്നും ടെസ്റ്റ് നടപടികൾ റെക്കോർഡ് ചെയ്യാൻ വെഹിക്കിൾ ലൊക്കേഷൻ ട്രാക്കിംഗ് ഡിവൈസ് സ്ഥാപിക്കണമെന്നും ഡാറ്റ മൂന്നുമാസം ഓഫീസിൽ സൂക്ഷിക്കണമെന്നുമുള്ള നിബന്ധന നിയമപരമായി നിലനിൽക്കില്ലെന്നു കോടതി വ്യക്തമാക്കി.

ട്രാൻസ്പോർട്ട് കമ്മീഷണറുടെ സർക്കുലറിനെതിരെ ഓൾ കേരള മോട്ടോർ ഡ്രൈവിംഗ് സ്കൂൾ ഇൻസ്ട്രക്ടേഴ്സ് ആൻഡ് വർക്കേഴ്സ് അസോസിയേഷൻ അടക്കം നൽകിയ ഹർജികൾ തീർപ്പാക്കിയാണു ഹൈക്കോടതി ഉത്തരവ്. ഗതാഗത കമ്മീഷണറുടെ സർക്കുലറിന്റെ ചുവടുപിടിച്ച് 2024 മേയ് 24-ന് സർക്കാർ ഇറക്കിയ ഉത്തരവിൽ ചില ഇളവുകൾ പ്രഖ്യാപിച്ചിരുന്നു.

## ഫിലിപ്പ് ചാണ്ടി അന്തരിച്ചു



ഡാളസ്: വരാപത്ര-പുതിയപറമ്പിൽ വീട്ടിൽ വി.വി. ചാണ്ടിയുടെയും ഏലിയാമ്മ ചാണ്ടിയുടെയും മകൻ ഫിലിപ്പ് ചാണ്ടി ഡാളസിൽ അന്തരിച്ചു. കുമരകത്ത് വളർന്ന് കോട്ടയം സിഎംഎസ് കോളജിൽ വിദ്യാഭ്യാസം പൂർത്തിയാക്കിയ ഫിലിപ്പ് ചാണ്ടി കോളജിൽ മികച്ച നടനുള്ള അവാർഡ് നേടിയിട്ടുണ്ട്. ബിരുദം നേടിയതിനുശേഷം ആഗ്രയിൽ കെടിസിയിൽ ബ്രാഞ്ച് മാനേജരായി ജോലി ചെയ്തു. 1977-ൽ അമേരിക്കയിലേക്ക് കുടിയേറി ഡാളസിൽ സ്ഥിരതാമസമാക്കി. ഡാളസിൽ നിരവധി കമ്പനികളിൽ ജോലി ചെയ്ത അദ്ദേഹം ഡാളസ് കൗണ്ടി ഷെരീഫ് ഡിപ്പാർട്ടുമെന്റിൽ നിന്ന് വിരമിച്ചു. ഭാര്യ: മോഡിശ്ശേരിൽ-ചെമ്പിക്കലം സ്വദേശിയായ ഏലിയാമ്മ ചാണ്ടി. മക്കൾ: ബിനു-സൂസൻ, ബിന്ദു-ജോബി, ബീന-ഫെബിൻ, ബെൻ-അഞ്ജു. സഹോദരങ്ങൾ: പരേതനായ ജോർജ് പി. ചാണ്ടി, അന്നമ്മ മാത്യു, തങ്കമ്മ ഫിലിപ്പ്, പരേതനായ പി.സി. കുര്യൻ.

വേക്ക് വ്യൂവിംഗ് ജൂലൈ 25-ന് വെള്ളിയാഴ്ച വൈകുന്നേരം 5.30-ന് സെന്റ് ജോർജ് ഓർത്തഡോക്സ് പള്ളിയിൽ (1627 ഷേഡി ഗ്രോവ്, ഇർവിംഗ്). ജൂലൈ 26-ന് ശനിയാഴ്ച രാവിലെ 8.30-ന് നടക്കുന്ന സംസ്കാര ശുശ്രൂഷകൾക്കുശേഷം സണ്ണിവെയിൽ ന്യൂ ഹോപ്പ് സെമിത്തേരിയിൽ (500 യുഎസ്-80, സണ്ണിവെയിൽ -75182) മൃതദേഹം സംസ്കരിക്കും. കൂടുതൽ വിവരങ്ങൾക്ക്: ഫെബിൻ സണ്ണി (ഡാളസ്) 352 672 1167.

വാർത്ത: പി.പി. ചെറിയാൻ

# സി.വി. പത്മരാജൻ അന്തരിച്ചു



കൊല്ലം: മുതിർന്ന കോൺഗ്രസ്നേതാവും കെപിസിസി മുൻ അദ്ധ്യക്ഷനുമായിരുന്ന അഡ്വ. സി.വി. പത്മരാജൻ (93) അന്തരിച്ചു. വിദ്യാർത്ഥിയായിരിക്കെ പൊതുരംഗത്തെത്തിയ പത്മരാജൻ സ്വാതന്ത്ര്യസമര കാലം മുതൽ കോൺഗ്രസിന്റെ ശക്തനായ പോരാളിയായിരുന്നു. പരവൂർ ഏഴിയത്ത് കെ. വേലായുധ വൈദ്യരുടെയും കുന്നത്ത് എം.കെ. തങ്കമ്മയുടെയും മകനായി 1931 ജൂലൈ 22-നാണ് പത്മരാജൻ ജനിച്ചത്. ബിരുദം നേടിയശേഷം പരവൂരിൽ അദ്ധ്യാപകനായി ജോലിയിൽ പ്രവേശിച്ച അദ്ദേഹം പിന്നീട് നിയമബിരുദം നേടി. ചങ്ങനാശേരി എസ്ബി കോളജിൽ വിദ്യാർത്ഥിയായിരിക്കെ പുന്നപ്ര വയലാർ സമരത്തെ എതിർത്താണ് പത്മരാജൻ സജീവ രാഷ്ട്രീയത്തിലെത്തിയത്.

പിന്നീട് ചാത്തന്നൂർ വാർഡ്തലം മുതൽ മണ്ഡലം, ബ്ലോക്ക് പ്രസിഡണ്ട്, ഡിസിസി വൈസ് പ്രസിഡണ്ട്, കെപിസിസി പ്രസിഡണ്ട് തുടങ്ങിയ നിലകളിൽ പ്രവർത്തിച്ചു.1982-ൽ ചാത്തന്നൂരിൽ നിന്ന് ആദ്യമായി നിയമസഭയിലെത്തി. കരുണാകരൻ മന്ത്രിസഭയിൽ ഗ്രാമവികസന-ഫിഷറീസ് മന്ത്രിയായി. ഈ മന്ത്രിസഭയിൽ നിന്ന് രാജിവെച്ചാണ് അദ്ദേഹം കെപിസിസി പ്രസിഡണ്ടായത്. ഈ കാലത്താണ് ഇന്ദിരാഭവൻ സ്ഥിതി ചെയ്യുന്ന സ്ഥലം അദ്ദേഹത്തിന്റെ പേരിൽ വിലയ്ക്കു വാങ്ങിയത്.

1991-ൽ വീണ്ടും വിജയിച്ചു മന്ത്രിയായി. വൈദ്യുതി-കയർ വകുപ്പുകളാണ് കൈകാര്യം ചെയ്തത്. ഈ കാലത്താണ് 20 യൂണിറ്റ് വരെ വൈദ്യുതി ഉപയോഗിക്കുന്ന പാവപ്പെട്ട ഗാർഹിക ഉപയോക്താക്കൾക്ക് വൈദ്യുതി സൗജന്യമാക്കിയത്. 1991-ൽ കെ. കരുണാകരൻ അപകടത്തിൽപ്പെട്ട് അമേരിക്കയിൽ ചികിത്സയ്ക്കു പോയപ്പോൾ ഏതാനും മാസം ആക്ടിംഗ് മുഖ്യമന്ത്രിയായും സേവനമനുഷ്ഠിച്ചു. സഹകരണ അർബൻ ബാങ്കിന്റെ സ്ഥാപകരിൽ പ്രധാനിയാണ്.

# മുംബൈ ലോക്കൽ ട്രെയിൻ സ്ഫോടന കേസ്: 12 പ്രതികളെയും കുറ്റവിമുക്തരാക്കി

മുംബൈ: 2006 ജൂലൈ 11-ന് മുംബൈ ലോക്കൽ ട്രെയിനിലുണ്ടായ സ്ഫോടന പരമ്പരയുമായി ബന്ധപ്പെട്ട കേസിലെ 12 പ്രതികളെയും ബോംബെ ഹൈക്കോടതി വിട്ടയച്ചു. അഞ്ചു പേർക്ക് വധശിക്ഷയും ഏഴുപേർക്ക് ജീവപര്യന്തവും നൽകിയ വിചാരണക്കോടതിയുടെ വിധിയാണ് റദ്ദാക്കിയത്. ആറു മലയാളികൾ ഉൾപ്പെടെ 180 പേരുടെ മരണത്തിന് കാരണമായ സ്ഫോടന പരമ്പരയിൽ എഴുന്നൂറിലേറെപ്പേർക്കാണു പരുക്കേറ്റത്.

സ്ഫോടനത്തിന് 19 വർഷങ്ങൾക്കുശേഷമാണ് ഹൈക്കോടതി വിധി വരുന്നത്. 2015 സെപ്റ്റംബർ 30-ന് മഹാരാഷ്ട്രയിലെ വിചാരണ കോടതി 12 പ്രതികളെയും കുറ്റക്കാരായി കണ്ടെത്തി അഞ്ചു പേർക്ക് വധശിക്ഷയും മറ്റുള്ളവർക്ക് ജീവപര്യന്തം തടവും വിധിച്ചിരുന്നു.

പ്രതിയാക്കപ്പെട്ടവർക്കെതിരായ കുറ്റം തെളിയിക്കുന്നതിൽ പ്രോസിക്യൂഷൻ അന്വേഷണം പരാജയപ്പെട്ടെന്ന് ജസ്റ്റിസുമാരായ അനിൽ കിലോർ, ശ്യാം ചന്ദക് എന്നിവരുടെ ബെഞ്ച് വിചാരണക്കോടതി വിധി റദ്ദാക്കിക്കൊണ്ട് പറഞ്ഞു. "ഇവർ കുറ്റം ചെയ്തെന്ന് വിശ്വസിക്കാൻ പ്രയാസമാണ്. അതുകൊണ്ട് ശിക്ഷാവിധി റദ്ദാക്കുന്നു. ഇവർക്കെതിരെ മറ്റു കേസുകൾ ഇല്ലെങ്കിൽ ജയിൽമോചിതരാക്കണം. പ്രോസിക്യൂഷന് തെളിയിക്കാനാകാത്തതിനാൽ സംശയത്തിന്റെ ആനുകൂല്യം നൽകിയാണു വിട്ടയയ്ക്കുന്നത്. അന്വേഷണത്തിൽ കണ്ടെത്തിയ ആയുധങ്ങളും സ്ഫോടകവസ്തുക്കളും ഭൂപടങ്ങളും ലോക്കൽ ട്രെയിനിലെ സ്ഫോടനവുമായി ബന്ധമില്ലാത്തതാണ്. സ്ഫോടനത്തിൽ ഉപയോഗിച്ച ബോംബുകൾ ഏതെന്നു തെളിയിക്കാൻ പ്രോസിക്യൂഷനു കഴിഞ്ഞില്ല" - കോടതി പറഞ്ഞു.

# ജീവിക്കാനുള്ള അവകാശം അഭിപ്രായ സ്വാതന്ത്ര്യത്തേക്കാൾ വലുത്: സുപ്രീംകോടതി

ന്യൂഡൽഹി: ജീവിക്കാനുള്ള അവകാശം അഭിപ്രായ സ്വാതന്ത്ര്യത്തേക്കാൾ വലുതാണെന്ന് നിരീക്ഷിച്ച് സുപ്രീം കോടതി. 'ഉദയ്പൂർ ഫയൽസ് കനയ്യ ലാൽ ടെയ്ലർ മർഡർ' എന്ന വിവാദ സിനിമയുടെ റിലീസിങ് തടഞ്ഞ ഡൽഹി ഹൈക്കോടതി ഉത്തരവിനെതിരെ സിനിമയുടെ അണിയറ പ്രവർത്തകർ സമർപ്പിച്ച ഹർജിയിലാണ് ജസ്റ്റീസുമാരായ സൂര്യകാന്ത്, ജോയ്മല്യ ബാഗ്ചി എന്നിവരടങ്ങിയ ബെഞ്ച് ഇത്തരമൊരു പരാമർശം നടത്തിയത്. ഹൈക്കോടതി നിർദ്ദേശപ്രകാരം സിനിമ സർക്കാരിന് പരിശോധിക്കാമെന്നു വ്യക്തമാക്കിയ കോടതി പ്രദർശനത്തിന് ഹൈക്കോടതി ഏർപ്പെടുത്തിയ സ്റ്റേ ഉടൻ പിൻവലിക്കാൻ വിസമ്മതിച്ചു.

ഉദയ്പൂരിലെ തയ്യൽക്കാരൻ കനയ്യ ലാൽ തേലി എന്നയാളുടെ കൊലപാതകത്തെ ആസ്പദമാക്കി നിർമ്മിച്ച ചിത്രം മുസ്ലിം സമുദായത്തിൽപ്പെട്ടവരെ അധിക്ഷേപിക്കുന്നുവെന്നും അതിനാൽ ചിത്രത്തിന്റെ റിലീസ് നിരോധിക്കണമെന്നും ആവശ്യപ്പെട്ട് ജമിയത്ത് ഉലമ ഇഹിദ് പ്രസിഡണ്ട് മൗലാന അർഷാദ് മദനി ഉൾപ്പെടെ സമർപ്പിച്ച മൂന്നു ഹർജികളിലായിരുന്നു ഹൈക്കോടതി ഉത്തരവ്. ഈ മാസം 11-നായിരുന്നു ചിത്രത്തിന്റെ റിലീസിങ് നിശ്ചയിച്ചിരുന്നത്. സിനിമയിലെ ചില ഭാഗങ്ങൾ നീക്കം ചെയ്തതായി സെൻട്രൽ ബോർഡ് ഓഫ് ഫിലിം സർട്ടിഫിക്കേഷൻ കോടതിയിൽ വ്യക്തമാക്കി. തുടർന്ന് കോടതി നിയോഗിച്ച സമിതിയോട് വിഷയത്തിൽ ഉടൻ തീരുമാനമെടുക്കാനും കോടതി നിർദ്ദേശിച്ചു.

# ടിആർഎഫിനെ ഭീകരസംഘടനയായി പ്രഖ്യാപിച്ചു

വാഷിംഗ്ടൺ ഡിസി: പഹൽഗാം ഭീകരാക്രമണത്തിന്റെ ഉത്തരവാദിത്വമേറ്റെടുത്ത 'ദ റെസിസ്റ്റൻസ് ഫ്രണ്ടിനെ' (ടിആർഎഫ്) ഭീകരസംഘടനയായി പ്രഖ്യാപിച്ച് യുഎസ്.

ലഷ്കർ-ഇ-തൊയ്ബയുടെ (എൽഇടി) നിഴൽ സംഘടനയായ ടിആർഎഫിനെ ഭീകരസംഘടനയായി പ്രഖ്യാപിക്കുന്നതായി യുഎസ് സ്റ്റേറ്റ് സെക്രട്ടറി മാർകോ റൂബിയോ പ്രസ്താവനയിൽ അറിയിച്ചു.

ലഷ്കർ ഇ തൊയ്ബ നടത്തിയ മുംബൈ ഭീകരാക്രമണത്തിനുശേഷം ഇന്ത്യയിൽനടന്ന ഏറ്റവും മാരക ആക്രമണമാണു പഹൽഗാമിലുണ്ടായത്. ഇന്ത്യൻ സുരക്ഷാസേനയ്ക്കെതിരായ നിരവധി ആക്രമണങ്ങളുടെ ഉത്തരവാദിത്വവും ടിആർഎഫ് ഏറ്റെടുത്തിട്ടുണ്ട്.

പഹൽഗാം ആക്രമണത്തിന് നീതി ലഭിക്കണമെന്ന പ്രസിഡണ്ട് ഡോണൾഡ് ട്രംപിന്റെ ആഹ്വാനം നടപ്പിലാക്കാനുള്ള പ്രതിബദ്ധത വ്യക്തമാക്കുന്നതാണ് നടപടികളെന്നും റൂബിയോ പ്രസ്താവനയിൽ പറഞ്ഞു.

ഭീകരവിരുദ്ധ പോരാട്ടത്തിൽ ഇന്ത്യ-യുഎസ് സഹകരണം എത്രത്തോളം ശക്തമാണെന്ന് ഈ പ്രഖ്യാപനം കാണിക്കുന്നതായി വാഷിംഗ്ടണിലെ ഇന്ത്യൻ എംബസി പ്രതികരിച്ചു.

അതേസമയം, ടിആർഎഫിനെ ഭീകരസംഘടനയായി പ്രഖ്യാപിച്ച നടപടിയെ സ്വാഗതം ചെയ്യുകയും അഭിനന്ദിക്കുകയും ചെയ്യുന്നതായി ഇന്ത്യ പ്രസ്താവനയിൽ പറഞ്ഞു.

ഭീകരതയ്ക്കെതിരായ പോരാട്ടത്തിലും ഭീകരതയുടെ അടിസ്ഥാന സൗകര്യങ്ങൾ തകർക്കുന്നതിലും ആഗോള സഹകരണത്തിന്റെ ആവശ്യകത ഇന്ത്യ നിരന്തരം ഊന്നിപ്പറഞ്ഞിട്ടുണ്ട്.

ഭീകരതയ്ക്കെതിരായ പോരാട്ടത്തിൽ ഇന്ത്യയും അമേരിക്കയും തമ്മിലുള്ള ആഴത്തിലുള്ള സഹകരണത്തെ പ്രതിഫലിപ്പിക്കുന്ന പ്രധാനപ്പെട്ട ചുവടുവെപ്പാണിതെന്ന് ഇന്ത്യ പ്രസ്താവനയിൽ കൂട്ടിച്ചേർത്തു.

# സ്കൂളിൽ വൈദ്യുതലൈനിൽനിന്ന് ഷോക്ക്: വിദ്യാർത്ഥിക്ക് ദാരുണാന്ത്യം



കൊല്ലം: ശാസ്താംകോട്ടയിൽ തേവലക്കര കോവൂർ സ്കൂളിൽ സഹപാഠികളുടെ കൺമുമ്പിൽ വിദ്യാർത്ഥി ഷോക്കേറ്റു മരിച്ചു. തേവലക്കര കോവൂർ ബോയ്സ് ഹൈസ്കൂളിലെ എട്ടാം ക്ലാസ് വിദ്യാർത്ഥി വലിയപാടം മിഥുൻ ഭവനിൽ മനുവിന്റെ മകൻ മിഥുനാണ് (13) മരിച്ചത്. ജൂലൈ 17-ന് രാവിലെ എട്ടരയോടെയായിരുന്നു സംഭവം. ക്ലാസ് തുടങ്ങുന്നതിനു മുമ്പു കുട്ടികൾ കളിച്ചുകൊണ്ടുനിൽക്കെ സൈക്കിൾ ഷെഡിനു മുകളിൽ വീണ ചെരുപ്പ് എടുക്കാൻ കയറുമ്പോൾ വൈദ്യുതലൈനിൽനിന്നും ഷോക്കേൽക്കുകയായിരുന്നു. സിപിഎം പ്രവർത്തകർക്കു മേൽക്കൈയുള്ള മാനേജ്മെന്റാണ് തേവലക്കര സ്കൂൾ നിയന്ത്രിക്കുന്നത്. സ്കൂൾ കെട്ടിടത്തോടു ചേർന്നു സൈക്കിൾ വെക്കാനായി ഇരുമ്പുഷീറ്റ് പാകിയ ഷെഡ് നിർമിച്ചിട്ടുണ്ട്. ഈ ഷെഡിന്റെ മുകളിലേക്കു ചെരിപ്പു വീണു. ഇതെടുക്കാനായി കയറിയതായിരുന്നു മിഥുൻ. കാൽതെന്നി മുകളിലൂടെ പോകുന്ന വൈദ്യുതലൈനിൽ പിടിക്കുമ്പോൾ ഷോക്കേൽക്കുകയായിരുന്നു. ഉടൻ സ്കൂൾ അധികൃതരും സഹപാഠികളും ചേർന്നു മിഥുനെ സമീപത്തെ ആശുപത്രിയിൽ എത്തിച്ചെങ്കിലും ജീവൻ രക്ഷിക്കാനായില്ല.

വിദ്യാർത്ഥി ഷോക്കേറ്റു മരിച്ച സംഭവത്തിന്റെ സിസിടിവി ദൃശ്യങ്ങൾ പുറത്തു വന്നു. അപകടം സംഭവിക്കും മുൻപ് മിഥുൻ കെട്ടിടത്തിനു മുകളിലേക്കു കയറുന്നതും തെന്നിവീഴാൻ പോകുമ്പോൾ വൈദ്യുത കമ്പിയിൽ പിടിക്കുന്നതും ഉൾപ്പെടെയുള്ള ദൃശ്യങ്ങളാണ് പുറത്തുവന്നിട്ടുള്ളത്.







# ഉമ്മൻ ചാണ്ടി; മലയാളിയുടെ ഹൃദയമന്ത്രം

സ്റ്റാൻലി ജോർജ്

കേരളം ഉമ്മൻ ചാണ്ടിക്ക് നിത്യതയിലേക്ക് യാത്രയേകിയിട്ട് രണ്ട് വർഷം. നമുക്കൊക്കെ വിരലിൽ എണ്ണാവുന്ന ചിലരുടെ ഹൃദയത്തോടു ചേർന്ന് നിൽക്കാനാകുമായിരിക്കാം. എന്നാൽ, മലയാളികളുടെയെല്ലാം ഹൃദയത്തോട് ചേർന്നുനിന്ന് ഒരു ജനതയുടെ ആകെ ഉള്ളിൽ സ്ഥിരതാമസമാക്കിയ ഒരാളേ നമ്മുടെ കാലത്ത് ജീവിച്ചിരുന്നുള്ളൂ. മലയാളികളുടെയാകെ ഹൃദയമന്ത്രമായി മാറിയ ആ മഹാനുഭാവൻ ഒ.സി എന്ന ദ്വയാക്ഷരത്തിനു ഒരുപാട് അർത്ഥവും അർത്ഥതലങ്ങളും നല്കി.



പകരം വെക്കാനാവാത്ത ജീവിതമൂല്യങ്ങളുടെ ആൾരൂപം ആയിരുന്നു മഹാനായ ഉമ്മൻ ചാണ്ടി. കരുണയുടെ ആൾരൂപം എന്നതിനപ്പുറം ഒരു രാഷ്ട്രീയക്കാരൻ മനുഷ്യരുടെ പക്ഷത്തുനിന്ന് എങ്ങനെയാണ് ജീവിക്കേണ്ടത് എന്ന് സ്വന്തം ജീവിതത്തിലൂടെ വെളിവാക്കിയ പച്ചയായ മനുഷ്യനായിരുന്നു ഉമ്മൻ ചാണ്ടി. ഒട്ടുമിക്ക മലയാളികൾക്കും ഉമ്മൻ ചാണ്ടിയെക്കുറിച്ച് വ്യക്തിപരമായ ഒരു അനുഭവമെങ്കിലും പറയാനുണ്ടാകും. അതിന്റെ തെളിവ് കൂടിയായിരുന്നു അദ്ദേഹത്തിന്റെ വിലാപയാത്രയിൽ ഉടനീളം കണ്ട വികാരപ്രകടനങ്ങൾ. മലയാളിയുടെ വൈകാരിക തലങ്ങൾക്ക് ഒരു വെൺമേഘ ചിരിയിലൂടെ സ്നിഗ്ദ്ധത നല്കിയ അപൂർവ്വ വ്യക്തിത്വം ആയിരുന്നു ഒ.സി.

സന്തോഷത്തിലും സങ്കടത്തിലും നമ്മളെ ചേർത്തു നിർത്താനുള്ള അദ്ദേഹത്തിന്റെ കഴിവ് അനിതരസാധാരണമാണ്. വർഷങ്ങൾക്കു മുൻപ് എന്റെ പിതാവ് പാസ്റ്റർ വി.സി. ജോർജിന്റെ നിര്യാണവിവരം ഞാൻ ഉമ്മൻ ചാണ്ടിയെ അറിയിച്ചു. ഞങ്ങളെ സംബന്ധിച്ച് ഏറെ സങ്കടകരമായ ദിനം. കോൺഗ്രസ് സ്ഥാനാർത്ഥിയായി വിജയിച്ച രാഷ്ട്രപതി പ്രതിഭാ പാട്ടീൽ കേരളം സന്ദർശിക്കുന്ന ദിവസം കൂടി ആയിരുന്നു അന്ന്. ഉമ്മൻ ചാണ്ടിസാർ രാവിലെയാണ് ഡൽഹിയിൽ നിന്നും തിരുവനന്തപുരത്ത് എത്തിയത്. നിയമസഭ നടക്കുന്നതിനാലും വൈകുന്നേരം രാഷ്ട്രപതിക്ക് തിരുവനന്തപുരത്ത് സ്വീകരണം ഉള്ളതിനാലും എന്റെ പിതാവിന്റെ സംസ്കാരചടങ്ങിൽ പങ്കെടുക്കാൻ ആവില്ലെന്ന് അദ്ദേഹം എന്നെ അറിയിച്ചു.

ഉമ്മൻചാണ്ടി സാറിന്റെ ഏറ്റവും തിരക്കുള്ള ഒരു ദിവസം ആയിരുന്നു അത്. ഏതാണ്ട് ഉച്ചയായപ്പോൾ സാക്ഷാൽ ഉമ്മൻ ചാണ്ടി ദാ നിൽക്കുന്നു എന്റെ പിതാവിന്റെ മൃതദേഹത്തിനു മുന്നിൽ. എന്റെ സങ്കടങ്ങൾക്ക് ആശ്വാസം ഏകാൻ അദ്ദേഹത്തിന്റെ സാന്നിദ്ധ്യം അനിവാര്യമാണ് എന്ന ചിന്തയാണ് തിരക്കുകൾക്കിടയിലും ഞങ്ങളുടെ വീട്ടിൽ ഓടിയെത്താൻ അദ്ദേഹത്തെ പ്രേരിപ്പിച്ചത്. നിയമസഭയിൽ നിന്നും തിരക്കിട്ടു ഞങ്ങളുടെ വീട്ടിൽ വന്നിട്ട് വളരെവേഗം നിയമസഭയിലേക്ക് തന്നെയാണ് അദ്ദേഹം മടങ്ങിയത്. പിറ്റേന്ന് ഞാൻ അദ്ദേഹത്തെ വീട്ടിൽ പോയി കണ്ടപ്പോൾ എന്റെ പിതാവിന്റെ സംസ്കാര ചടങ്ങുകളിൽ കൂടുതൽ സമയം നിൽക്കാൻ കഴിയാഞ്ഞതിലുള്ള പരിഭവം അദ്ദേഹം പങ്കുവെച്ചു. ആ വാക്കുകൾ ഉമ്മൻ ചാണ്ടി സാറിന്റെ വ്യക്തിത്വം കൂടുതൽ ദീപ്തമാക്കുന്നതായിരുന്നു.

സമാനമായ ഒരുപാട് അനുഭവങ്ങൾ പലർക്കും ഉണ്ടാകും. അതുകൊണ്ടൊക്കെയാണല്ലോ ഒരു സംസ്ഥാനം ആകെ ഒരു മനുഷ്യന്റെ ദേഹവിയോഗത്തിൽ തേങ്ങിയതും സംസ്കാരച്ചടങ്ങുകൾ എല്ലാ കണക്കുകൂട്ടലുകൾക്കുമപ്പുറം മാറിമറിഞ്ഞതും. ഉമ്മൻ ചാണ്ടി സാർ മലയാളികളെ സ്നേഹിച്ചതിന്റെ ആഴം അളക്കുക അസാദ്ധ്യം. ആ സ്നേഹം മലയാളികൾ തിരികെ നല്കുമ്പോൾ സാമ്പ്രദായിക കണക്കുകൂട്ടലുകൾ പിഴയ്ക്കുക തന്നെ ചെയ്യും.

## കൂടല്ലൂർ സംഗമം ജൂലൈ 27-ന്

ലിൻസ് താന്നിച്ചുവട്ടിൽ




ചിക്കാഗോ: ചിക്കാഗോയിലെ കൂടല്ലൂർ നിവാസികളുടെ സംഗമം ബെൻസൻവിൽ തിരുഹൃദയ ക്നാനായ കത്തോലിക്കാ ഫൊറോനാ ദൈവാലയ മൈതാനത്ത് വെച്ച് നടത്തപ്പെടുന്നു. എല്ലാ വർഷവും മുടങ്ങാതെ നടത്തപ്പെടുന്ന സംഗമം ഈ വർഷം ജൂലൈ 27-ന് ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2 മുതൽ ആഘോഷമായി നടത്തപ്പെടുന്നു. വിവിധ കമ്മിറ്റി അംഗങ്ങളുടെ നേതൃത്വത്തിൽ വിവിധ പരിപാടികൾ കോർത്തിണക്കി സംഗമം ഗംഭീരമാക്കുവാനുള്ള ഒരുക്കത്തിലാണ് കൂടല്ലൂർ നിവാസികൾ. കൂടല്ലൂർ എന്ന അനുഗൃഹീത ഗ്രാമത്തിന്റെ നന്മ അനുഭവിച്ചറിഞ്ഞ ഏവർക്കും ഒരു നവ്യാനുഭവമായി ഈ സംഗമം മാറട്ടെയെന്ന് ബെൻസൻവിൽ ഫൊറോനാ ഇടവകയുടെ അസി. വികാരി ഫാ. ബിൻസ് ചേത്തലിൽ ആശംസിച്ചു.

## ഫോമാ സൺഷൈൻ റീജിയൻ ക്രിക്കറ്റ് ടൂർണമെന്റ് ജൂലൈ 26-ന് ശനിയാഴ്ച

രാജു മൈലപ്ര

ഫ്ളോറിഡ: അമേരിക്കൻ മലയാളികളുടെ ദേശീയ സംഘടനയായ ഫോമായുടെ ഏറ്റവും വലിയ റീജിയനായ സൺഷൈൻ റീജിയൻ ഇദംപ്രദമമായി ടാമ്പയിൽ സംഘടിപ്പിക്കുന്ന


ജോമോൻ ആന്റണി

ക്രിക്കറ്റ് ടൂർണമെന്റ് ജൂലൈ 26-ന് ശനിയാഴ്ച വെസ്ലി ചാപ്പലിൽ വെച്ച് നടത്തപ്പെടുന്നു.

സൺഷൈൻ റീജിയന്റെ സ്പോർട്സ് കമ്മിറ്റിയുടെ നേതൃത്വത്തിലാണ് ഈ ക്രിക്കറ്റ് ടൂർണമെന്റ് സംഘടിപ്പിച്ചിരിക്കുന്നത്. സ്പോർട്സ് കമ്മിറ്റി ചെയർ സിജോ, വൈസ് ചെയർ ഗിരീഷ്, കമ്മിറ്റി മെംബേഴ്സായ ലക്ഷ്മി രാജേശ്വരി, എഡ്വേർഡ്, ജോളി പീറ്റർ, ജിതേഷ് എന്നിവർക്ക് ആർവിപി ജോമോൻ ആന്റണിയും മറ്റു ഭാരവാഹികളും അഭിനന്ദനങ്ങളും ആശംസകളും നേർന്നു. സ്പോർട്സ് കമ്മിറ്റിയുടെ ഈ സംരംഭം അങ്ങേയറ്റം അഭിമാനകരമാണെന്ന് ജോമോൻ ആന്റണി പ്രസ്താവിച്ചു.

ഫ്ളോറിഡയുടെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള എട്ടോളം ടീമുകൾ മാറ്റുരയ്ക്കുന്ന ഈ ക്രിക്കറ്റ് മാമാങ്കത്തിൽ, കാണികളുടെ ആവേശം വാനോളമുയർത്തുന്ന ശക്തമായ പോരാട്ടമാണ് നടക്കുന്നത്.

കാഷ് പ്രൈസ് ഉൾപ്പെടെ നിരവധി ആകർഷണീയമായ പാരിതോഷികങ്ങളാണ് വിജയികൾക്ക് ലഭിക്കുന്നത്. ഫ്ളോറിഡായിലെ എല്ലാ ക്രിക്കറ്റ് പ്രേമികളും ഈ ടൂർണമെന്റിൽ പങ്കെടുത്ത് ഇതൊരു വൻ വിജയമാക്കണമെന്ന് സൺഷൈൻ റീജിയൻ ഭാരവാഹികൾ അഭ്യർത്ഥിക്കുന്നു.







# 21–ാം സരസ്വതി അവാർഡ്സ് സെപ്തംബർ 13–ന് ശനിയാഴ്ച ടൈസൺ സെന്ററിൽ

**ജോജോ തോമസ് പാലത്ര, ന്യൂയോർക്ക്**

ന്യൂയോർക്ക്: അമേരിക്കയിൽ വളരുന്ന ഇന്ത്യൻ വംശജരിലെ കുട്ടികളിലെ സംഗീതവും നൃത്തവും പ്രോത്സാഹിപ്പിക്കുന്ന സരസ്വതി അവാർഡ്സിന്റെ 21–ാം സരസ്വതി അവാർഡിനുള്ള മത്സരങ്ങൾ സെപ്തംബർ 13–ന് ശനിയാഴ്ച ന്യൂയോർക്കിലെ ഫ്ളോറൽ പാർക്കിലുള്ള ടൈസൺ സെന്ററിൽ TYSON CENTER, 26 NORTH TYSON AVE, NY 11001-ൽ വെച്ച് നടത്തുന്നു. അമേരിക്കയിൽ വളരുന്ന ഇന്ത്യൻ വംശജരുടെ 5 വയസ്സു മുതൽ 18 വയസ്സു വരെപ്രായമുള്ള കുട്ടികൾക്ക് ഈ മത്സരത്തിൽ പങ്കെടുക്കാവുന്നതാണ്.



ലേഖകൻ

ഫ്ളോറൽ പാർക്കിലെ ടൈസൺ സെന്ററിൽ വെച്ച് സെപ്തംബർ 13–ന് ശനിയാഴ്ച രാവിലെ 9 മണിക്ക് തുടങ്ങുന്ന മത്സരങ്ങളിൽ ശാസ്ത്രീയസംഗീതം, ഇന്ത്യൻ ഭാഷാ സംഗീതം, ഭരതനാട്യം, നാടോടിനൃത്തം എന്നിവ ഉൾപ്പെടുന്നു.

PRE JUNIOR, SUB JUNIOR, JUNIOR, SENIOR എന്നീ വിഭാഗങ്ങളിലാണ് മത്സരങ്ങൾ നടക്കുക. വൈകുന്നേരം 6 മണിക്ക് വിശിഷ്ടാതിഥികളും സംഗീത നൃത്ത ഗുരുക്കളും പങ്കെടുക്കുന്ന വേദിയിൽ വെച്ച് സരസ്വതി അവാർഡുകൾ സമ്മാനിക്കുന്നു.

മത്സരങ്ങളിൽ പങ്കെടുക്കുവാൻ താല്പര്യമുള്ള സംഗീത-നൃത്ത വിദ്യാർത്ഥികൾ മുൻകൂർ രജിസ്റ്റർ ചെയ്യണമെന്ന് സംഘാടകർ അറിയിക്കുന്നു.

കൂടുതൽ വിവരങ്ങൾക്കും അപേക്ഷാഫോറത്തിനുമായി ബന്ധപ്പെടുക: E-MAIL: SARASWATHIAWARDS@GMAIL.COM

JOJO THOMAS 516-455-9739
MARIA UNNI 516-424-1853
DR. ASOK KUMAR 516-243-8640
MATHEW CYRIAC 516-754-1311
SEBASTIAN THOMAS 516-476-1697
B. ARAVIND 516-616-0233




# 'ഓതിരം 2025' മെഗാ ഷോയുമായി ദിവാൻ കളരി സംഘം– കിക്കോഫ് വൻ വിജയം

**അനിൽ ആറന്മുള**

ഹൂസ്റ്റൺ: കഴിഞ്ഞ ആറ് വർഷമായി ഹൂസ്റ്റണിലെ നൂറിലധികം ആളുകളെ കളരി പരിശീലിപ്പിച്ചുകൊണ്ടിരിക്കുന്ന ദിവാൻ കളരി ആൻഡ് മാർഷ്യൽ ആർട് അക്കാദമി അവരുടെ ആദ്യത്തെ കളരിപ്പയറ്റ് ഷോയുമായി എത്തുകയാണ്. സ്റ്റാഫോർഡ് സിവിക് സെന്ററിൽ ഒക്ടോബർ 5, 2025 നാണ് ഷോ അരങ്ങേറുക. മിസോറിസിറ്റിയിലെ അപ്നാ ബസാർ ഓഡിറ്റോറിയത്തിൽ വൻ ജനാവലിയുടെ സാന്നിധ്യത്തിൽ മിസോറി സിറ്റി മേയർ റോബിൻ ഇലക്കാട്ട്, സ്റ്റാഫോർഡ് സിറ്റി മേയർ കെൻ മാത്യു, ഫോട്ബെൻഡ് കൗണ്ടി ജഡ്ജ് ജൂലി മാത്യു, ക്യാപ്റ്റൻ മനോജ് കുമാർ പൂപ്പാറയിൽ എന്നിവർ ഒരുമിച്ച് പരിപാടിയുടെ മുഖ്യ സ്പോൺസർ ഷിജിമോൻ ജേക്കബിന് ആദ്യ ടിക്കറ്റ് നൽകി കിക്കോഫ് ചെയ്തു.




പരിപാടിയുടെ തുടക്കത്തിൽ മേയർ കെൻ മാത്യു, ഫോർട്ട് ബെൻഡ് കൗണ്ടി ജഡ്ജ് ജൂലി മാത്യു, ക്യാപ്റ്റൻ മനോജ് കുമാർ പൂപ്പാറയിൽ, സ്പോൺസർ ഷിജിമോൻ ജേക്കബ്, ജഗന്നാഥൻ ചിറയിൽ, ഇന്ദിര ജഗന്നാഥൻ, ദിവാൻ കളരി ഗുരുക്കൾ, രാജുമോൻ നാരായണൻ, റെജി രാജുമോൻ എന്നിവർ ഭദ്രദീപം കൊളുത്തി. തുടർന്ന് കളരി വിദ്യാർത്ഥിയും സ്പോൺസറുമായ ഷിജോ ചാണ്ടപ്പിള്ള സ്വാഗതം ആശംസിച്ചു. അതിനു ശേഷം ദിവാൻ കളരിയുടെ സ്ഥാപകനും ഗുരുക്കളുമായ രാജുമോൻ നാരായണൻ കളരിയുടെ സ്ഥാപനവും ഉദ്ദേശ്യലക്ഷ്യങ്ങളെയും കുറിച്ച് സംസാരിച്ചു.

നാല്പത്തിയൊന്ന് വർഷങ്ങൾക്കു മുൻപ് കുട്ടനാട്ടിലെ രാമങ്കരിയിൽ നിന്നും അമേരിക്കയിലേക്ക് കുടിയേറിയ രാജുമോൻ നാരായണൻ ചെറുപ്പത്തിൽ തന്നെ കളരി പരിശീലനം പൂർത്തിയാക്കിയിരുന്നു. ഒപ്പം കരാട്ടെയിലും പ്രാവീണ്യം നേടിയ അദ്ദേഹം ബ്ലാക് ബെൽറ്റ് കരസ്ഥമാക്കിയിട്ടുണ്ട്. ഒരു നല്ല ഗായകനും അഭിനേതാവുമായ രാജുമോൻ 1982-ലെ കേരള യൂണിവേഴ്സിറ്റി കലോത്സവത്തിൽ മിമിക്രിക്ക് ഒന്നാം സ്ഥാനം നേടിയിട്ടുണ്ട്. ആറു വർഷം മുൻപാണ് മിസോറി സിറ്റിയിൽ രാജുമോൻ ദിവാൻ കളരി സ്ഥാപിക്കുന്നത്. കേരളത്തിന്റെ തനതു ആയോധനകലയായ കളരി ഒരു യുദ്ധമുറയായാണ് പുരാതന കേരളത്തിൽ ഉപയോഗിച്ചിരുന്നത്. അത് ഇരുത്തം വന്ന ഒരു വ്യായാമ മുറകൂടിയാണ്. ഒരു വ്യക്തിയുടെ ശരീരവും മാനസികവും ആദ്ധ്യാത്മികവുമായ വികാസമാണ് കളരി പരിശീലനം കൊണ്ട് സാധിക്കുന്നത് എന്ന് രാജുമോൻ ഓർമിപ്പിച്ചു. കളരി പരിശീലിക്കുന്ന ഒരാൾക്ക് മനശ്ശക്തി വികാസം, ഉറച്ച ആത്മ വിശ്വാസം, ലക്ഷ്യത്തിൽ ശ്രദ്ധകേന്ദ്രീകരിക്കാനുള്ള കഴിവ് എല്ലാറ്റിലുമുപരി ധാർമികതയിൽ ഉറച്ച അച്ചടക്കം ഇവ സ്വായത്തമാകുമെന്നു രാജുമോൻ വിശദീകരിച്ചു. ദിവാൻ കളരിയിൽ അഞ്ചു വയസ്സുമുതൽ അറുപതുവരെ പ്രായമുള്ളവർക്ക് പരിശീലനം നൽകുന്നുണ്ടെന്നും പറഞ്ഞു.




(ശേഷം 34–ാം പേജിൽ)



FAMILY DENTAL

GENERAL DENTISTRY
COSMETIC DENTISTRY
IMPLANT, GUM SURGERY
ORTHODONTIC TREATMENT
WISDOM TOOTH EXTRACTIONS

552 S WASHINGTON ST., SUITE # 101, NAPERVILLE, ILLINOIS 60540
PHONE: 630 999 1976

Children Welcome
Invisalign & Braces

9709 N. MILWAUKEE AVE. GLENVIEW, ILLINOIS 60025
PHONE: 847 581 1418
(NORTHWEST CORNER OF MILWAUKEE & GREENWOOD)




DR. SUSAN EDUKUTHARAYIL BDS, DDS
DR. SUSMITHA EDUKUTHARAYIL DMD

Appointment, Visit: MyDentistToday.com MONDAY - SATURDAY

ACHIEVE REAL ESTATE GROUP, INC.

For All Your Real Estate Needs Please Call ...

THOMAS KURUVILLA KARIKULAM
Real Estate Broker
1-847-219-6050
834 Rand Rd Mount Prospect IL 60056



FULL TIME REALTOR

# മലങ്കര ഓർത്തഡോക്സ് ക്രിസ്ത്യൻ സൊസൈറ്റി ചിക്കാഗോയുടെ കാർണിവൽ സെപ്. 27-ന്

**ജോർജ് പണിക്കർ**

ചിക്കാഗോ: വിനോദവും കായികാഭ്യാസങ്ങളും കുട്ടികൾക്കായി അവർ ഇഷ്ടപ്പെടുന്ന റൈഡുകൾ കേരളത്തനിമയിലുള്ള രുചിക്കൂട്ട് തുടങ്ങിയവ ഉൾപ്പെടുത്തി ചിക്കാഗോയിലെ എല്ലാ മലയാളികൾക്കുമായി എന്നെന്നും ഓർക്കുവാൻ ഉതകുന്ന രീതിയിലുള്ള ഒരു കാർണിവൽ പരിപാടി സംഘടിപ്പിക്കാൻ മലങ്കര ഓർത്തഡോക്സ് ക്രിസ്ത്യൻ സൊസൈറ്റി തീരുമാനിച്ചിരിക്കുന്നു.

സെപ്റ്റംബർ 27-ന് ശനിയാഴ്ച ഉച്ചയ്ക്ക് 11 മണിക്ക് മുതൽ ആരംഭിക്കുന്ന ഇത്തരം ഒരു വിനോദപരിപാടി ചിക്കാഗോ മലയാളികൾക്കിടയിൽ ഇതാദ്യമായിട്ടാണ് സംഘടിപ്പിക്കപ്പെടുന്നത്.

കുട്ടികൾക്കും മുതിർന്നവർക്കും അവരുടെ കഴിവുകൾ പ്രകടിപ്പിക്കുന്നതിനായി സ്റ്റേജ് പരിപാടികളും ഉൾപ്പെടുത്തിയിരിക്കുന്നു.

വിവിധതരം ഡാൻസുകൾ, പ്രഗത്ഭരായ ഗായകരെ ഉൾപ്പെടുത്തിയുള്ള ഗാനമേള, ചിക്കാഗോയിലെ പ്രശസ്തരായ കേറ്ററിംഗ് സർവീസ് നടത്തുന്ന തട്ടുകട, കേരളത്തിലെ ചായക്കട, മുറുക്കാൻ കട എന്നുവേണ്ട മലയാളികളുടെ എല്ലാ രുചിഭേദങ്ങളെയും തൊട്ടുണർത്തുന്ന ഗൃഹാതുരമായ ഒരു ദിവസമായിരിക്കും ഇതെന്ന് സംഘാടകർ അറിയിക്കുന്നു.

ഈ ഗതകാല സുഖസ്മരണകളെ, കണ്ട്, കേട്ട് അനുസ്മരിക്കാനുള്ള അസുലഭ സന്ദർഭമാണ് ചിക്കാഗോ മലയാളികൾക്ക് കൈവന്നിരിക്കുന്നത്. പരിപാടികൾ നടക്കുന്ന സ്ഥലത്തെപ്പറ്റിയുള്ള വിവരം പിന്നീട് അറിയിക്കുന്നതായിരിക്കും.

സംഘടനാ പ്രസിഡണ്ട് ഡോ. ബിനു ഫിലിപ്പിന്റെ നേതൃത്വത്തിൽ ഫിലിപ്പ് കുന്നേൽ, ഏബ്രഹാം വർക്കി, അജിത് ഏലിയാസ്, ഡോ. ഏബ്രഹാം ജോസഫ്, ജിജോ വർഗീസ് തുടങ്ങിയവരുടെ നേതൃത്വത്തിൽ ഒരു പൊതു കമ്മിറ്റി നിലവിൽ വന്നു. ജനറൽ കൺവീനർ ഫിലിപ്പ് കുന്നേൽ ജോസഫിന്റെ നേതൃത്വത്തിൽ ഈ കാർണിവലിന്റെ വിജയത്തിനായി വിവിധ കമ്മിറ്റികൾ നിലവിൽ വന്നു.

എന്റർടൈൻമെന്റ് കമ്മിറ്റി ഏലിയാമ്മ പുന്നൂസും ഫുഡ് കമ്മിറ്റി ഏലിയാസ് തോമസും ഡോ. ജോസഫ് ഏബ്രഹാമും ഇവന്റ് & സ്റ്റേജ് എസ്എംഎസ് ഇവന്റ് മാനേജ്മെന്റിനു വേണ്ടി ഡോ. സിബിൽ ഫിലിപ്പിന്റെ നേതൃത്വത്തിലുള്ള ടീമും ഫിനാൻസ് കമ്മിറ്റി ഡോ. ബിനു ഫിലിപ്പും ഏബ്രഹാം വർക്കിയും മാർക്കറ്റിംഗ് & പ്രൊമോഷൻ ബിജു സക്കറിയായും നയിക്കുന്നു. മീഡിയ ഐസുമാണ് ഇവന്റ് പാർട്ണർസ്, പബ്ലിസിറ്റിക്കായി ജോർജ് പണിക്കരുടെ നേതൃത്വത്തിലുള്ള കമ്മിറ്റിയേയും തെരഞ്ഞെടുത്തു.


കൂടുതൽ വിവരങ്ങൾക്ക് www.-mocschicago.com എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

കലാപരിപാടികളിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർക്കുള്ള കൂടുതൽ വിവരങ്ങൾ ഈ വെബ്സൈറ്റിൽ ലഭ്യമാണ്.




# ഡോ. അനിരുദ്ധന്റെ നിര്യാണത്തിൽ മുഖ്യമന്ത്രി അനുശോചിച്ചു

**റോയി മുളകുന്നം**



ചിക്കാഗോ: ഫൊക്കാന സ്ഥാപക പ്രസിഡണ്ട് ഡോ. എം. അനിരുദ്ധന്റെ നിര്യാണത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ അനുശോചിച്ചു.


മലയാളികളുടെ അമേരിക്കയിലെ അനൗദ്യോഗിക അംബാസിഡർ ആയിരുന്നു അദ്ദേഹം. എല്ലാക്കാലത്തും അമേരിക്കൻ മലയാളി സംഘടനകളുടെ നേതൃസ്ഥാനത്ത് അനിരുദ്ധൻ നിലകൊണ്ടു. ഫൊക്കാനയെ ലോകം അറിയുന്ന പ്രവാസി സംഗമ വേദിയാക്കി മാറ്റാൻ അനിരുദ്ധന് സാധിച്ചു.

നോർക്ക ഡയറക്ടർ ബോർഡ് അംഗം എന്ന നിലയിൽ അമേരിക്കൻ മലയാളികളുടെ പ്രതിനിധിയായി അദ്ദേഹം പ്രവർത്തിച്ചു. പോഷകാഹാര ഗവേഷണത്തിൽ ശ്രദ്ധേയ നേട്ടങ്ങൾ കൊയ്തു. അമേരിക്കയിലെ ആദ്യത്തെ സ്പോർട്സ് ന്യൂട്രീഷൻ ഉല്പന്നമായ ഐസോസ്റ്റാർ വികസിപ്പിച്ചത് അനിരുദ്ധന്റെ നേതൃത്വത്തിലായിരുന്നു.

ലോക കേരളസഭയുടെ തുടക്കം മുതലുള്ള അംഗമായിരുന്നു ഡോ. അനിരുദ്ധൻ. പ്രളയകാലത്തായാലും കോവിഡ് കാലത്തായാലും അദ്ദേഹം അകമഴിഞ്ഞ സംഭാവന നല്കിയിട്ടുണ്ടെന്ന് മുഖ്യമന്ത്രി അനുസ്മരിച്ചു.

ഇത്തവണ ആരോഗ്യ പരിശോധനകൾക്കായി അമേരിക്കയിൽ ചെന്നപ്പോൾ നേരിട്ട് കണ്ട് അദ്ദേഹത്തിന്റെ സുഖവിവരങ്ങൾ അന്വേഷിച്ചിരുന്നു. ഡോ. എം. അനിരുദ്ധന്റെ ആകസ്മിക വിയോഗത്തിൽ അനുശോചനം അറിയിക്കുന്നു. അമേരിക്കൻ മലയാളികളുടെയും കുടുംബാംഗങ്ങളുടെയും ദുഃഖത്തിൽ പങ്കുചേരുന്നതായും മുഖ്യമന്ത്രി പറഞ്ഞു.

# ചിക്കാഗോ മലയാളി അസോസിയേഷൻ മുൻ പ്രസിഡണ്ട് ജോസഫ് നെല്ലുവേലിൽ അന്തരിച്ചു



ചിക്കാഗോ: ചിക്കാഗോ മലയാളി അസോസിയേഷന്റെ മുൻ പ്രസിഡണ്ട് ജോസഫ് നെല്ലുവേലിൽ അന്തരിച്ചു. ഏറെ നാളുകളായി വിശ്രമജീവിതം നയിക്കുകയായിരുന്ന ജോസഫ് സാർ 1975-76 വർഷത്തിൽ അസോസിയേഷന്റെ പ്രസിഡണ്ടായിരുന്നു.

മികച്ച പ്രഭാഷകനും എഴുത്തുകാരനുമായിരുന്ന ജോസഫ് സാർ ഇംഗ്ലീഷിലും മലയാളത്തിലുമായി നിരവധി ഗ്രന്ഥങ്ങൾ രചിച്ചിട്ടുണ്ട്. അദ്ദേഹം പ്രസിഡണ്ടായിരുന്ന കാലയളവിലാണ് ചിക്കാഗോ മലയാളി അസോസിയേഷന്റെ ആഭിമുഖ്യത്തിൽ ആദ്യമായി കായിക മത്സരങ്ങൾ ആരംഭിച്ചത്.

വായനയെ പ്രണയിച്ചിരുന്ന ജോസഫ് സാർ തന്നെ കാണുവാൻ എത്തുന്ന എല്ലാവർക്കും പുസ്തകങ്ങൾ സമ്മാനിച്ചിരുന്നു.

ചിക്കാഗോയിലെ വിവിധ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഇംഗ്ലീഷ് അദ്ധ്യാപകനായി സേവനമനുഷ്ഠിച്ച ജോസഫ് സാർ തന്റെ രചനകളിൽ ഏറെയും ഇംഗ്ലീഷിലാണ് നിർവഹിച്ചത്. അദ്ദേഹത്തിന്റെ എല്ലാ സേവനങ്ങൾക്കും ചിക്കാഗോ മലയാളി അസോസിയേഷൻ ഈയവസരത്തിൽ നന്ദി രേഖപ്പെടുത്തുന്നു.

ജോസഫ് സാറിന്റെ നിര്യാണത്തിൽ അസോസിയേഷൻ അംഗങ്ങളുടെ അഗാധമായ ദുഃഖവും അനുശോചനവും അറിയിക്കുന്നതായി ചിക്കാഗോ മലയാളി അസോസിയേഷൻ പ്രസിഡണ്ട് ജെസ്സി റിൻസി, വൈസ് പ്രസിഡണ്ട് ഫിലിപ്പ് പുത്തൻപുരയിൽ, സെക്രട്ടറി ആൽവിൻ ഷിക്കോർ, ട്രഷറർ മനോജ് അച്ചേട്ട്, ജോ. സെക്രട്ടറി വിവീഷ് ജേക്കബ്, ജോ. ട്രഷറർ സിബിൽ ഫിലിപ്പ്, പിആർഒ ബിജു മുണ്ടക്കൽ എന്നിവർ അറിയിച്ചു.

**വാർത്ത: ബിജു മുണ്ടക്കൽ**



KERALA EXPRESS പ്രവാസി താളുകൾ

# ഐസിഇസിഎച്ച് ബൈബിൾ ക്വിസ് മത്സരം: സെന്റ് പീറ്റേഴ്സ് മലങ്കര കത്തോലിക്കാ ചർച്ചിന് ഒന്നാം സ്ഥാനം

ഹൂസ്റ്റൺ: ഇന്ത്യൻ ക്രിസ്ത്യൻ എക്യുമെനിക്കൽ കമ്യൂണിറ്റി ഓഫ് ഹൂസ്റ്റന്റെ (ഐസിഇസിഎച്ച്) ആഭിമുഖ്യത്തിൽ നടത്തിയ ബൈബിൾ ക്വിസ് മത്സരത്തിൽ സെന്റ് പീറ്റേഴ്സ് മലങ്കര കത്തോലിക്കാ ചർച്ച് വിജയിച്ചു. ഹൂസ്റ്റൺ ട്രിനിറ്റി മാർത്തോമ്മാ ചർച്ചിന്

ജീമോൻ റാന്നി

രണ്ടാം സ്ഥാനവും സെന്റ് ഗ്രിഗോറിയോസ് ഓർത്തഡോക്സ് ചർച്ചിന് മൂന്നാം സ്ഥാനവും ലഭിച്ചു.

ജൂലൈ 13-ന് ഞായറാഴ്ച ഉച്ചകഴിഞ്ഞ് സെന്റ് മേരീസ് മലങ്കര സിറിയക് ഓർത്തഡോക്സ് ദേവാലയത്തിൽ വെച്ചാണ് ബൈബിൾ ക്വിസ്

ന്യൻ മോർട്ട്ഗേജ്) സ്പോൺസർ ചെയ്ത ട്രോഫിയും രണ്ടാം സ്ഥാനം നേടിയ ട്രിനിറ്റി മാർത്തോമ്മാ ചർച്ചിന് റോബിൻ ഫിലിപ്പ് ആൻഡ് ഫാമിലി സ്പോൺസർ ചെയ്ത ട്രോഫിയും മൂന്നാം സ്ഥാനം നേടിയ സെന്റ് ഗ്രിഗോറിയോസ് ഓർത്തഡോക്സ് ചർച്ചിന് ചെറുകാട്ടൂർ ഫാമിലി സ്പോൺസർ ചെയ്ത ട്രോഫിയും ഐസിഇസിഎച്ച് പ്രസിഡണ്ട് റവ.ഫാ. ഡോ. ഐസക് ബി. പ്രകാശ് സമ്മാനിച്ചു.

ഹൂസ്റ്റണിലെ പതിനൊന്നു ഇടവകകളിൽ നിന്നുള്ള ടീമുകൾ മത്സരത്തിൽ പങ്കെടുത്തു.

ക്വിസ് മാസ്റ്റർമാരായി റവ. ജീവൻ ജോൺ, റവ.ഫാ. വർഗീസ് തോമസ്



സെന്റ് പീറ്റേഴ്സ് മലങ്കര കത്തോലിക്കാ ചർച്ച്



ട്രിനിറ്റി മാർത്തോമ്മാ ചർച്ച്



സെന്റ് ഗ്രിഗോറിയോസ് ഓർത്തഡോക്സ് ചർച്ച്

മത്സരം നടത്തപ്പെട്ടത്.

ഒന്നാം സ്ഥാനം നേടിയ ഹൂസ്റ്റൺ സെന്റ് പീറ്റേഴ്സ് മലങ്കര കത്തോലിക്കാ ചർച്ചിന് ജോയൽ മാത്യു (ചാ

(സന്തോഷ് അച്ചൻ) എന്നിവർ പ്രവർത്തിച്ചു. റവ.ഫാ. എം.ജെ. ഡാനിയേൽ (നോബിൾ അച്ചൻ), റവ. ദീപു എബി ജോൺ, റവ.ഫാ. ബെന്നി ഫിലിപ്പ്, സെക്രട്ടറി ഷാജൻ ജോർജ്, ട്രഷറർ രാജൻ അങ്ങാടിയിൽ, പിആർഒ. ജോൺസൺ ഉമ്മൻ, പ്രോഗ്രാം കോ-ഓർഡിനേറ്റർ ഫാൻസിമോൾ പള്ളത്ത്മഠം, നൈനാൻ വീട്ടിനാൽ, ബിജു ചാലക്കൽ, ഡോ. അന്ന ഫിലിപ്പ്, മിൽറ്റ മാത്യു, ബെൻസി, ജിനോ ജേക്കബ്, എ.ജി. ജേക്കബ്, ഷീല ചാണ്ടപ്പിള്ള, റജി ജോർജ്, ബാബു കലീന (ഫോട്ടോഗ്രാഫി) എന്നിവർ ക്വിസ് മത്സരത്തിന്റെ വിജയകരമായ നടത്തിപ്പിന് നേതൃത്വം നല്കി.

# സജി കരിമ്പന്നൂരിന് കലാ ശ്രേഷ്ഠ അവാർഡ്

പി.പി. ചെറിയാൻ

കാലിഫോർണിയ: സാഹിത്യം, സാമ്പത്തിക ശാസ്ത്രം, സാങ്കേതിക വിദ്യ, നേതൃത്വം എന്നീ മേഖലകളിൽ തന്റേതായ വ്യക്തിമുദ്ര പതിപ്പിച്ച ബഹുമുഖ പ്രതിഭ സജി കരിമ്പന്നൂർ 'കലാ ശ്രേഷ്ഠ' പുരസ്കാരത്തിന് അർഹനായി. ഏകദേശം 20 ഭാഷകളിൽ പ്രസിദ്ധീകരിച്ച ബെസ്റ്റ് സെല്ലറുകളായ



സജി കരിമ്പന്നൂർ

'The Gods of The Gods' Own Country: ദൈവത്തിന്റെ സ്വന്തം നാടിന്റെ ദൈവങ്ങൾ (തെയ്യം)', 'The Gods Must Be Crazy! ദൈവത്തിന്റെ വികൃതികൾ' എന്നിവയുടെ രചയിതാവ് എന്ന നിലയിൽ സജി ശ്രദ്ധേയനാണ്.

വിദ്യാഭ്യാസവും നേതൃത്വവും: ക്ലിന്റൺ ഗ്ലോബൽ ഇനിഷ്യേറ്റീവ് ഗിഫ്റ്റ് (ഗ്ലോബൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ടുമാറോ) ചൈനയിലെ (ഹോങ്കോംഗ് & കംബോഡിയ) യംഗ് ലീഡർഷിപ്പ് പ്രോഗ്രാമിൽ നിന്ന് ബിരുദം നേടിയ സജി, PMI-യുടെ CCL മാതൃകയിലുള്ള എക്സിക്യൂട്ടീവ് ലീഡർഷിപ്പ് പ്രോഗ്രാമും പൂർത്തിയാക്കിയിട്ടുണ്ട്.

സാങ്കേതിക വൈദഗ്ദ്ധ്യം: ഏണസ്റ്റ് & യംഗ് ഗ്ലോബൽ ക്ലയന്റുകളിലൂടെ നിരവധി വ്യവസായങ്ങളിൽ രണ്ട് പതിറ്റാണ്ടിലധികം പ്രവർത്തനപരിചയമുള്ള ഇദ്ദേഹം, എന്റർപ്രൈസ് പെർഫോമൻസിന്റെ EPM & ERP ആർക്കിടെക്റ്റും TOGAF9 സർട്ടിഫൈഡുമാണ്. ഫ്യൂച്ചർ സ്റ്റേറ്റ് സ്ട്രാറ്റജിക് ഇആർപി & ഇപിഎം ബിസിനസ് സിസ്റ്റം റോഡ്മാപ്പ് ടു ക്ലൗഡ്, ആർട്ടിഫിഷ്യൽ ഇന്റലിജൻസ് (AI) മെഷീൻ ലേണിംഗ് (ML), ബിഒടി (BOT) ഉൾപ്പെടെയുള്ള വിഷയങ്ങളിൽ ആഗോളതലത്തിൽ ഏകദേശം 50 പ്രബന്ധങ്ങൾ പ്രസിദ്ധീകരിക്കുകയും അവതരിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

പ്രധാനപ്പെട്ട സംഭാവനകൾ: ERP & EPM ആഗോള നിർവ്വഹണങ്ങളുമായുള്ള അനുഭവത്തിന്റെ അടിസ്ഥാനത്തിൽ അഞ്ച് പ്രധാന PMI പുസ്തകങ്ങൾ/മാനദണ്ഡങ്ങൾ (PMBOK, OPM3, P & PM, PMCD) എന്നിവയ്ക്ക് അദ്ദേഹം സംഭാവന നൽകിയിട്ടുണ്ട്. കൂടാതെ, PMI-യുടെ ഏറ്റവും തന്ത്രപ്രധാന മേഖലയായി AsiaPac-നെ മാറ്റിയ ടീം ഇന്ത്യ പ്രസ്ഥാനത്തിന്റെ ശില്പികൂടിയാണ് സജി.

**പ്രധാന കൃതികൾ:**

'The Gods Must Be Crazy II: A Rooseveltian Renaissance for Trump 2.0 American Renewal in the Chinese AI Century'

'The Gods Must Be Crazy! ദൈവത്തിന്റെ വികൃതികൾ: കമ്മ്യൂണിസ്റ്റ് ഈറ്റില്ലത്തിൽ നിന്നു ക്യാപ്പിറ്റലിസത്തിന്റെ കല്ലറയിലേക്ക്'.

'തെയ്യം: ദൈവത്തിന്റെ സ്വന്തം നാടിന്റെ ദൈവങ്ങൾ: കുരങ്ങനു വെച്ച കെണിയിൽ അകപ്പെട്ട, ദൈവത്തിന്റെ സ്വന്തം നാടിന്റെ മുടിയനായ പുത്രന്റെ




കുമ്പസാരം.'

"The Gods of The God's Own Country: THEYYAM: Confessions of a Monkey-Trapped Prodigal Son of The God's Own Country"

'ദൈവത്തിന്റെ സ്വന്തം നാടിന്റെ ദൈവക്കരു: കതിവന്നൂർ വീരൻ: പറയനിൽനിന്ന് പരമോന്നതിയിലേക്ക്- മലമുകളിൽനിന്ന് മനുഷ്യനിലേക്ക് (ഭാഗം 1)'

'ദൈവങ്ങൾ നൃത്തം ചെയ്ത ദിനരാത്രങ്ങൾ: ചിറക്കൽ പെരുങ്കളിയാട്ടം: ദൈവത്തിന്റെ സ്വന്തം നാടിന്റെ ദൈവങ്ങളുടെ കളിത്തൊട്ടിൽ.'

"The Night When The Gods Danced: Chirakkal Perumkaliyattam: The Cradle of The Gods of 'The Gods' Own Country' (Theyyam)"

"The Godmother of God's Own Country: Karim Chamundi"

"Tears of the Divine: Makkam: Pilgrimage in God's Own Country (The Gods of The God's Own Country)"

"The Dancing Gods: Godfathers of God's Own Country"

"Dance of the Divine: Godmothers of God's Own Country"

'ദൈവത്തിന്റെ സ്വന്തം നാടിന്റെ ദൈവങ്ങൾ: തെയ്യക്കഥകൾ: കുരങ്ങനു വെച്ച കെണിയിൽ അകപ്പെട്ട, ദൈവത്തിന്റെ സ്വന്തം നാടിന്റെ മുടിയനായ പുത്രന്റെ കുമ്പസാരം.'

ഫുൾബ്രൈറ്റ് ഫെലോ ഡോ. ഡേവിഡ് വി. മേസൺ, സംഗീത പ്രൊഫസർ ഡോ. റോൾഫ് ഗ്രോസ്ബെക്ക്, അറബ് പണ്ഡിതനും വിമർശകനുമായ ഡോ. മുസ്തഫ അൽ കിലാനി, മുൻ സിവിൽ സർവീസ് ഉദ്യോഗസ്ഥയും കലാകാരിയുമായ വിനോദിനി ജയരാമൻ തുടങ്ങിയ പ്രമുഖർ സജിയുടെ കൃതികളെയും പ്രവർത്തനങ്ങളെയും പ്രശംസിച്ചിട്ടുണ്ട്.

തെയ്യത്തെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ കൃതികൾ ആചാരങ്ങളെയും സംസ്കാരത്തെയും ആഴത്തിൽ പഠിക്കുന്നവയാണെന്ന് നിരൂപകർ അഭിപ്രായപ്പെടുന്നു.

KERALA EXPRESS പ്രവാസി താളുകൾ

# വേറിട്ട അനുഭവമായി ബെൻസൻവിൽ ദൈവാലയത്തിൽ വോളി ടൂർണമെന്റ്






ചിക്കാഗോ: ബെൻസൻവിൽ സേക്രഡ് ഹാർട്ട് ദേവാലയത്തിലെ കൂടാരയോഗതല പ്രഥമ വോളിബോൾ ടൂർണമെന്റ് ഇടവകാംഗങ്ങൾ ഏവരുടെയും പങ്കാളിത്തംകൊണ്ട് ഏറെ ശ്രദ്ധേ

**ലിൻസ് താന്നിച്ചുവട്ടിൽ**

യമായി. നാല് ടീമുകൾ മാറ്റുരച്ച ആവേശം വാനോളമുയർത്തിയ മത്സരത്തിൽ സെ. സ്റ്റീഫൻ, സെ. മൈക്കിൾ യുണൈറ്റഡ്, സെ. അഗസ്റ്റിൻ, സെ. അൽഫോൻസാ എന്നീ കൂടാരയോഗ ടീമുകൾ പങ്കെടുത്തു.

യഥാക്രമം സെ. സ്റ്റീഫൻ, സെ. മൈക്കിൾ യുണൈറ്റഡ്, സെ. അഗസ്റ്റിൻ എന്നീ ടീമുകൾ ഒന്നും രണ്ടും മൂന്നും സമ്മാനങ്ങൾ നേടി. വിജയികൾക്ക് ഏബ്രഹാം കാരാപ്പിള്ളിൽ മെമ്മോറിയൽ പുരസ്കാരങ്ങൾ ഇടവക വികാരി ഫാ. തോമസ് മുളവനാൽ സമ്മാനിച്ചു.

അസി. വികാരി ഫാ. ബിൻസ് ചേത്തലിൽ, ജോബിൻ പറമ്പടത്തുമലയിൽ, ജൂബിൻ പണിക്കശ്ശേരിൽ, സെൽവിൻ കരോട്ടുമന്നാകുളം, സുനിൽ കോയിത്തറ എന്നിവർ ടീം ലീഡേഴ്സായി ക്രമീകരണങ്ങൾക്ക് നേതൃത്വം നല്കി.



# അന്താരാഷ്ട്ര വടംവലി മത്സരം: ഡോ. സഖറിയാ തോമസും ജിജു കുളങ്ങരയും ചെയർമാന്മാർ

ഹൂസ്റ്റൺ: ടെക്സസ് ഇന്റർനാഷണൽ സ്പോർട്സ് ആൻഡ് ആർട്സ് ക്ലബിന്റെ (ടിഐഎസ്എ ക്ലബ്) ആഭിമുഖ്യത്തിൽ നടത്തപ്പെടുന്ന സീസൺ 4 അന്താരാഷ്ട്ര വടംവലി ചരിത്രസംഭവമാക്കാൻ ഹൂസ്റ്റൺ നഗരം ഒരുങ്ങുന്നു. വടംവലിയോടൊപ്പം തന്നെ ടെക്സസിലെ കലാ-കായികാസ്വാദകരെ ആകർഷിക്കാൻ വൈവിദ്ധ്യമാർന്ന പരിപാടികളാണ് സംഘാടകർ ഒരുക്കിയിരിക്കുന്നത്.


**ജീമോൻ റാന്നി**

ആയിരക്കണക്കിന് ആളുകളെ ഉൾക്കൊള്ളാൻ ശേഷിയുള്ള ഫോർട്ട് ബെൻഡ് കൗണ്ടി എപ്പിസെന്ററിലാണ് (Fort bend County Epicenter-Indoor airconditioning) ഓഗസ്റ്റ് 9-ന് ശനിയാഴ്ച മത്സരം നടക്കുന്നത്.

പ്രസിഡണ്ട് ഡാനി രാജുവിന്റെ അദ്ധ്യക്ഷതയിൽ കൂടിയ ടിസാക്ക് ഡയറക്ടർ ബോർഡ് യോഗത്തിൽ ഇവന്റ് ചെയർമാന്മാരായി ഹൂസ്റ്റണിലെ സാമൂഹിക സാംസ്കാരിക മാധ്യമ രംഗത്തെ പ്രമുഖരായ ഡോ. സഖറിയാ തോമസ് (ഷൈജു), ജിജു കുളങ്ങര എന്നിവരെ തെരഞ്ഞെടുത്തു.

യുഎസ്എ, കാനഡ, യൂറോപ്പ്, ഗൾഫ് രാജ്യങ്ങളിൽ നിന്നും നിരവധി ടീമുകളാണ് വടംവലിച്ച് ജയം പരീക്ഷിക്കാൻ എത്തുന്നത്. വിജയികൾക്കും പങ്കെടുക്കുന്നവർക്കും ക്യാഷ് അവാർഡുകളും നല്കുന്ന ഈ വൻപരിപാടിക്ക് രണ്ട് ലക്ഷത്തി അമ്പതിനായിരം ഡോളറാണ് ബജറ്റ് ചെയ്തിരിക്കുന്നതെന്ന് ചെയർമാന്മാർ പറഞ്ഞു.


ഡോ. സഖറിയാ തോമസ്


ജിജു കുളങ്ങര

ഈ വർഷത്തെ സീസൺ 4 മത്സരം ഒരു ഉത്സവമാക്കി മാറ്റുവാനുള്ള തയ്യാറെടുപ്പുകൾ തുടങ്ങിക്കഴിഞ്ഞുവെന്ന് ചെയർമാന്മാരായി ചുമതലയേറ്റെടുത്ത ഡോ. ഷൈജുവും ജിജുവും പറഞ്ഞു.

നിരവധി സിനിമകൾ നിർമ്മിക്കുകയും വിതരണം ചെയ്യുകയും ചെയ്ത യുജിഎം മൂവീസിന്റെ സ്ഥാപകൻ കൂടിയായ ഡോ. ഷൈജു ഹൂസ്റ്റൺകാർക്ക് സുപരിചിതനാണ്. ഹൂസ്റ്റണിലെ സാമൂഹിക സാംസ്കാരിക ജീവകാരുണ്യ മേഖലകളിലെ നിറസാന്നിദ്ധ്യമായ ജിജു കുളങ്ങര ഒരു മികച്ച സംഘാടകനും വ്യവസായ സംരംഭകനും മാധ്യമ പ്രവർത്തകനുമാണ്.

ഓഗസ്റ്റ് 9-ന് രാവിലെ മുതൽ വൈകുന്നേരം വരെ ഫോർട്ബെൻഡ് കൗണ്ടി എപിക് സെന്ററിൽ നടക്കുന്ന വടംവലി അമേരിക്കയിലെ പ്രഥമ ഇൻഡോർ വടംവലിയായി ചരിത്രത്തിൽ സ്ഥാനം പിടിക്കുമെന്ന് അവർ പറഞ്ഞു.

കോട്ടയം സിഎംഎസ് കോളജിന്റെ കലാ-കായിക മേഖലകളിൽ മികവ് പുലർത്തുന്ന വിദ്യാർത്ഥിനികളെ ഈ വർഷം ടിസാക് ചാരിറ്റി വിങ് സഹായിക്കും. പ്രസിഡണ്ട് ഡാനി രാജുവിന്റെ നേതൃത്വത്തിൽ 35 ബോർഡ് ഓഫ് ഡയറക്ടേഴ്സ് അടങ്ങുന്ന ടിസാക് ഹൂസ്റ്റണിലെ നിരവധി ജീവകാരുണ്യ പ്രവർത്തനങ്ങൾക്കും നേതൃത്വം നല്കിവരുന്നു.

# പ്രതിനായകന്മാർ ആഘോഷിക്കപ്പെടുമ്പോൾ...

**ചാണ്ടി കറുകപ്പറമ്പിൽ**

ഇന്ത്യൻ സിനിമയുടെ ചരിത്രത്തിലെ ഏറ്റവും വലിയ വിജയം നേടിയ "ഷോലെ" തിയേറ്ററുകളിൽ എത്തിയിട്ട് അര നൂറ്റാണ്ട് പിന്നിടുകയാണ്. അന്നുവരെ ഇന്ത്യൻ സിനിമയിൽ ആരും കണ്ടിട്ടില്ലാത്ത ദൃശ്യാനുഭവം എന്നാണ് 1975-ൽ ഷോലെയുടെ വിജയത്തെക്കുറിച്ച് മാധ്യമങ്ങളും സിനിമാനിരൂപകരും ഒരുപോലെ പ്രകീർത്തിച്ചത്. അമിതാഭ് ബച്ചൻ ബോളിവുഡിലെ സൂപ്പർസ്റ്റാർ പദവിയിലേക്ക് ഉദിച്ചുയരുന്നതിനും ധർമ്മേന്ദ്രയും സഞ്ജീവ് കുമാറും ഹേമമാലിനിയും ജയബാധുരിയും എല്ലാം അവരുടെ താര പരിവേഷം ഊട്ടി ഉറപ്പിക്കുന്നതിനും ഷോലെയുടെ അഭൂതപൂർവ്വമായ വിജയം കാരണമായിരുന്നു. എന്നാൽ ഈ നായികാനായകന്മാരെക്കാളും ആഘോഷിക്കപ്പെട്ടത് പ്രതിനായകനായ ഗബ്ബർ സിങ്ങിനെ അനശ്വരമാക്കിയ അംജിത്ത് ഖാന്റെ പ്രകടനമായിരുന്നു. ഇന്ത്യയിലെ ഗ്രാമാന്തരങ്ങളിൽവരെ ജനം ഗബ്ബർ സിങ് എന്ന കൊടും ഭീകരനായ വില്ലന്റെ മാസ്സ് ഡയലോഗുകൾ അനുകരിക്കാൻ മത്സരിക്കുന്ന കാഴ്ച സാധാരണമായിരുന്നു. ഷോലെയുടെ വിജയത്തിന്റെ തുടർചലനങ്ങൾ കേരളത്തിലെ തീരദേശ ഗ്രാമങ്ങളിൽ ഉൾപ്പെട്ട എന്റെ നാട്ടിലും എത്തിയിരുന്നു. വേമ്പനാട്ട് കായലിന്റെ ഓരത്ത് സ്ഥിതി ചെയ്തിരുന്ന സെന്റ് സേവിയേഴ്സ് എൽപി സ്കൂളിൽ പഠിക്കുന്ന കാലത്ത്, ഹൈസ്കൂളിൽ പഠിക്കുന്ന ചില ചേട്ടന്മാർ,ഗബ്ബർ സിങ്ങിന്റെ ഡയലോഗ് അനുകരിക്കുന്നത് ഇന്നും ഓർമ്മയിലുണ്ട്.


ലേഖകൻ

മലയാള സിനിമയിലെയും നിരവധി പ്രതിനായകന്മാരുടെ സംഭാഷണങ്ങൾ നമ്മൾ ആഘോഷമാക്കിയിട്ടുണ്ട്. കണ്ണപ്പനുണ്ണിയിലെ കെ.പി.ഉമ്മറുടെ "കണ്ണപ്പനുണ്ണിയുടെ കരളായ പൊന്നി നിനക്ക് സുഖമാണോ" എന്ന ഡയലോഗ് ഏറെപ്പേർ അനുകരിച്ചു കണ്ടിട്ടുണ്ട്. അതുപോലെ "ഇതാ ഇവിടെ വരെ"യിലെ മധുവിന്റെ മാസ്സ് ഡയലോഗുകളും, 1980-ൽ മഞ്ഞിൽ വിരിഞ്ഞ പൂക്കളിലൂടെ നവാഗത വില്ലനായി അവതരിച്ച മോഹൻ ലാലിന്റെ സംഭാഷണങ്ങളും ആർക്കും മറക്കാനാവില്ല. ലാലേട്ടൻ നായകനായി കത്തിക്കയറുന്ന കാലത്ത് നായകനായ പ്രതിനായകനായി തകർത്തഭിനയിച്ച ഉയരങ്ങളിൽ എന്ന സിനിമയിലെ ക്ലൈമാക്സ് ഡയലോഗും ഏറെ ആഘോഷിക്കപ്പെട്ടതാണ്. സൊ ഇൻസ്പെക്ടർ, നിങ്ങൾ ജയിക്കുന്നു അല്ലേ.... പക്ഷേ, തോറ്റുപോകാൻ എനിക്ക് ഇഷ്ടമല്ലെങ്കിലോ..... എന്ന് പറഞ്ഞു കൊക്കയിലേക്ക് എടുത്തു ചാടിയപ്പോൾ ഒരു arch villian ന്റെ heroicപരിവേഷമാണ് ചാർത്തപ്പെട്ടത്.

എന്നാൽ ഈ അടുത്ത കാലത്ത് ഏറ്റവും കൂടുതൽ ആഘോഷിക്കപ്പെട്ട കൊടും വില്ലനാണ് തുടരും സിനിമയിലെ ജോർജ് സാർ. ഒരു പക്ഷേ, സമൂഹമാധ്യമങ്ങളിൽ ഇത്രയേറെ ചർച്ചചെയ്യപ്പെടുകയും ഏറ്റവും കൂടുതൽ ആൾക്കാർ അനുകരിച്ചുകൊണ്ട് റിലീസ് ഇറക്കുകയും ചെയ്തിട്ടുള്ള മറ്റൊരു കഥാപാത്രവും വേറെ ഉണ്ടാവില്ല. തുടരും സിനിമ കണ്ടിറങ്ങിയപ്പോൾ മുതൽ പ്രകാശ് വർമ്മ അവിസ്മരണീയമാക്കിയ ഈ കാഥാപാത്രം ഒന്നു അനുകരിക്കണമെന്ന് എനിക്കും ആഗ്രഹമുണ്ടായിരുന്നു. ഒരവസരമൊത്തുവന്നപ്പോൾ ജോർജ് സാറാകാനുള്ള ഒരു എളിയ ശ്രമം ഞാനും നടത്തി.

KERALA EXPRESS പ്രവാസി താളുകൾ

# ഫൊക്കാനാ കേരളാ കൺവൻഷൻ

## 2025 ആഗസ്റ്റ് 1, 2, 3
## ഗോകുലം ഗ്രാൻഡ് റിസോർട്ട്, കുമരകം



വി. എൻ. വാസവൻ (സഹകരണ ദേവസ്വം വകുപ്പ് മന്ത്രി ഫൊക്കാനാ അംബാസഡർ)



ഡോ. സജിമോൻ ആന്റണി (പ്രസിഡന്റ്)



ശ്രീകുമാർ ഉണ്ണിത്താൻ (ജനറൽ സെക്രട്ടറി)



ജോയി ചാക്കപ്പൻ (ട്രഷറാർ)



ജോജി തോമസ് (ട്രസ്റ്റീബോർഡ് ചെയർമാൻ)



രേവതി പിള്ള (വിമൻസ് ഫോറം ചെയർ)



ജോയി ഇട്ടൻ (കേരളാ കൺവൻഷൻ ചെയർ)

# മലയാളത്തിന് അഭിമാനമായി ഫൊക്കാനയുടെ ഭാഷയ്ക്കൊരു ഡോളർ





**ജോർജി വർഗീസ്**
(കോ - ഓർഡിനേറ്റർ)

മലയാളിക്ക് മലയാളിയെ വേണം, എന്നാൽ മലയാളം വേണ്ട! ഭാഷക്കാർ എന്ന നിലയിൽ പരസ്പരമുള്ള വൈകാരിക ബന്ധത്തിൽ നാം പിന്നിലല്ലെന്ന് പറയാം. എന്നാൽ ഈ വികാരം സ്വന്തം ഭാഷയോട് പ്രകടിപ്പിക്കാൻ നമുക്ക് കഴിയാറുണ്ടോ? മാതൃഭാഷാസ്നേഹം സ്വന്തം അടിവേരുകളോടും അമ്മിഞ്ഞപ്പാലിനോടുമുള്ള കൂറിന്റെ ഭാഗമാണ്, കടന്നുവന്ന വഴികളോട് പുലർത്തുന്ന പ്രതിബദ്ധതയുടെ പര്യായമാണ്. മാതൃഭാഷയിൽ അക്ഷരം നൊട്ടിനുണഞ്ഞാണ് ആശയങ്ങളുടെ ലോകത്തേക്ക് നാമെല്ലാം പിച്ചവെച്ചത്. തുടർന്നുള്ള എല്ലാ പഠനങ്ങൾക്കും അടിത്തറയൊരുക്കിയതും ഈ ഭാഷാജ്ഞാനം തന്നെ.

എന്നാൽ അമേരിക്കൻ മലയാളികളുൾപ്പെടെ പ്രവാസി മലയാളികളിൽ നല്ലൊരു വിഭാഗത്തിന് സ്വന്തം ഭാഷയുമായുള്ള ബന്ധം ദുർബലപ്പെടുകയോ അറ്റുപോവുകയോ ചെയ്തുകൊണ്ടിരിക്കുന്നു. അങ്ങനെ പുതിയ തലമുറയിലെ നല്ലൊരു വിഭാഗം കുട്ടികൾ പാരമ്പര്യ ഭാഷയുമായി ഒരു ബന്ധവും ഇല്ലാത്ത നിലയിലാണ് വളർന്നുവരുന്നത്. ഇങ്ങനെ മലയാളികൾ മലയാളിയല്ലാതാവുന്ന അനുഭവങ്ങൾ വ്യാപകമാണ്. മറ്റു ഭാഷക്കാർക്ക് പൊതുവേ അനുഭവപ്പെടാത്ത ദുരന്തമാണിത്. പ്രവാസി മലയാളികളുടെ മാതൃഭാഷാസ്നേഹം വലിയവാർത്തയാവാറുണ്ട്. ഇത്തരം നീക്കങ്ങളോട് പുറംതിരിഞ്ഞു നിൽക്കുന്ന ധാരാളം പേർ അമേരിക്കയിൽ ഉണ്ടെന്നു കൂടി അറിയണം.

നമ്മുടെ കുട്ടികളിൽ പലർക്കും ഭാഷയുടെ പദസമ്പത്തും പുതിയ വസ്തുക്കളേയും വസ്തുതകളേയും ഉൾക്കൊള്ളാനുള്ള പ്രാപ്തിയും ദയനീയമാണ്. ഇത് ഭാഷയുടെ കുഴപ്പമല്ല, ഭാഷക്കാരുടെ കെടുകാര്യസ്ഥതയും ഭാഷയോടുള്ള പുച്ഛവുമാണ് കാണിക്കുന്നത്. പുതിയ മാറ്റങ്ങളേയും ഭാവങ്ങളേയും ഉൾക്കൊള്ളാൻ തന്റെ ഭാഷ പര്യാപ്തമല്ലെന്ന ബോധം പുതിയ തലമുറയിൽ ഉടലെടുക്കുമ്പോൾ അവർ ഭാഷയെ അവഗണിക്കുകയും ആശയാവിഷ്ക്കാരത്തിന് മറ്റു ഭാഷകളുടെ സഹായം തേടുകയും ചെയ്യുക സ്വാഭാവികമല്ലേ?

മാതൃഭാഷയോടുള്ള നമ്മുടെ മനോഭാവം മാറാത്തിടത്തോളം ഒരു പദവിയും മലയാളത്തെ രക്ഷിക്കില്ല. സ്വന്തം ഭാഷയോട് പുച്ഛവും അവഗണനയും തോന്നാതിരിക്കാൻ നാം നമ്മുടെ മക്കളെ മലയാളത്തിന്റെ മക്കളായി വളർത്താൻ ശ്രമിക്കണം. നമുക്ക് വേണ്ടാത്ത ഭാഷയായി മലയാളം മാറാൻ നമ്മേ തന്നെ അനുവദിക്കരുത്. അതിനാണ് ഭാഷയ്ക്കൊരു ഡോളർ എന്ന മഹത്തായ പദ്ധതിക്കു ഫൊക്കാന തുടക്കമിട്ടു ഇന്നുവരെ ഏറ്റവും ഭംഗിയായി പരിപാലിച്ചു പോരുന്നത്.

നാടും വീടും വിട്ട് അമേരിക്കയുടെ തണലിലേക്ക് ചേക്കേറിയ ഒരായിരം മലയാളി സഹോദരങ്ങളെ ഒരു കുടക്കീഴിൽ ഒന്നിച്ചു ചേർക്കുന്ന സംഘടനയാണ് ഫൊക്കാന. അമേരിക്കൻ മലയാളികളുടെ ഐക്യത്തിന്റെയും സ്നേഹബന്ധത്തിന്റെയും മുഖമുദ്രയായ സംഘടന. അമേരിക്കയുടെ മണ്ണിൽ കാലുകുത്തിയ മലയാളികൾ ജാതിയുടെയും മതത്തിന്റെയും പേരിൽ ഒത്തുകൂടി സംഘടനകൾ രൂപീകരിച്ചു തുടങ്ങിയപ്പോൾ ഈ വ്യത്യസ്തതയെ കോർത്തിണക്കാൻ 1983-ൽ ന്യൂയോർക്കിൽ സ്ഥാപിതമായ സംഘടനകളുടെ ഫെഡറേഷൻ ആണ് ഫൊക്കാന. 'വർണവൈവിധ്യമായ പലതരം മുത്തുകളെ ഒരു നൂലിൽ കോർത്തെടുത്തതാണ് ഐക്യഭാരതം' എന്ന ഡോ. രാജേന്ദ്ര പ്രസാദിന്റെ വാചകങ്ങൾ ഇവിടെയും അർത്ഥവത്താവുകയാണ്. അമേരിക്കയിൽ പലസ്ഥലത്തായി രൂപംകൊണ്ട സാംസ്കാരിക സംഘടനകളെ ഒരു നൂലിഴയിൽ കോർത്ത് മനോഹരമായ മാല തീർക്കാൻ ഫൊക്കാന എന്ന സംഘടന സ്ഥാപിതമായി. അങ്ങനെ അമേരിക്കൻ മലയാളികളുടെ സംഘടകളുടെ സംഘടനയായ ഫൊക്കാന, ഏൽപ്പിക്കപ്പെട്ട കർമ്മങ്ങൾ നാളിതുവരെ ഭംഗിയായി നിർവ്വഹിച്ചു എന്ന് പറയുന്നതിൽ കൃതജ്ഞതയുണ്ട്. ഇത്തവണ ഫൊക്കാനയുടെ എക്കാലത്തെയും മികച്ചതും ഫൊക്കാനയെ ലോക മലയാളികൾക്കിടയിൽ അറിയപ്പെടുന്ന അമേരിക്കൻ മലയാളികളുടെ സംഘടനയായ ഭാവനാത്മകവും ഭാഷാ സമർപ്പിതവും മാതൃകാപരവുമായ ഒരു സ്വപ്ന പദ്ധതിയാണ് ഭാഷയ്ക്കൊരു ഡോളർ.

മുലപ്പാലിനൊപ്പം നുകർന്ന മാതൃഭാഷയോടുള്ള സ്നേഹ പ്രകടനമാണ് പദ്ധതി. 30 വർഷം മുൻപ് കേരള സർവകലാശാലയുമായി ചേർന്ന് ആവിഷ്ക്കരിച്ച ശ്രദ്ധേയ പദ്ധതിയാണിത്. ഫൊക്കാനയുടെ കൈകളിലൂടെ ഭാഷാവനിതയ്ക്ക് സമർപ്പിതമാകുന്ന ഒരമൂല്യ അർച്ചന. ജന്മനാട്ടിൽ മലയാളം മൃതഭാഷയാകുമ്പോൾ ജീവിതം തേടി പുറപ്പെട്ട് ഏഴാം കടലിനക്കരെ അന്യമായി ഒരു സംസ്ക്കാരത്തിൽ ജീവിക്കുവാൻ സ്വന്തം മാതൃഭാഷയെ പറ്റി അമേരിക്കൻ മലയാളികൾ ചിന്തിക്കുന്നു. സ്വന്തം അദ്ധ്വാനത്തിൽനിന്നും ഒരു ഡോളർ ഭാഷയുടെ കാണിക്കവഞ്ചിയിൽ നിക്ഷേപിക്കുന്നു. മാതൃഭാഷ പഠനത്തിനും ഗവേഷണത്തിനും വേണ്ടി സാമർത്ഥ്യം വിനിയോഗിക്കുന്നവർക്ക് നൽകാൻ ഫൊക്കാന കൺവൻഷനിൽ പങ്കെടുക്കുന്നവർ ഒരു ഡോളർ വീതം സംഭാവന ചെയ്യുന്ന പദ്ധതിയാണിത്. പണത്തിന്റെ മൂല്യത്തേക്കാൾ പങ്കാളിത്തത്തിന് പ്രാധാന്യം കൊടുക്കുന്ന പദ്ധതിയായിട്ടാണ് ഇത് ആവിഷ്ക്കരിച്ചത്. കേരള സർവകലാശാലയിലെ മികച്ച മലയാളം പ്രബന്ധത്തിനു അൻപതിനായിരം രൂപയും പ്രശസ്തിപത്രവും നൽകും. മലയാളത്തിലെ ഏറ്റവും സുതാര്യമായ ഒരു പുരസ്കാരം കൂടിയാണ് ഇത്.

ആഗസ്റ്റ് 2-ാം തീയതി കുമരകം ഗോകുലം ഗ്രാന്റ് റിസോർട്ടിൽ നടക്കുന്ന ഭാഷയ്ക്കൊരു ഡോളർ പുരസ്കാര ചടങ്ങിൽ കേരളാസർവ്വകലാശാല പ്രതിനിധികൾ, സാംസ്കാരിക, സാഹിത്യ പ്രവർത്തകരും പങ്കെടുക്കും.

# ഫൊക്കാന വിമെൻസ് ഫോറം സ്കോളർഷിപ്പ് വിതരണം ഓഗസ്റ്റ് 2ന് ഫൊക്കാന കേരളാ കൺവൻഷനിൽ

അമേരിക്കയിലെ മലയാളികളുടെ സംഘടനകളുടെ സംഘടനായ ഫൊക്കാന കേരളത്തിന്റെ വിദ്യാഭ്യാസ രംഗത്ത് കാരുണ്യ സ്പർശമായി മാറുന്നു. പ്രൊഫഷണൽ വിദ്യാഭ്യാസ മേഖലയിൽ ഫൊക്കാനാ അതിന്റെ സഹായം ഈ വർഷവും തുടരുകയാണ്. അതിന്റെ ഭാഗമായി ഫൊക്കാനാ കൺവൻഷനോട് അനുബന്ധിച്ചു ഓഗസ്റ്റ് 2-ന് നടത്തുന്ന വിമൻസ് ഫോറം സെമിനാറിൽ വെച്ച് 25 സമർത്ഥരായ നിർദ്ധന പ്രൊഫഷണൽ വിദ്യാർത്ഥി വിദ്യാർത്ഥിനികൾക്ക് 50000.00 രൂപാ വീതം സ്കോളർഷിപ്പു നൽകുമെന്ന് വിമൻസ് ഫോറം ചെയർപേഴ്സൺ രേവതി പിള്ള അറിയിച്ചു.

ജീവിത കാലത്ത് ഒരു വ്യക്തിക്ക് നൽകുവാൻ കഴിയുന്ന ഏറ്റവും വലിയ നിക്ഷേപമാണ് വിദ്യാഭ്യാസം. ശരിയായ സമയത്തു ശരിയായ നിക്ഷേപം നടത്തുകയാണെങ്കിൽ ഭാവിയിൽ മികച്ച നേട്ടം സ്വന്തമാക്കാൻ ഈ കുട്ടികൾക്ക് കഴിയും. അതിന് അവരെ പ്രാപ്തരാകുന്നതിന് വേണ്ടിയുള്ള ധന സഹായമായാണ് ഫൊക്കാനയുടെ ഈ സ്കോളർഷിപ്പ് പ്രോഗ്രാം. ഒരു പ്രവാസി സംഘടന നൽകുന്ന ഏറ്റവും വലിയ സ്കോളർഷിപ്പാണ് ഫൊക്കാന വിമെൻസ് ഫോറത്തിന്റെ സ്കോളർഷിപ്പ് പ്രോഗ്രാം.

സമൂഹത്തിന്റെ ആവശ്യമനുസരിച്ച് വിവിധ തുറകളിൽ വൈദഗ്ദ്ധ്യം സിദ്ധിച്ചവരെ ഉണ്ടാക്കുന്നതിനായി ഫൊക്കാന നൽകുന്ന സഹായമാണ് ഈ സ്കോളർഷിപ്പ് പ്രോഗ്രാം. ഫൊക്കാനയുടെ 2024-26 വർഷത്തേക്കുള്ള പുതിയ ഭരണസമിതി പ്രവർത്തനമണ്ഡലത്തിൽ വലിയൊരു നാഴികല്ലായി മാറുന്ന പല ചാരിറ്റിപ്രവർത്തനങ്ങളാണ് കേരളാ കൺവൻഷനിൽ വിഭാവനം ചെയ്തിരിക്കുന്നത്. അതിൽ ഏറ്റവും പ്രാധാന്യമർഹിക്കുന്ന ഒന്നാണ് വിമെൻസ് ഫോറം സ്കോളർഷിപ്പ് പ്രോഗ്രാം എന്ന് പ്രസിഡന്റ് സജിമോൻ അഭിപ്രായപ്പെട്ടു.

പണമില്ലാത്തതിന്റെ പേരിൽ പല വിദ്യാർഥികൾക്കും പഠിക്കാനുള്ള അവസരം നഷ്ടപ്പെടുന്നതായി പലപ്പോഴും നാം കാണാറുണ്ട്. പഠനം സുഗമമാക്കുന്നതിന് സാമ്പത്തിക സഹായം ആവശ്യമായതിനാൽ സമർത്ഥരായ വിദ്യാർത്ഥികളെ അർഹമായ സ്കോളർഷിപ്പുകളിലൂടെ സഹായിക്കുക എന്നതാണ് ഫൊക്കാനയുടെ ലക്ഷ്യം. ഈ സ്കോളർഷിപ്പിനൊപ്പം മറ്റ് അർഹമായ സ്കോളർഷിപ്പു കണ്ടുപിടിച്ചു നൽകുന്നതിനും ഫൊക്കാന സഹായിക്കുന്നതാണ്.

വിദ്യാഭ്യാസ ജീവിത ചെലവുകൾ വർദ്ധിച്ചു വരികയാണ്, ഇത് താങ്ങാൻ പല രക്ഷിതാക്കളും ബുദ്ധിമുട്ടുന്നത് കാണാം, പലർക്കും വിദ്യാഭ്യാസം ഒരു ബാധ്യത ആവുന്നത് കാണാം. ചിന്തിക്കുകയും വലിയ സ്വപ്നങ്ങൾ കാണാൻ പ്രാപ്തരാക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോട് നമ്മുടെ കുട്ടികൾക്ക് ഒരു കൈത്താങ്ങ് നൽകാനാണ് ഫൊക്കാന ശ്രമിക്കുന്നത്.

കേരളത്തിനകത്തും പുറത്തും മലയാളികളുടെ ഉന്നമനത്തിനായി പ്രവർത്തിക്കുന്ന സംഘടനയാണ് ഫൊക്കാന, നാം വളരെ അധികം ചാരിറ്റി പ്രവർത്തനങ്ങൾ കേരളത്തിൽ ഈ കേരളാ കൺവൻഷനോട് അനുബന്ധിച്ചു ചെയ്യുന്നുണ്ടെന്ന് വിമൻസ് ഫോറം ദേശീയ ചെയർപേഴ്സൺ രേവതി പിള്ള അറിയിച്ചു.

ഏവരെയും കുമരകത്ത് നടക്കുന്ന കേരളാ കൺവൻഷനിലേക്കു സ്നേഹത്തോടെ സ്വാഗതം ചെയ്യുന്നതായി ഫൊക്കാനാ പ്രസിഡന്റ് സജിമോൻ ആന്റണി, സെക്രട്ടറി ശ്രീകുമാർ ഉണ്ണിത്താൻ, ട്രഷറർ ജോയി ചാക്കപ്പൻ, എക്സി. വൈസ് പ്രസിഡന്റ് പ്രവീൺ തോമസ്, വൈസ് പ്രസിഡന്റ് വിപിൻ രാജു, ജോയിന്റ് സെക്രട്ടറി മനോജ് ഇടമന, ജോയിന്റ് ട്രഷറർ ജോൺ കല്ലോലിക്കൽ, അഡീഷണൽ ജോയിന്റ് സെക്രട്ടറി അപ്പുകുട്ടൻ പിള്ള, അഡീഷണൽ ജോയിന്റ് ട്രഷറർ മില്ലി ഫിലിപ്പ്, വിമൻസ് ഫോറം ചെയർപേഴ്സൺ രേവതി പിള്ള, ട്രസ്റ്റീ ബോർഡ് ചെയർ ജോജി തോമസ്, കേരളാ കൺവൻഷൻ ചെയർ ജോയി ഇട്ടൻ, കൺവൻഷൻ കോ-ഓർഡിനേറ്റർ പോൾ കറുകപ്പള്ളിൽ മറ്റ് കമ്മിറ്റി മെമ്പേഴ്സ് എന്നിവർ അറിയിച്ചു.

കേരളാ കൺവൻഷനിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ ഇതുവരെ രജിസ്റ്റർ ചെയ്തിട്ടില്ലെങ്കിൽ സജിമോൻ ആന്റണി 862 -438 -2361 ,സെക്രട്ടറി ശ്രീകുമാർ ഉണ്ണിത്താൻ 914 -886 -2655, ട്രഷറർ ജോയി ചാക്കപ്പൻ 201 -563 -6294 എന്നിവരുമായി ബന്ധപ്പെടുക.

## FOKANA WOMENS FORUM



REVATHI PILLAI
CHAIRPERSON




BILU KURIAN, CANADA
WOMEN'S FORUM CO-CHAIR



SHEELA CHERU, TX
WOMEN'S FORUM CO-CHAIR



SRIVIDYA RAMACHANDRAN , MA
WOMEN'S FORUM CO-CHAIR .



SAROOPA ANIL, DC
WOMEN'S FORUM CO-CHAIR .



SUBI BABU, ATLANTA
WOMEN'S FORUM SECRETARY



SHOJI SINOY, CANADA
EXE COMMITTEE MEMBER.



SOSAMMA ANDREWS, NY
EXE COMMITTEE MEMBER.



ABJA ARUN, DC
EXE COMMITTEE MEMBER.



KAVITHA MENON, CANADA
EXE COMMITTEE MEMBER.



LIZY THOMAS, PA
EXE COMMITTEE MEMBER.



SHEETHAL DWARAKA, NH
EXE COMMITTEE MEMBER.



ELSIE VITHAYATHIL, MA
EXE COMMITTEE MEMBER



PRIYA LOUIS , NJ
EXE COMMITTEE MEMBER



SUNAINA CHACKO, IL
EXE COMMITTEE MEMBER



USHA CHACKO, NY
EXE COMMITTEE MEMBER



SHEENA ABRAHAM, FL
EXE COMMITTEE MEMBER



JAINY JOHN , FL
EXE COMMITTEE MEMBER

# ഡോ. എം. അനിരുദ്ധൻ ഓർമ്മകളിലൂടെ



ചിക്കാഗോ: 1990-ൽ ചിക്കാഗോ മലയാളി അസോസിയേഷന്റെ ഓണാഘോഷപരിപാടിയിൽ വെച്ചാണ് ഞാൻ ഡോ. എം. അനിരുദ്ധനെ പരിചയപ്പെടുന്നത്. ഫൊക്കാനയുടെ സ്ഥാപക പ്രസിഡണ്ട് എന്ന നിലയിൽ വളരെ ആദരവോടെയാണ് ഞാൻ അദ്ദേഹത്തെ ശ്രവിച്ചത്. ആ പരിചയം 35 സംവത്സരങ്ങൾ നീണ്ടുനിന്ന ഒരു വലിയ സൗഹൃദത്തിന്റെ തുടക്കമായിരുന്നു. 1992-1994 കാലഘട്ടത്തിൽ ഡോ. അനിരുദ്ധൻ ചിക്കാഗോ മലയാളി അസോസിയേഷൻ പ്രസിഡണ്ടായി. അസോസിയേഷന്റെ 21-ാമത് വാർഷികം വിപുലമായി ആഘോഷിച്ചു. നാട്ടിൽ നിന്നും വയലാർ രവി, ബാലചന്ദ്രമേനോൻ, പ്രഫ. കെ. എം. തരകൻ എന്നിവർ അതിഥികളായി പങ്കെടുത്തു. ആ പ്രോഗ്രാമിന്റെ കൺവീനറായി എന്നെ അദ്ദേഹം നിയമിച്ചു. സാബു തോമസായിരുന്നു സെക്രട്ടറി. വളരെ ചിട്ടയായി നടത്തപ്പെട്ട ആ പ്രോഗ്രാം അസോസിയേഷന് പുത്തൻ ഉണർവ് നല്കി.


1999-2000 കാലഘട്ടത്തിൽ ചിക്കാഗോ മലയാളി അസോസിയേഷന്റെ പ്രസിഡണ്ടായി ഞാൻ തെരഞ്ഞെടുക്കപ്പെട്ടു. അന്നത്തെ സെക്രട്ടറിയായിരുന്ന ജോർജ് ഏബ്രഹാം (ജോർജുകുട്ടി) ഇന്ന് പത്തനംതിട്ട ജില്ലാ പഞ്ചായത്ത് പ്രസിഡണ്ടാണ്. പുത്തൻ നൂറ്റാണ്ടിലേക്ക് പ്രവേശിക്കുന്നതിന്റെ ഭാഗമായി മലയാളി സംഗമം എന്ന പേരിൽ ഒരു ബാങ്ക്വറ്റ് സമ്മേളനം സംഘടിപ്പിച്ചു. ഡോ. അനിരുദ്ധനായിരുന്നു ആ സമ്മേളനത്തിന്റെ ചെയർമാൻ. കെ.എം. മാണി സാറായിരുന്നു മുഖ്യാതിഥി. ജോസ് കെ. മാണിയും അന്നത്തെ സമ്മേളനത്തിൽ പങ്കെടുത്തിരുന്നു. ജോസ് കെ. മാണി അന്ന് രാഷ്ട്രീയജീവിതം ആരംഭിച്ചിരുന്നില്ല.

ഫൊക്കാനയുടെ പ്രസിഡണ്ടായി ഡോ. അനിരുദ്ധൻ മൂന്നാമത്തെ തവണ ആ വർഷം തെരഞ്ഞെടുക്കപ്പെട്ടു.



അദ്ദേഹം 2001 ആഗസ്റ്റ് 10, 11, 12 തീയതികളിൽ കൊച്ചിയിലെ ടാജ് മലബാർ ഹോട്ടലിൽ വെച്ച് വിപുലമായ രീതിയിൽ ഫൊക്കാനയുടെ പ്രഥമ കേരള കൺവൻഷൻ സംഘടിപ്പിച്ചു. ആ കൺവൻഷന്റെ ജനറൽ കൺവീനറായി പ്രവർത്തിക്കുവാൻ എനിക്ക് അവസരം ലഭിച്ചു. രാഷ്ട്രീയ, സാംസ്കാരിക, സാഹിത്യ രംഗത്ത് പ്രവർത്തിച്ചിരുന്ന പ്രശസ്തരെയെല്ലാം ആ വേദിയിലെത്തിക്കുവാൻ അദ്ദേഹത്തിനു സാധിച്ചു. സമാപന സമ്മേളനത്തിലെ മൂന്നു മുഖ്യമന്ത്രിമാരുടെ സാന്നിദ്ധ്യം കൗതുകമുണർത്തി. എ.കെ. ആന്റണി, കെ. കരുണാകരൻ, ഇ.കെ. നായനാർ തുടങ്ങിയ പ്രഗത്ഭരുടെ ഒരു നീണ്ട നിരതന്നെ വേദിയിലുണ്ടായിരുന്നു. സമാപന സമ്മേളനത്തിൽ സ്വാഗതപ്രസംഗം ചെയ്യുവാൻ എനിക്ക് അവസരം ലഭിച്ചു. തുടർന്ന് ഉദ്ഘാടകനായിരുന്ന മുഖ്യമന്ത്രി എ.കെ. ആന്റണി പ്രസംഗിച്ചപ്പോൾ എന്റെ മലയാള ഭാഷാശൈലിയെ അദ്ദേഹം അഭിനന്ദിച്ചത് എനിക്ക് വലിയ ഒരു അംഗീകാരമായിരുന്നു. അന്നത്തെ കേരളാ കൺവൻഷനിൽ പങ്കെടുത്തവർക്ക് ഒരിക്കലും മറക്കാൻ പറ്റാത്ത അനുഭവമായിരുന്നു ആ കൺവൻഷൻ സമ്മാനിച്ചത്. മന്ത്രിമാർ, ജനപ്രതിനിധികൾ, സാഹിത്യകാരന്മാർ തുടങ്ങിയ ഒരു വമ്പിച്ച നേതൃനിര ടാജ് മലബാർ ഹോട്ടലിലേക്ക് ഒഴുകിയെത്തി. കേരളത്തിലെ മാധ്യമശ്രദ്ധ പിടിച്ചുപറ്റുവാൻ ഫൊക്കാനയ്ക്ക് കഴിഞ്ഞത് ഡോ. എം. അനിരുദ്ധന്റെ നേതൃപാടവം കൊണ്ട് മാത്രമായിരുന്നു.

2002 ജൂലൈ മാസത്തിൽ ചിക്കാഗോ ഡൗൺ ടൗണിന്റെ ഹൃദയഭാഗത്ത് സ്ഥിതി ചെയ്യുന്ന ഷെറാട്ടൺ ഹോട്ടലിൽ വെച്ച് ഫൊക്കാന കൺവൻഷൻ വിജയകരമായി നടത്തപ്പെട്ടു. നാട്ടിൽനിന്നും മന്ത്രിമാരുൾപ്പെടെ പ്രശസ്തരുടെ ഒരു നീണ്ട നിരതന്നെ ആ കൺവൻഷനിൽ പങ്കെടുത്തു. ആ കൺവൻഷന്റെ ചെയർമാനെന്ന നിലയിൽ പ്രവർത്തിക്കുവാൻ എനിക്ക് അവസരം ലഭിച്ചു. ആ കൺവൻഷനിൽ വെച്ചു നടന്ന തെരഞ്ഞെടുപ്പിൽ നാഷണൽ കമ്മിറ്റിയിലേക്ക് ഏറ്റവും കൂടുതൽ വോട്ടുകൾ നേടി വിജയിക്കുവാനും സാധിച്ചു. സംഘടനാ പ്രവർത്തനത്തോടൊപ്പം മാധ്യമപ്രവർത്തനവുമായും മുന്നോട്ടു നീങ്ങുവാൻ ഡോ. അനിരുദ്ധന്റെ പ്രോത്സാഹനം എനിക്കു കരുത്തു നല്കി. കേരളാ എക്സ്പ്രസ് പത്രത്തിന്റെ പങ്കാളിയും എക്സിക്യൂട്ടീവ് എഡിറ്ററായും ഞാൻ പ്രവർത്തനം ആരംഭിച്ചത് 2000 ജനുവരി 1-ാം തീയതി മുതലായിരുന്നു. കേരളാ എക്സ്പ്രസ്സിന്റെ സ്ഥാപകനും മുഖ്യപത്രാധിപരുമായ കെ.എം. ഈപ്പനുമായുള്ള ഡോ. അനിരുദ്ധന്റെ സൗഹൃദം വളരെ ആഴത്തിലുള്ളതായിരുന്നു.



ജോസ് കണിയാലി

ഏതു പ്രതികൂല സാഹചര്യത്തെയും സൗമ്യമായും ശാന്തമായും നേരിടുവാനുള്ള അദ്ദേഹത്തിന്റെ ശൈലി പ്രത്യേകം ശ്രദ്ധേയമായിരുന്നു. മന്മഥൻ നായർ, പോൾ കറുകപ്പള്ളിൽ, ജോൺ ഐസക് (ഷിബു), മറിയാമ്മ പിള്ള, ആനി പോൾ, ഐ. വർഗീസ്, മാത്യു കൊക്കൂറ, നൈനാൻ ചാണ്ടി, ടി.എസ്. ചാക്കോ, പാർത്ഥസാരഥി പിള്ള, സണ്ണി വൈക്ലിഫ്, ലീല മാരേട്ട്, ഡോ. മാമ്മൻ സി. ജേക്കബ് തുടങ്ങി ഫൊക്കാനയുടെ ഒരു നീണ്ട നേതൃനിര ഡോ. അനിരുദ്ധന് കൈത്താങ്ങായി എപ്പോഴും ഉണ്ടായിരുന്നു.

ഇടയ്ക്കൊക്കെ സമയം കിട്ടുമ്പോൾ അദ്ദേഹം ഏതേലും റെസ്റ്റോറന്റിൽ പോകാമെന്ന് പറയും. കൂടെ ബാബു മാത്യു, അഗസ്റ്റിൻ കരിംകുറ്റിയിൽ എന്നിവരും കുടുംബസമേതം കാണും. ഞങ്ങൾ രണ്ട് മൂന്ന് മണിക്കൂർ സംസാരിച്ചിരിക്കും. അത് വലിയൊരു സ്നേഹത്തിന്റെ, സൗഹൃദത്തിന്റെ, ആത്മാർത്ഥതയുടെ കൂട്ടായ്മയായിരുന്നു. അദ്ദേഹം കോഴിക്കോട്ട് ബിസിനസ് ആരംഭിച്ചപ്പോൾ തിരക്കും വർദ്ധിച്ചു. അതോടെ കൂട്ടായ്മകളുടെ ദൈർഘ്യവും വർദ്ധിച്ചു.

എന്റെ പൊതുരംഗത്തെ പ്രവർത്തനങ്ങൾക്കും വളർച്ചയ്ക്കും ഞാൻ വളരെയധികം കടപ്പെട്ടിരിക്കുന്ന ഒരു വ്യക്തിയാണ് ഡോ. എം. അനിരുദ്ധൻ. ഇത്ര പെട്ടെന്ന് ഒരു വേർപാട് ഒരിക്കലും പ്രതീക്ഷിച്ചിരുന്നില്ല. എന്നോടും എന്റെ കുടുംബത്തോടും കാണിച്ചിട്ടുള്ള പ്രത്യേക സ്നേഹത്തിനും സൗഹൃദത്തിനും കരുതലിനും ഈ കൊച്ചനിയന്റെ കൂപ്പുകൈ!



















# ഡോ. എം. അനിരുദ്ധൻ ഓർമ്മകളിലൂടെ






























കേരളാ എക്സ്പ്രസ് വാരാന്ത്യം

# നിപ്പയെ പൂട്ടാൻ പുതിയ അവതാരം

ലേഖനം



സുരേഷ്കുട്ടി



കേരളത്തിന്റെ നെഞ്ചിൽ തീ കോരിയിട്ട പേരാണ് നിപ്പ. ഓരോ തവണ അതിന്റെ പേര് കേൾക്കുമ്പോഴും നമ്മുടെ മനസ്സിൽ ഭയത്തിന്റെ ഒരു കാർമേഘം ഉരുണ്ടുകൂടും. അത്ര ഭീകരനാണ് ഈ വൈറസ്. 50 മുതൽ 100 ശതമാനം വരെയാണ് നിപ്പ കൊണ്ടുള്ള മരണനിരക്ക്.

ചികിത്സാരംഗത്ത് ചില ആന്റിബോഡികൾ ഉപയോഗിക്കുന്നുണ്ടെങ്കിലും, നിപ്പ വൈറസ് ഒരു കൗശലക്കാരനായ ശത്രുവാണ്. നമ്മുടെ പ്രതിരോധത്തെയും മരുന്നുകളെയും വെട്ടിച്ച് രക്ഷപ്പെടാൻ, അതിന് സ്വന്തം രൂപം മാറ്റാൻ (മ്യൂട്ടേഷൻ) കഴിയും. ഈ കഴിവിനെയാണ് 'വൈറൽ എസ്കേപ്പ്' എന്ന് പറയുന്നത്. അതായത്, ഇന്ന് ഫലപ്രദമാകുന്ന ഒരു മരുന്ന്, നാളെ രൂപം മാറിയ വൈറസിന് മുന്നിൽ നിഷ്ഫലമായേക്കാം.

ഈയൊരു വലിയ വെല്ലുവിളിക്ക് അന്ത്യം കുറിക്കാൻ ശേഷിയുള്ള ഒരു പുതിയ സൂപ്പർ ആയുധത്തിന്റെ കഥയാണ് ശാസ്ത്രലോകം ഇപ്പോൾ ആവേശത്തോടെ പങ്കുവെക്കുന്നത്.

തുടക്കം പെഡ്രോ എന്ന് പേരുള്ള ഒരു അൽപാക്കയിൽ നിന്നാണ്. ഒട്ടകങ്ങളുടെയും ലാമകളുടെയും കുടുംബത്തിൽപ്പെട്ട അൽപാക്ക എന്ന ഈ സാധുമൃഗത്തിന് ഒരു പ്രത്യേക കഴിവുണ്ട്. അവയുടെ ശരീരത്തിൽ വളരെ ചെറിയ, എന്നാൽ അതിശക്തമായ ആന്റിബോഡികൾ രൂപം കൊള്ളും. 'നാനോബോഡികൾ' (nano-bodies) എന്നാണ് ഇവ അറിയപ്പെടുന്നത്. ഇവയുടെ വലിപ്പക്കുറവ് ഒരു അനുഗ്രഹമാണ്.

ശാസ്ത്രജ്ഞർ ഒരു തന്ത്രം പ്രയോഗിച്ചു. നിപ്പ വൈറസിന്റെ പുറംചട്ടയിലുള്ള 'ഫ്യൂഷൻ പ്രോട്ടീൻ' (Fusion glycoprotein - F) എന്ന ഭാഗം വേർതിരിച്ചെടുത്ത് പെഡ്രോയുടെ ശരീരത്തിൽ കുത്തിവെച്ചു. ഈ ഫ്യൂഷൻ പ്രോട്ടീനാണ് നമ്മുടെ കോശങ്ങളിലേക്ക് തുളച്ചുകയറി വൈറസിനെ ഉള്ളിലെത്തിക്കുന്ന താക്കോൽ.

പെഡ്രോയുടെ ശരീരം ഈ 'അപരിചിതനായ' ശത്രുവിനെതിരെ അതിന്റെ കുഞ്ഞൻ ആയുധങ്ങളെ, അതായത് നാനോബോഡികളെ, പുറത്തെടുത്തു. പെഡ്രോയുടെ രക്തത്തിൽ നിന്ന് ഈ നാനോബോഡികളെ വേർതിരിച്ചെടുത്ത ശാസ്ത്രജ്ഞർ അതിലൊരു കിടിലൻ പോരാളിയെ കണ്ടെത്തി DS90.

DS90 അതിശക്തനായിരുന്നു. നിപ്പ വൈറസിന്റെ ഫ്യൂഷൻ പ്രോട്ടീനിലെ, സാധാരണഗതിയിൽ മറ്റു ആന്റിബോഡികളുടെ കണ്ണിൽപ്പെടാത്ത, ഒരു പ്രത്യേക ഭാഗത്ത് ചെന്ന് ഒരു ചവണ പോലെ പിടികൂടാൻ DS90ക്ക് കഴിഞ്ഞു. ഈ പിടിവീഴുന്നതോടെ വൈറസിന്റെ താക്കോൽ ഉപയോഗശൂന്യമാകും. അതിന് നമ്മുടെ കോശങ്ങളെ തുറക്കാൻ കഴിയില്ല. അങ്ങനെ വൈറസ് അണുബാധ തടയപ്പെടുന്നു. ഈ കണ്ടെത്തൽ വലിയൊരു മുന്നേറ്റമായിരുന്നു.

പക്ഷേ, ശത്രു നിപ്പയാണ്. അവൻ ഒരു വഴി അടച്ചാൽ വേറെ വഴി നോക്കും. അതായത്, ഫ്യൂഷൻ പ്രോട്ടീനിൽ രൂപമാറ്റം വരുത്തി DS90-ൽ നിന്ന് രക്ഷപ്പെടാൻ ശ്രമിച്ചേക്കാം.

ഇവിടെയാണ് ശാസ്ത്രജ്ഞർ തങ്ങളുടെ തുറുപ്പുചീട്ട് ഇറക്കിയത്. ഒരേസമയം രണ്ട് ലക്ഷ്യങ്ങളെ ആക്രമിക്കാൻ ശേഷിയുള്ള ഒരു 'ബിസ്പെസിഫിക്' (bispecific) ആയുധം.

അവർ തങ്ങളുടെ പുതിയ നാനോബോഡിയായ DS90യെ നിലവിൽ നിപ്പയ്ക്കെതിരെ ഉപയോഗിക്കുന്ന m102.4 എന്ന ആന്റിബോഡിയുമായി ജനിതക സാങ്കേതികവിദ്യ ഉപയോഗിച്ച് വിളക്കിച്ചേർത്തു. ഈ m102.4 ആന്റിബോഡിയുടെ ലക്ഷ്യം ഫ്യൂഷൻ പ്രോട്ടീൻ അല്ല, മറിച്ച് വൈറസ് നമ്മുടെ കോശങ്ങളിൽ ആദ്യം പിടിക്കാൻ ഉപയോഗിക്കുന്ന 'റിസെപ്റ്റർ ബൈൻഡിംഗ് പ്രോട്ടീൻ' (RBP) എന്ന മറ്റൊരു ഭാഗമാണ്.

അതായത്, ഈ പുതിയ സംയുക്ത ആയുധത്തിന് – DS90-m102.4-ന് ഒരേ സമയം രണ്ട് തലകളുണ്ട്! ഒരു തല വൈറസിനെ കോശത്തിൽ പിടിക്കാൻ സഹായിക്കുന്ന RBP-യെ ആക്രമിക്കുമ്പോൾ, രണ്ടാമത്തെ തല കോശത്തിലേക്ക് തുളച്ചുകയറാൻ സഹായിക്കുന്ന എഫ്പ്രോട്ടീനെ പൂട്ടുന്നു. ഒരേസമയം രണ്ട് താഴിട്ട് പൂട്ടുന്നതിന് തുല്യമാണിത്.

ലാബിൽ വെച്ച് നിപ്പ വൈറസിനെ ഈ പുതിയ ആയുധവുമായി ഏറ്റുമുട്ടിച്ചു. വൈറസിന് രക്ഷപ്പെടാൻ കഴിയുമോ എന്നറിയാൻ, അതിന് രൂപമാറ്റം വരാനുള്ള എല്ലാ സാഹചര്യങ്ങളും ഒരുക്കിക്കൊടുത്തു. ഫലം അമ്പരപ്പിക്കുന്നതായിരുന്നു.

m102.4 ആന്റിബോഡി മാത്രം ഉപയോഗിച്ചപ്പോൾ, വൈറസ് അതിന്റെ RBP പ്രോട്ടീനിൽ മാറ്റം വരുത്തി രക്ഷപ്പെട്ടു.

DS90 നാനോബോഡി മാത്രം ഉപയോഗിച്ചപ്പോഴും, വൈറസ് എ പ്രോട്ടീനിൽ മാറ്റം വരുത്തിയും രക്ഷപ്പെട്ടു.

എന്നാൽ, ഇരട്ടത്തലയൻ ആയുധമായ DS90-m102.4-നെതിരെ നിപ്പ വൈറസ് മുട്ടുമടക്കി. അതിന് രക്ഷപ്പെടാനായില്ല, ഒരേ സമയം രണ്ട് പ്രോട്ടീനുകളിലും മാറ്റം വരുത്തി ഈ ഇരട്ട ആക്രമണത്തെ അതിജീവിക്കാൻ വൈറസിന് കഴിഞ്ഞില്ല.

ലാബിലെ വിജയം യഥാർത്ഥ ലോകത്തും ഫലിക്കുമോ? അടുത്ത പരീക്ഷണം ഹാംസ്റ്ററുകളിലായിരുന്നു. ഫലം ആവേശകരമായിരുന്നു. നിപ്പ അണുബാധ ഏൽക്കുന്നതിന് മുൻപ് ഈ പുതിയ മരുന്ന് നൽകിയ ഹാംസ്റ്ററുകൾക്ക് 100% സംരക്ഷണം ലഭിച്ചു, അവ പൂർണ്ണമായി രക്ഷപ്പെട്ടു.

അണുബാധയേറ്റതിന് ശേഷം ചികിത്സയായി നൽകിയപ്പോൾ പോലും, മരണത്തിൽ നിന്ന് കാര്യമായ സംരക്ഷണം നൽകാനും ജീവൻ രക്ഷിക്കാനും ഈ ആയുധത്തിന് കഴിഞ്ഞു.

പെഡ്രോ എന്ന അൽപാക്കയിൽ നിന്ന് തുടങ്ങിയ ഈ ഗവേഷണം ഇപ്പോൾ നിപ്പയ്ക്കെതിരായ പോരാട്ടത്തിലെ ഒരു വലിയ നാഴികക്കല്ലായി മാറിയിരിക്കുന്നു.

വൈറസിന്റെ രക്ഷപ്പെടൽ തന്ത്രങ്ങളെ പരാജയപ്പെടുത്തുന്ന ഒരു പുതിയ ചികിത്സാരീതിക്കാണ് ഇത് വഴിതുറന്നിരിക്കുന്നത്. മനുഷ്യരിൽ ഉപയോഗിക്കാൻ പാകത്തിന് ഈ നാനോബോഡിയിൽ ആവശ്യമായ മാറ്റങ്ങൾ (humanization) വരുത്താനുള്ള ശ്രമങ്ങളും വിജയിച്ചിട്ടുണ്ട്.

എന്നാൽ ഈ പഠനത്തിൽ മരുന്ന് നൽകിയത് അണുബാധയുണ്ടായി 24 മണിക്കൂറിനുള്ളിലാണെന്ന പരിമിതി ഉണ്ട്. സാധാരണയായി, രോഗം മൂർച്ഛിച്ചതിന് ശേഷം മാത്രമാണ് നിപ്പ അണുബാധയുണ്ടെന്ന് തിരിച്ചറിയുന്നത്.

അതിനാൽ, മനുഷ്യരിൽ ഈ ചികിത്സ എത്രത്തോളം സുരക്ഷിതവും ഫലപ്രദവുമാണെന്ന് ഉറപ്പുവരുത്താൻ കുരങ്ങുകൾ പോലുള്ള മൃഗങ്ങളിൽ കൂടുതൽ പഠനങ്ങൾ ആവശ്യമാണെന്നും വിദഗ്ദ്ധർ അഭിപ്രായപ്പെടുന്നു.

നിപ്പ എന്ന പേര് കേൾക്കുമ്പോൾ ഭയത്തിന് പകരം, അതിനെ പൂട്ടാൻ നമ്മുടെ കയ്യിൽ അതിശക്തമായ ഒരായുധമുണ്ടെന്ന ആത്മവിശ്വാസം നൽകുന്ന ദിവസങ്ങൾ വിദൂരമല്ലെന്ന് ഈ പഠനം നമ്മോട് പറയുന്നു.

Isaacs, A., Valenzuela Nieto, G., Zhang, X., Modhiran, N., Barr, J., Thakur, N., Low, Y.S., Parry, R.H., Barnes, J.B., Jara, R., Himelreichs, J., Yao, Y., Deride, C., Barthou-Gatica, B., Salinas-Rebolledo, C., Ehrenfeld, P., Hen, J.J., Hayes, N., Paramitha, D., ... Watterson, D. (2025). A nanobody-based therapeutic targeting Nipah virus limits viral escape. Nature Structural & Molecular Biology.

# സ്നേഹമഴ

കവിത



സൻഹ ഫാത്തിമ

മഴവില്ലിന്റെ താളത്തിൽ
മാനത്ത് നൃത്തമാടി
തുള്ളിയായി വന്ന്
തണുത്തുവീഴും മഴ

താളത്തിൽ വീഴുമ്പോൾ
തുമ്പികളാടും പാടും
ചെറിയ കുഴികളിൽ
കുതിച്ചുതുള്ളും കുഞ്ഞുതിരകൾ

പുസ്തകവും കുടയും
സ്കൂളിലേക്കുള്ള യാത്രയിൽ
മഴ പറഞ്ഞ കഥകളൊക്കെ
മനസ്സിൽ പകർത്തിയെടുക്കുന്നു

മണ്ണിൽ നന്മയായ്
അക്ഷര മഴയായ്
കൂട്ടരൊത്ത് നനയവേ
സ്നേഹം മുളയ്ക്കുന്നു പതിയെ

കേരളാ എക്സ്പ്രസ്
KERALA EXPRESS
വാരാന്ത്യം

# നമ്മുടെ ഉള്ളിലെ കരഞ്ഞുതീരാത്ത ഒരു കുട്ടി

ലേഖനം



നസീർ ഹുസ്സൈൻ
കിഴക്കേടത്ത്,ന്യൂജേഴ്സി



എന്തുകൊണ്ടാണ് ഒരു വഴക്ക് നടക്കുമ്പോൾ ചില പങ്കാളികൾ ഒന്നും മിണ്ടാതിരിക്കുന്നത്? പരസ്പരം ചർച്ച ചെയ്താൽ അല്ലേ വഴക്ക് തീരൂ?

എന്തുകൊണ്ടാണ് ചിലർ തങ്ങളുടെ പങ്കാളികളോട് കൈപിടിച്ച് നടക്കണം, കെട്ടിപിടിക്കണം എന്നൊക്കെ വാശി പിടിക്കുന്നത്? അത് അത്രക്ക് പ്രാധാന്യമുള്ള ഒന്നാണോ?

എന്തുകൊണ്ടാണ് തങ്ങളുടെ പങ്കാളികൾ ഇപ്പോഴും ചാറ്റ് ചെയ്യണം, ടെക്സ്റ്റ് ചെയ്യണം എന്നൊക്കെ വാശി പിടിക്കുന്നത്?

പലപ്പോഴും മേല്പറഞ്ഞ പല പ്രശ്നങ്ങളുടെയും മൂല കാരണം ചെറുപ്പത്തിലേ ചില അനുഭവങ്ങൾ ആകും.

ഉദാഹരണത്തിന്, എന്നും കൈപിടിച്ച് നടക്കണമെന്ന് വാശി പിടിക്കുന്ന, മാനസികമായി വിഷമിച്ചിരിക്കുന്ന സമയത്ത് ഒന്ന് കെട്ടിപ്പിടിക്കാൻ ആഗ്രഹിക്കുന്ന ആയിരക്കണക്കിന് ആളുകളുണ്ട്. എന്നാൽ പൊതുസ്ഥലങ്ങളിൽ കൈപിടിച്ച് നടക്കാൻ പോയിട്ട് സ്വകാര്യമായി പോലും കെട്ടിപ്പിടിക്കാൻ വിമുഖതയുള്ള ഒരു പങ്കാളിയെ ആണ് ഇങ്ങിനെയുള്ളവർക്ക് കിട്ടുന്നതെങ്കിൽ പണി പാളും.

Physical touch എന്തുകൊണ്ടാണ് ഇങ്ങിനെ ഉള്ളവർ ഇത്രമാത്രം ആഗ്രഹിക്കുന്നതിന് എന്നതിന്റെ അടിസ്ഥാന കാരണം അന്വേഷിച്ചു പോയാൽ നിങ്ങൾക്ക് ഒരു കൊച്ചു കുട്ടിയെ കാണാൻ പറ്റും. ഒരു കെട്ടിപിടുത്തത്തിനായി അമ്മയുടെ അടുത്ത് പോയ, എന്നാൽ അമ്മയാൽ ആട്ടി അകറ്റപ്പെട്ട ഒരു കുട്ടിയെ. എല്ലാ അമ്മമാരും കുട്ടികളെ കൊഞ്ചിക്കുകയും ലാളിക്കുകയും ചെയ്യുന്നവരാണെന്നാണ് നമ്മുടെ ഒക്കെ വിചാരം. അത് പൂർണമായും സത്യമല്ല. ആരും ദേഹത്ത് തൊടാൻ ഇഷ്ടപെടാത്ത അമ്മമാരുണ്ടാകും. അതിന്റെ കാരണം ഒരു പക്ഷേ, അവർ വളർന്നുവന്ന ജീവിത സാഹചര്യവുമായി ബന്ധപെട്ടു കിടക്കുന്ന ഒന്നാകും. ഇങ്ങിനെ ലാളനയോ അമ്മയുടെ ചൂടോ അറിയാതെ വളരുന്ന കുട്ടികൾ മുതിരുമ്പോൾ തങ്ങളുടെ പങ്കാളിയിൽ നിന്ന് ഏറ്റവും ആഗ്രഹിക്കുന്നത് ഒരു കെട്ടിപിടുത്തമോ, പുറത്തു പോകുമ്പോൾ കൈകോർത്തു പിടിച്ചുള്ള നടത്താമോ ആയിരിക്കും.


അതേപോലെ തന്നെയാണ് ഒരു ചെറിയ പ്രശ്നം വന്നാൽ പോലും, അത് ചർച്ച ചെയ്യാതെ, പങ്കാളികളെ മൊത്തമായി മാനസികമായി അവഗണിക്കുന്ന ആളുകൾ. ചെറുപ്പത്തിൽ വലിയ വഴക്കുകളുടെ ഇടയ്ക്ക്, തന്റെ അഭിപ്രായം പറഞ്ഞു എന്ന ഒറ്റക്കാരണത്താൽ മാതാവോ പിതാവോ ശാരീരികമായി ആക്രമിക്കപ്പെടുന്നത് കണ്ടുനിന്ന ഒരു കുട്ടി വളർന്നുവരുമ്പോൾ പ്രശ്നങ്ങളിൽ നിന്ന് ഉൾവലിയുന്നത് പ്രശ്നങ്ങൾ ചർച്ച ചെയ്താൽ അത് അക്രമത്തിൽ എത്തിച്ചേരുമെന്നുള്ള ചെറുപ്പകാലത്തെ പേടി കൊണ്ടാവാം.

ചെറുപ്പത്തിൽ മാതാപിതാക്കളാലോ കൂട്ടുകാരാലോ അവഗണിക്കപ്പെട്ട കുട്ടികൾ വളർന്നുവരുമ്പോൾ, തങ്ങളുടെ പങ്കാളികൾ ഏത് സമയവും തങ്ങൾക്ക് ഫോൺ ചെയുകയും ടെക്സ്റ്റ് ചെയ്യുകയും ചെയ്യണമെന്നുള്ള വാശിക്കാരാവും. ചെറുപ്പത്തിൽ സ്നേഹത്തിന് വേണ്ടി യുദ്ധം ചെയ്തു തോറ്റവർ, വളർന്നു വരുമ്പോൾ തങ്ങളുടെ പങ്കാളിയുടെ സ്നേഹം എന്നും കൂടെ ഉണ്ടാകണമെന്ന് വാശി പിടിക്കും. കുട്ടിക്കാലത്തെ അനുഭവങ്ങളുടെ അടിസ്ഥാനത്തിൽ മനസിലാക്കാൻ ശ്രമിച്ചില്ലെങ്കിൽ, എന്തുകൊണ്ടാണ് നമ്മുടെ പങ്കാളി ഇങ്ങിനെയൊക്കെ ചെയ്യുന്നത് എന്നോർത്തു നമുക്ക് വട്ടാകും. ചിലപ്പോൾ നമ്മൾ തന്നെ ചില കാര്യങ്ങൾ ചെയ്യുന്നത് എന്തുകൊണ്ടാണെന്ന് നമ്മുടെ കുട്ടിക്കാലത്തെ അനുഭവങ്ങൾ ഓർമിച്ചാൽ മാത്രമേ നമുക്ക് പിടികിട്ടൂ.

നമ്മുടെ ഉള്ളിലെല്ലാം കരഞ്ഞു തീരാത്ത ഒരു കുട്ടി ഉറങ്ങി കിടപ്പുണ്ട്. നമുക്ക് ആ കുട്ടിയോട് സംസാരിച്ച് തുടങ്ങാം. ഒരു പക്ഷേ, പഴയ മുറിവുകൾ ഉണങ്ങിയേക്കും. സ്വയം ഉണക്കാൻ കഴിഞ്ഞില്ലെങ്കിൽ ഒരു കൗൺസിലറുടെ സഹായം തേടുക.

നോട്ട്: മേല്പറഞ്ഞത് എല്ലാ പ്രശ്നങ്ങളുടെയും അടിസ്ഥാന കാരണമല്ല. ചെറുപ്പത്തിൽ നല്ല കുട്ടിക്കാലം ഉണ്ടായിരുന്ന എന്നാൽ വളർന്നു വരുമ്പോൾ narcissist ആയി മാറിയ ആളുകളെ പോലെ ഉള്ളവരും ഉണ്ട്. അത് മാനസിക രോഗ വിദഗ്ധരുടെ പ്രത്യേക ശ്രദ്ധ വേണ്ട മേഖലയാണ്.

# വിശുദ്ധ മടക്കം



കവിത



സുഭാഷ് പോണോളി

വിശുദ്ധ മടക്കത്തിൽ
കണ്ണുകൾ നിറഞ്ഞൊഴുകട്ടെ,
ഹൃദയ നദിക്കര കരകവിയട്ടെ,
മഴയാർത്തു പെയ്യട്ടെ....
ഇടിമിന്നലിൽ
ഉള്ളുപൊള്ളി യൊലിക്കട്ടെ...
ദ്രവിച്ച വിദ്വേഷ വേരുകൾ
മണ്ണിൽ കെട്ടടങ്ങട്ടെ ....
ഇനിയും ഉറങ്ങട്ടെ
കൊച്ചു കുഞ്ഞുകുഞ്ഞായി,
യാത്ര പോകട്ടെ..

നേരു കാണട്ടെ നഗ്ന പകലുകൾ
വിഷമിറ്റും
വാക്കുകൾ വരച്ച വിരലുകൾ
വിറച്ചു വേവട്ടെ...
അഗ്നിഹോമത്തിൽ ചില്ലയിൽ
തൂക്കിയ വിലങ്ങുകൾ
തുരുമ്പിച്ചു ഇരുട്ടിൽ അഴുകട്ടെ....
കണ്ഠമിടറി പിടയുമ്പോൾ
തനിച്ചു നിന്നു ചിരിച്ചൊരാൾ
വർഗശത്രുവെന്നാക്ഷേപം
തൊടുത്ത നെറികെട്ട
കറുത്ത സിദ്ധാന്തങ്ങൾ,
വെറുത്തു പോം ഇരുണ്ട
ചിന്തയെ മറക്കുവാൻ
പഠിപ്പിച്ച പ്രകാശമേ,
നേരിന്റെ നെറിവാക്കായ്
ജ്വലിയ്ക്കുക നക്ഷത്രങ്ങളി
ലൊന്നായി ജനിക്കുക...
ഉള്ളുലയ്ക്കുന്ന വിലാപങ്ങൾ
ആർത്തലയ്ക്കുന്ന കണ്ണുകൾ
തിരയടങ്ങാവഴിയോരങ്ങൾ
വാനിലുയരും കൈകൾക്ക്
ഊർജ്ജം പകർന്ന സത്യമേ,
നിശ്ചലമായി കിടക്കുന്നു
പകലുകൾ പാപശിലാക്ഷര
വൈര്യങ്ങൾ
വെളുത്ത ഖദറിന്റെ നേരുകൾ
നിറഞ്ഞചിരിയുടെ കനലുകൾ,
കൂട്ടുകൂടും നെഞ്ചിന്നിടനാഴിയിൽ
ഓർമ്മകൾ പെറ്റുപെരുകുന്ന
രാത്രികൾ കണ്ണീരിൽ കടവുകൾ
കടന്നെത്തും ജനത്തിലെ ഉള്ളിലേറ്റും
സ്നേഹശാഖികൾ പൂക്കും
ഹൃദയപുഷ്പാലയം തുറക്കുന്നു...
അധികാരത്തിൻ
വിഷവിത്തുമുളക്കുമീമണ്ണിൽ
ഇങ്ങനെയും ഒരാൾ ജീവിച്ചു
മറയുന്നു...
ഓർക്കുക... ഓർമ്മകൾ
ഉണ്ടായിരിക്കട്ടെ...
സ്വസ്തി....സ്വസ്തി .... സ്വസ്തി.....

KERALA EXPRESS പ്രവാസി താളുകൾ NO REPORTER

# പതിനൊന്നാമത് അന്താരാഷ്ട്ര മാധ്യമ സമ്മേളനത്തിന്റെ ചിക്കാഗോ ചാപ്റ്റർ കിക്കോഫ് മീറ്റിംഗിന് അഭൂതപൂർവമായ ജനപിന്തുണ

**അനിൽ മറ്റത്തിക്കുന്നേൽ**

ചിക്കാഗോ: ഇന്ത്യാ പ്രസ്ക്ലബ് ഓഫ് നോർത്ത് അമേരിക്കയുടെ പതിനൊന്നാമത് മീഡിയ കോൺഫറൻസിന്റെ ചിക്കാഗോ ചാപ്റ്ററിന്റെ നേതൃത്വത്തിലുള്ള ഔദ്യോഗികമായ കിക്കോഫ് മീറ്റിംഗ് മൗണ്ട് പ്രോസ്പെക്റ്ററിലെ ചിക്കാഗോ മലയാളി അസോസിയേഷൻ ഹാളിൽ വെച്ച് നടത്തപ്പെട്ടു. ചിക്കാഗോ ചാപ്റ്റർ പ്രസിഡണ്ട് ബിജു സഖറിയായുടെ അധ്യക്ഷതയിൽ കൂടിയ സമ്മേളനത്തിൽ നാഷണൽ പ്രസിഡണ്ട് സുനിൽ ട്രൈസ്റ്റാർ മുഖ്യാതിഥിയായി പങ്കെടുത്തുകൊണ്ടാണ് കിക്കോഫ് നടത്തപ്പെട്ടത്. പ്രസ്ക്ലബ് നാഷണൽ മുൻ പ്രസിഡണ്ടും അഡ്വൈസറി ബോർഡ് ബോർഡ് മെമ്പറുമായ ബിജു കിഴക്കേക്കുറ്റ്, മറ്റൊരു മുൻ പ്രസിഡണ്ടും അഡ്വൈസറി ബോർഡ് മെമ്പറും പ്ലൈൻഫീൽഡ് വില്ലേജ് ട്രസ്റ്റിയും കൂടിയായ ശിവൻ മുഹമ്മ, പ്രസ്ക്ലബ് നാഷണൽ ജോയിന്റ് ട്രഷറർ റോയി മുളകുന്നം എന്നിവർ വേദിയിൽ സന്നിഹിതരായിരുന്നു. ചിക്കാഗോ ചാപ്റ്റർ സെക്രട്ടറി അനിൽ മറ്റത്തിക്കുന്നേൽ സ്വാഗതം ആശംസിച്ചു.

ഫൊക്കാന എക്സിക്യൂട്ടീവ് വൈസ് പ്രസിഡണ്ട് പ്രവീൺ തോമസ്, ഫോമാ ആർവിപി ജോൺസൺ കണ്ണൂക്കാടൻ, ഫൊക്കാനാ ആർവിപി സന്തോഷ് നായർ, കേരളാ അസോസിയേഷൻ ചിക്കാഗോ പ്രസിഡണ്ട് ആന്റോ കവലക്കൽ, ഗ്രെയ്റ്റർ ചിക്കാഗോ മലയാളി അസോസിയേഷൻ പ്രസിഡണ്ട് ജിതേഷ് ചുങ്കത്ത്, ഇന്ത്യൻ സോഷ്യൽ വർക്കേഴ്സ് അസോസിയേഷൻ പ്രസിഡണ്ട് ജിനോ മഠത്തിൽ, ഇല്ലിനോയി നേഴ്സസ് അസോസിയേഷൻ പ്രസിഡണ്ട് ഡോ. സിമി ജെസ്റ്റോ, ഇല്ലിനോയി മലയാളി അസോസിയേഷൻ സെക്രട്ടറി പ്രിജിൽ അലക്സാണ്ടർ, ചിക്കാഗോ മലയാളി അസോസിയേഷൻ പ്രതിനിധി വർഗീസ് തോമസ്, മിഡ്‌വെസ്റ്റ് മലയാളി അസോസിയേഷൻ & ചിക്കാഗോ സോഷ്യൽ ക്ലബ് പ്രതിനിധി പീറ്റർ കുളങ്ങര, ചിക്കാഗോ സാഹിത്യവേദി പ്രതിനിധി ജോൺ ഇലക്കാട്ട്, ചിക്കാഗോ പൗരസമിതി പ്രതിനിധി ജോസ് മണക്കാട്ട്, എസ് 90 ക്ലബ് പ്രതിനിധി ജിബിറ്റ് കിഴക്കേക്കുറ്റ് എന്നിവർ പ്രസ്ക്ലബിന്റെ അന്താരാഷ്ട്ര മീഡിയ കോൺഫറൻസിന് ആശംസകളറിയിച്ച് പ്രസംഗിച്ചു.

ഇന്ത്യാ പ്രസ്ക്ലബ് ഓഫ് നോർത്തമേരിക്കയുടെ ചിക്കാഗോയിലെ അംഗങ്ങളോടൊപ്പം കോൺഫറൻസിന് പിന്തുണ നൽകുന്ന ചിക്കാഗോയിൽ നിന്നുള്ള മീഡിയ കോൺഫറൻസ് സ്പോൺസേഴ്സും കിക്കോഫിൽ പങ്കെടുത്തു. ജോയി നെടിയകാലായിൽ, ബിജു കിഴക്കേക്കുറ്റ്, ഷൈബു കിഴക്കേക്കുറ്റ്, ജിബിറ്റ് കിഴക്കേക്കുറ്റ്, അജോമോൻ പൂത്തുറയിൽ, കുരുവിള ഇടുക്കുതറയിൽ, സാജു കണ്ണമ്പള്ളി, ജെയ്ബു കുളങ്ങര, ജിനോ മഠത്തിൽ, ശിവൻ മുഹമ്മ, റോയി മുളകുന്നം, ജോജോ എടക്കര,പീറ്റർ കുളങ്ങര, പോൾസൺ കുളങ്ങര, ജോപ്പായി പുത്തേട്ട് എന്നിവരാണ് ആദ്യഘട്ടത്തിൽ തന്നെ കോൺഫറൻസിന് സ്പോൺസേഴ്സായി പിന്തുണ നൽകിയിട്ടുള്ളത്. ഒക്ടോബർ 9, 10, 11 തീയതികളിലായാണ് ന്യൂജേഴ്സിയിലെ എഡിസണിലെ ഷെറാട്ടൺ കൺവൻഷൻ സെന്ററിൽവെച്ച് പതിനൊന്നാമത് അന്താരാഷ്ട്ര മീഡിയ കോൺഫറൻസ് നടത്തപ്പെടുന്നത്.

നാഷണൽ പ്രസിഡണ്ട് സുനിൽ ട്രൈസ്റ്റാർ, സെക്രട്ടറി ഷിജോ പൗലോസ്, ട്രഷറർ വിശാഖ് ചെറിയാൻ, മറ്റ് എക്സിക്യൂട്ടീവ് അംഗങ്ങൾ, ന്യൂയോർക്ക് ചാപ്റ്റർ പ്രസിഡണ്ട് ഷോളി കുമ്പിളുവേലി, മറ്റു ഭാരവാഹികൾ, കോൺഫറൻസ് ചെയർമാൻ ന്യൂയോർക്കിൽ നിന്നുള്ള സജി ഏബ്രഹാം, കൂടാതെ സുനിൽ തൈമറ്റത്തിന്റെ നേതൃത്വത്തിലുള്ള അഡ്വൈസറി ബോർഡും ചേർന്ന് നേതൃത്വം നൽകുന്ന മീഡിയ കോൺഫറൻസിൽ കേരളത്തിൽനിന്നും പ്രമുഖ രാഷ്ട്രീയ നേതാക്കൾ, മന്ത്രിമാർ, എംഎൽഎമാർ, കൂടാതെ ഏറ്റവും പ്രമുഖരായ മാധ്യമ പ്രവർത്തകരുടെ ഒരു നീണ്ട നിരതന്നെ ഈ കോൺഫറൻസിൽ പങ്കെടുക്കുന്നു.



എല്ലാംകൊണ്ടും വ്യത്യസ്തമായതും, അമേരിക്കയിലെ മാധ്യമ പ്രവർത്തകർക്ക് പ്രയോജനം നൽകുന്നതിലൂന്നിയുള്ളതുമായ പ്രോഗ്രാമുകൾ ആണ് ഈ വർഷത്തെ കോൺഫറൻസിൽ വിഭാവനം ചെയ്യുന്നതെന്ന് ചിക്കാഗോ ചാപ്റ്റർ പ്രസിഡണ്ട് ബിജു സക്കറിയ അറിയിച്ചു.

ഏറ്റവും മികച്ച ഒരു കോൺഫറൻസിനായുള്ള ഒരുക്കങ്ങൾ പുരോഗമിക്കുകയാണെന്ന് ചിക്കാഗോയിൽനിന്നുള്ള പ്രസ്ക്ലബിന്റെ മുൻ നാഷണൽ പ്രസിഡണ്ടും മുൻ അഡ്വൈസറി ബോർഡ് ചെയർമാനുമായ ബിജു കിഴക്കേക്കുറ്റ് അറിയിച്ചു. ചിക്കാഗോയിലെ കിക്കോഫിന് പ്രസിഡണ്ട് ബിജു സക്കറിയ, സെക്രട്ടറി അനിൽ മറ്റത്തിക്കുന്നേൽ, ട്രഷറർ അലൻ ജോർജ്, വൈസ് പ്രസിഡണ്ട് പ്രസന്നൻ പിള്ള, ജോയിന്റ് സെക്രട്ടറി ഡോ. സിമി ജെസ്റ്റോ, ജോയിന്റ് ട്രഷഷറർ വർഗീസ് പാലമലയിൽ എന്നിവരുടെ നേതൃത്വത്തിലുള്ള ബോർഡ് ഓഫ് ഡിറക്ടർസ് നേതൃത്വം നൽകി. അലൻ ജോർജ് ഔപചാരികമായ നന്ദി പ്രകാശനം നടത്തി.

ഈ വർഷത്തെ കോൺഫറൻസ് അമേരിക്കയിൽ ഏറ്റവും കൂടുതൽ ഇന്ത്യക്കാർ തിങ്ങിപ്പാർക്കുന്ന എഡിസൺ ടൗൺഷിപ്പിലാണെന്നുള്ള പ്രത്യേകത കൂടിയുണ്ട്. എഡിസൺ മേയർ, മറ്റു മുഖ്യധാരാ രാഷ്ട്രീയ നേതാക്കൾ എന്നിവരെക്കൂടി ഈ കോൺഫറൻസിൽ പങ്കെടുപ്പിക്കുവാനുള്ള ശ്രമങ്ങൾ തുടങ്ങിക്കഴിഞ്ഞു. കൂടുതൽ വിവരങ്ങൾക്ക് ഇന്ത്യ പ്രസ്ക്ലബിന്റെ വെബ്സൈറ്റ് സന്ദർശിക്കാം.

www.indiapressclub.org

## കേരളത്തനിമയിൽ ഒരുമ 'പൊന്നോണ നക്ഷത്രരാവിന്' ഒരുക്കങ്ങൾ തുടങ്ങി

**ജിൻസ് മാത്യു, റാന്നി**

ഷുഗർലാൻഡ്: ഹൂസ്റ്റണിലെ പ്രമുഖ കമ്യൂണിറ്റിയായ റിവർസ്റ്റോണിലെ ഒരുമയുടെ ഓണാഘോഷമായ പൊന്നോണ നക്ഷത്രരാവിന്റെ അരങ്ങേറുന്നതിനുള്ള ഒരുക്കങ്ങൾക്ക് എക്സിക്യൂട്ടീവ് കമ്മിറ്റി ചേർന്ന് തുടക്കമിട്ടു.

ഓഗസ്റ്റ് 23-ന് ശനിയാഴ്ച വൈകുന്നേരം സെ. തോമസ് ഓർത്തഡോക്സ് കത്തീഡ്രൽ ഓഡിറ്റോറിയത്തിൽ 5 മണി മുതൽ 8 മണി വരെ വർണ്ണപ്രപഞ്ചമായ പതിനഞ്ചിൽപ്പരം നാട്യ നൃത്ത കലാപരിപാടികൾ അരങ്ങേറുന്നു. കേരളത്തനിമ ഒരുമയിലൂടെ കുടിയേറ്റ തലമുറയെ ഓർമ്മപ്പെടുത്തുന്ന മോഹിനിയാട്ടം, കഥകളി, കളരിപ്പയറ്റ്, തിരുവാതിര, മഹാബലിത്തമ്പുരാൻ എഴുന്നള്ളത്ത് എന്നിവ ഒത്തൊരുമിച്ച് കൊണ്ട് ഒരുമയുടെ സ്വന്തമായ 'ഒരുമച്ചുണ്ടൻ വള്ളത്തിന്റെ' ഗംഭീരമായ വരവേല്പ് നക്ഷത്രരാവിന് മാറ്റ് കൂട്ടുന്നു. മലയാളി രുചിക്കൂട്ടുള്ള മികച്ച ഓണസദ്യയോടുകൂടി പൊന്നോണ നക്ഷത്രരാവിന് തിരശ്ശീലയിടുന്നു.



ഒരുമ പ്രസിഡണ്ട് ജിൻസ് മാത്യു, സെക്രട്ടറി ജെയിംസ് ചാക്കോ, ട്രഷറർ നവീൻ ഫ്രാൻസിസ്, വൈസ് പ്രസിഡണ്ട് റീനാ വർഗീസ്, ജോ. സെക്രട്ടറി മേരി ജേക്കബ്, പ്രോഗ്രാം കോ-ഓർഡിനേറ്റർ ഡോ. ജോസ് തൈപ്പറമ്പിൽ, റോബി ജേക്കബ്, റെയ്നാ റോക്ക്, സെലിൻ ബാബു, ഡോ. സിനാ അഷ്റഫ്, മെർലിൻ സാജൻ, ദീപാ പോൾ, ജോസഫ് തോമസ്, കെ.പി. തങ്കച്ചൻ, അലീനാ സെബാസ്റ്റ്യൻ, ഏബ്രഹാം കുര്യൻ എന്നിവർ നേതൃത്വം നല്കും.

# ട്രൈസ്റ്റേറ്റ് കേരളാഫോറം 'പേഴ്സൺ ഓഫ് ദി ഇയർ' അവാർഡിന് അപേക്ഷകൾ ക്ഷണിക്കുന്നു

സുമോദ് തോമസ് നെല്ലിക്കാല

ഫിലാഡൽഫിയ: ട്രൈസ്റ്റേറ്റ് ഏരിയായിലെ മലയാളി സംഘടനകളുടെ ഐക്യവേദിയായ കേരളാ ഫോറത്തിന്റെ സംയുക്ത ഓണാഘോഷ വേദിയിൽ അമേരിക്കൻ മലയാളികളിൽ സാമൂഹിക-സാംസ്കാരിക രംഗങ്ങളിൽ മികവ് പുലർത്തിയിട്ടുള്ള വ്യക്തിയെ അവാർഡ് നല്കി ആദരിക്കുന്നു.




ട്രൈസ്റ്റേറ്റ് കേരളാ ഫോറത്തിന്റെ 'പേഴ്സൺ ഓഫ് ദി ഇയർ' എന്ന വിശിഷ്ടമായ അവാർഡിന് അർഹതയുള്ളവരെ നാമനിർദേശം ചെയ്യുകയോ അല്ലെങ്കിൽ നിങ്ങൾ യോഗ്യരാണെന്ന് ബോദ്ധ്യമുണ്ടെങ്കിൽ നിങ്ങളുടെ സാമൂഹിക-സാംസ്കാരിക, വിദ്യാഭ്യാസ മേഖലകളിലെ സംഭാവനകൾ അടങ്ങിയ നാമനിർദേശ പത്രിക ഓഗസ്റ്റ് ഒന്നാം തീയതിക്കുള്ളിൽ അവാർഡ് കമ്മിറ്റി ചെയർമാൻ റോണി വറുഗീസിനു (267-213-5544) ronyvkm@gmail.com എന്ന ഇ-മെയിൽ വിലാസത്തിൽ അയയ്ക്കാവുന്നതാണ്.

ട്രൈസ്റ്റേറ്റ് കേരളാ ഫോറം പേഴ്സൺ ഓഫ് ദി ഇയർ അവാർഡ് കൂടാതെ മികച്ച മലയാളി കർഷകരെ കണ്ടെത്താനുള്ള മത്സരം, ഓണത്തിന് അണിഞ്ഞൊരുങ്ങി വരുന്ന ബെസ്റ്റ് കപ്പിൾസിന് ആകർഷകമായ സമ്മാനങ്ങൾ എന്നിവയും പതിവുപോലെ ഇത്തവണയും ഉണ്ടായിരിക്കുന്നതാണ്.

ട്രൈസ്റ്റേറ്റ് ഏരിയായിലെ മുഴുവൻ മലയാളികളെയും ഒന്നിച്ചൊരു കുടക്കീഴിൽ അണിനിരത്തിക്കൊണ്ട് ട്രൈസ്റ്റേറ്റ് കേരളാ ഫോറം അവതരിപ്പിക്കുന്ന ഓണാഘോഷ പരിപാടികളായ മെഗാ തിരുവാതിര, വിഭവസമൃദ്ധമായ ഓണസദ്യ, മാവേലി എഴുന്നള്ളത്ത് എന്നിവകൊണ്ട് മുൻവർഷങ്ങളിൽ ജനശ്രദ്ധ പിടിച്ചുപറ്റിയിട്ടുണ്ട്.

പുതുമയാർന്ന ഓണാഘോഷ പരിപാടികൾ കൊണ്ട് വീണ്ടും ചരിത്രം രചിക്കാനുള്ള ഒരുക്കങ്ങൾ തുടങ്ങിയതായി ആഘോഷകമ്മിറ്റി അറിയിച്ചു. പ്രശസ്ത പിന്നണി ഗായകൻ അഫ്സൽ ടീം നയിക്കുന്ന ഗാനമേള പരിപാടിക്ക് മാറ്റുകൂട്ടും.

ഓഗസ്റ്റ് 23-ന് ശനിയാഴ്ച ഫിലാഡൽഫിയ സീറോമലബാർ ഓഡിറ്റോറിയത്തിലാണ് ഓണാഘോഷപരിപാടികൾ അരങ്ങേറുക. കൂടുതൽ വിവരങ്ങൾക്ക് ബിനു മാത്യു 267 893 9571 (ചെയർമാൻ), സാജൻ വർഗീസ് 215 906 7118 (സെക്രട്ടറി), ജോർജ് ഓലിക്കൽ 215 873 4365 (ട്രഷറർ), അഭിലാഷ് ജോൺ 267 701 3623 (ഓണാഘോഷ ചെയർമാൻ), വിൻസന്റ് ഇമ്മാനുവേൽ 215 880 3341 (പ്രോഗ്രാം കോ-ഓർഡിനേറ്റർ), അരുൺ കോവാട്ട് 215 681 4472 (പ്രോഗ്രാം പ്രൊഡ്യൂസർ).

# ഫോമാ വിമൻസ് സമ്മിറ്റ് 'സഖി' സെപ്റ്റംബർ 26 മുതൽ 28 വരെ

ഷോളി കുമ്പിളുവേലി




ന്യൂയോർക്ക്: ഫോമായുടെ ചരിത്രത്തിൽ ആദ്യമായി വിമൻസ് സമ്മിറ്റ് ഫോമാ വിമൻസ് ഫോറത്തിന്റെ ആഭിമുഖ്യത്തിൽ വിപുലമായ പരിപാടികളോടെ സെപ്റ്റംബർ 26, 27, 28 തീയതികളിൽ പ്രകൃതി മനോഹരമായ പോക്കോനോസിലെ വുഡ്‌ലാൻഡ്സ് ഇൻ റിസോർട്ടിൽ വെച്ച് നടത്തുന്നു. 'സഖി' എന്ന് നാമകരണം ചെയ്തിട്ടുള്ള ഈ സമ്മിറ്റിൽ സ്ത്രീകളുടെ ഉന്നമനത്തിനും മാനസിക ഉല്ലാസത്തിനുമായി വിവിധ പരിപാടികൾ ആസൂത്രണം ചെയ്തിട്ടുണ്ട്.

നാഷണൽ വിമൻസ് ഫോറം ചെയർപേഴ്സൺ സ്മിത നോബിൾ, ട്രഷറർ ജൂബി ബിനോയി, ഫോമാ സെക്രട്ടറി ബൈജു വർഗീസ് എന്നിവർ റിസോർട്ട് സന്ദർശിച്ച് സൗകര്യങ്ങൾ ഉറപ്പുവരുത്തി.

വിമൻസ്ഫോറം ചെയർപേഴ്സൺ സ്മിതാ നോബിളിന്റെ നേതൃത്വത്തിൽ ഫോമാ ജോയിന്റ് ട്രഷറർ അനുപമ കൃഷ്ണൻ, നാഷണൽ വിമൻസ് ഫോറം ഭാരവാഹികളായ ആശ മാത്യു, ജൂലി ബിനോയി, ഗ്രേസി ജെയിംസ്, വിഷിൻജോ, സ്വപ്ന സജി, മഞ്ജുപിള്ള എന്നിവർ ഈ സമ്മിറ്റിന്റെ വിജയകരമായ നടത്തിപ്പിനു വേണ്ടിയുള്ള വിവിധ പ്രവർത്തനങ്ങൾക്ക് നേതൃത്വം നല്കിവരുന്നു. എല്ലാ പ്രവർത്തനങ്ങൾക്കും പിന്തുണയേകിക്കൊണ്ട് ഫോമായുടെ എക്സിക്യൂട്ടീവ് കമ്മിറ്റിയും റീജിയണൽ കമ്മിറ്റികളും കൂടെയുണ്ട്.

സെപ്റ്റംബർ 26-ന് വെള്ളിയാഴ്ച തട്ടുകടയും വർണ്ണശബളമായ ഉദ്ഘാടന സമ്മേളനവും ബോളിവുഡ് ഡാൻസും പിന്നീട് ഡിന്നറും സെപ്റ്റംബർ 27-ന് ഫാഷൻ, മേക്കപ്പ് രംഗത്തെ പ്രമുഖർ എടുക്കുന്ന ക്ലാസുകളും ബിസിനസ് രംഗത്തെ പ്രമുഖരുടെ ക്ലാസുകളും ഹവായിയൻ നൃത്തച്ചുവടുകളും പിന്നീട് ബാങ്ക്വറ്റ് ഡിന്നർ, സംഗീതമേള എന്നിവയും ആസൂത്രണം ചെയ്തിരിക്കുന്നു. സെപ്റ്റംബർ 28-ന് രാവിലെ 11 മണിയോടു കൂടി പരിപാടികൾ സമാപിക്കും. മൂന്നു ദിവസത്തെ താമസവും ഭക്ഷണവും എല്ലാ പരിപാടികളും അടങ്ങുന്ന ഈ സമ്മിറ്റ്നുള്ള ഫീസ് 300 ഡോളർ മുതൽ 500 ഡോളർ വരെയാണ്. രജിസ്ട്രേഷൻ പുരോഗമിക്കുന്നു. ജൂലൈ 31-ന് ഏർളി രജിസ്ട്രേഷൻ സമാപിക്കും. അതിനു മുൻപു തന്നെ എല്ലാവരും രജിസ്റ്റർ ചെയ്ത് ഇതിൽ പങ്കെടുത്ത് ഈ സമ്മിറ്റിനെ ഒരു വൻ വിജയമാക്കിത്തീർക്കാൻ ഫോമായുടെ എക്സിക്യൂട്ടീവ് കമ്മിറ്റിയും വിമൻസ് ഫോറവും അഭ്യർത്ഥിക്കുന്നു. വിമൻസ് സമ്മിറ്റിന് എല്ലാവിധ വിജയാശംസകളും നേരുന്നതായി ഫോമാ പ്രസിഡണ്ട് ബേബി മണക്കുന്നേൽ, ജനറൽ സെക്രട്ടറി ബൈജു വർഗീസ്, ട്രഷറർ സിജിൽ പാലക്കലോടി, വൈസ് പ്രസിഡണ്ട് ഷാലു പുന്നൂസ്, ജോ. സെക്രട്ടറി പോൾ ജോസ്, ജോ. ട്രഷറർ അനുപമ കൃഷ്ണൻ എന്നിവർ അറിയിച്ചു.

# ന്യൂയോർക്ക് ചർച്ച് ഓഫ് ഗോഡ് കോൺഫറൻസിന് അനുഗ്രഹീത സമാപ്തി

റോയി മേപ്രാൽ

ന്യൂയോർക്ക്: നോർത്ത് അമേരിക്കൻ ചർച്ച് ഓഫ് ഗോഡ് കോൺഫറൻസിന്റെ ഇരുപത്തി എട്ടാമത് സമ്മേളനം ജൂലൈ 10 മുതൽ 13 വരെ ന്യൂയോർക്കിലെ ലോങ് ഐലൻഡിലുള്ള ഹണ്ടിങ്ടൺ ഹിൽട്ടൺ ഹോട്ടലിൽ വെച്ച് അനുഗ്രഹകരമായി നടക്കുകയും ഞായറാഴ്ച ആയിരത്തിലധികം വിശ്വാസികൾ നിറഞ്ഞ സംയുക്ത ആരാധനയോടെ സമ്മേളനം സമാപിക്കുകയും ചെയ്തു. ആരാധനയുടെ പ്രധാന ഭാഗമായ കർത്താവിന്റെ മേശയുടെ ശുശ്രൂഷ കൺവീനർ റവ. സിസിൽ മാത്യുവിന്റെ നേതൃത്വത്തിൽ നടത്തപ്പെട്ടു. പിതാക്കന്മാർ രണ്ടും മൂന്നും തലമുറകളോടൊത്തു ചേർന്നു ഒന്നിച്ചു ആരാധിക്കുന്നത് ഒരു പുതുമ തന്നെയായിരുന്നു. വിവിധ നിലകൾ പ്രോഗ്രാമുകളുടെ ക്രമീകരണത്തിലും പ്രസംഗകരുടെ തെരഞ്ഞെടുപ്പിലും ഇക്കുറി പുരോഗമനപരമായ പല മാറ്റങ്ങളും ശ്രദ്ധിക്കപ്പെട്ടു. പാസ്റ്റർ റെന്നി ചെറിയാൻ ആരാധനയിൽ പ്രധാന സന്ദേശം നല്കി. പാസ്റ്റർ മോനി മാത്യുവിന്റെ പ്രാർത്ഥനയോടെ സമ്മേളനം സമാപിച്ചു.




ഇരുപത്തി ഒൻപതാമത് സമ്മേളനം ഡെൻവർ കൊളറാഡോയിൽ വെച്ച് നടത്തുവാൻ തീരുമാനിച്ചു. പാസ്റ്റർ ബെൻസൺ ഏബ്രഹാം പ്രസിഡണ്ട്, പാസ്റ്റർ സൈമൺ ഫിലിപ്പ് വൈസ് പ്രസിഡണ്ട്, ഡോ. ഷിബു സാമുവേൽ സെക്രട്ടറി, പാസ്റ്റർ ജെയിംസ് ഏബ്രഹാം ട്രഷറർ, പാസ്റ്റർ ഡാർവിൻ വിൽസൺ യൂത്ത് കോ-ഓർഡിനേറ്റർ എന്നിവരായിരിക്കും 2026 സമ്മേളനത്തിന് നേതൃനിരയിൽ പ്രവർത്തിക്കുന്നത്.

ഡോ. ജോളി ജോസഫിന്റെ മേൽനോട്ടത്തിൽ ലേഡീസ് മിനിസ്ട്രിയുടെ പ്രവർത്തനങ്ങളും നടക്കുന്നതായിരിക്കും.



# പ്രൗഢഗംഭീരമായ പഞ്ചാരിമേളം അരങ്ങേറ്റം ചിക്കാഗോയിൽ നടന്നു

സതീശൻ നായർ

ചിക്കാഗോ: ചിക്കാഗോ ഗ്രേസ് ലേക്കിലുള്ള ഹിന്ദു ക്ഷേത്രാങ്കണത്തിൽ വെച്ച് ഭക്തിസാന്ദ്രമായ പഞ്ചാരിമേളം അരങ്ങേറ്റം നടന്നു. ഓംകാരം ചിക്കാഗോയുടെ ആഭിമുഖ്യത്തിൽ പന്ത്രണ്ട് വാദ്യകലാകാരന്മാർ അരങ്ങേറ്റം കുറിച്ചു. കലാമണ്ഡലം ശിവദാസൻ ആശാന്റെയും രാജേഷ് നായരുടെയും ശിക്ഷണത്തിൽ അഭ്യസിച്ച ചിക്കാഗോയിൽ നിന്നും മിനിസോട്ടയിൽ നിന്നുമുള്ള കലാകാരന്മാർ പങ്കെടുത്തു.

കേരളീയ വാദ്യകലകളിൽ പ്രസിദ്ധമാണ് ചെണ്ടമേളം. അതിൽ പ്രസിദ്ധമാണ് പഞ്ചാരിമേളവും പാണ്ടിമേളവും. ചെമ്പട വട്ടങ്ങളെ അടിസ്ഥാനമാക്കി അഞ്ചു കാലങ്ങളിൽ കൊട്ടുന്ന വളരെ വ്യക്തമായ കണക്കുകളുള്ള മേളമാണ് പഞ്ചാരി. ക്ഷേത്രവാദ്യങ്ങളിൽ വെച്ച് ഏറ്റവും പ്രസിദ്ധമായതും പഞ്ചാരിമേളം തന്നെ.

ഒന്നര വർഷത്തെ നിരന്തരമായ പരിശീലനത്തിനു ശേഷമാണ് അരങ്ങേറ്റം കുറിച്ചത്. ചന്ദ്രൻ നെൻമന, മുരളി കരിയാത്തുംഗൽ, തെക്കോട്ട് സുരേഷ്, സുരേഷ് നായർ, സതീശൻ നായർ, വരുൺ നായർ, നിറ്റിൻ നായർ, ബിനു നായർ, ശ്രുതി കൃഷ്ണൻ, മഹേഷ് കൃഷ്ണൻ, ദീപക് നായർ, രാജേഷ് നായർ തുടങ്ങിയവർ അരങ്ങേറി.

ശ്രേയ മഹേഷിന്റെ ഈശ്വരപ്രാർത്ഥനയോടു കൂടി ചടങ്ങുകൾ ആരംഭിച്ചു. അതിനുശേഷം ഭദ്രദീപം കൊളുത്തി ക്ഷേത്രം തിരുമേനി പൂജിച്ച ചെണ്ടകോലുകൾ ശിവദാസൻ ആശാന്റെ കൈയിൽനിന്നും ഏവരും ഏറ്റുവാങ്ങി അനുഗ്രഹം വാങ്ങിച്ചു.

പരിശീലന ക്ലാസുകൾ ചിട്ടയായ രീതിയിൽ നടത്തുകയും അരങ്ങേറ്റത്തിനു നേതൃത്വം നല്കുകയും ചെയ്തത് ദീപക് നായരും മഹേഷ് കൃഷ്ണനും കൂടിയാണ്.

ചടങ്ങിൽ ശിവദാസൻ ആശാനേയും രാജേഷ് നായരേയും എം.ആർ. സി പിള്ളയേയും രാധാകൃഷ്ണൻ നായർ, അനിൽകുമാർ പിള്ള, ശിവൻ മുഹമ്മ എന്നിവർ പൊന്നാടയിട്ട് ആദരിച്ചു.

അരങ്ങേറ്റത്തിന് മറ്റു വാദ്യോപകരണങ്ങൾ കൈകാര്യം ചെയ്തത്

കൃഷ്ണകുമാർ നായർ, സജീവ് നായർ, രാജേഷ് കുട്ടി, ഷിബു ദേവപാലൻ, ശ്രീകുമാർ നായർ, മിഥിൽ അരുൺ എന്നിവർ വലംതലയും ചന്ദ്രൻ പത്മനാഭൻ, രഘു രവീന്ദ്രനാഥ്, ജയമുരളി നായർ, സൂരജ് സതീഷ് എന്നിവർ താളവും ചെയ്തു.

അരങ്ങേറ്റത്തിന് മറ്റ് വിവിധ പരിപാടികൾക്ക് അരവിന്ദ് പിള്ള, രഘുനാഥൻ നായർ, രാജഗോപാലൻ നായർ തുടങ്ങിയവർ നേതൃത്വം നല്കി. ബിന്ധ്യാ നായർ എംസിയായിരുന്നു.









Small Business Accounting LLC

Personal and Business Tax Services


Tino Simon Mundaplackil

Phone:630-635-3615
Email: tino@greatwaysinc.com
1001 E Chicago Ave, Suite 151, Naperville, IL 60540


Pramod Zacharias, E.A.

Free Electronic Filing

HOUSING PLOTS FOR SALE AT MONIPPALLY

മോനിപ്പള്ളി-ഇലഞ്ഞി റൂട്ടിൽ കല്ലിടുക്കി കവലയ്ക്കു സമീപം മെയിൻ റോഡിൽ നിന്നും 30 മീറ്റർ അകത്തായി പഞ്ചായത്ത് റോഡിന്റെ സൈഡിൽ 70 സെന്റും 54 സെന്റും ഉള്ള രണ്ട് പ്ലോട്ടുകൾ വില്പനയ്ക്ക്.

Whatsapp +1 630 903 7680

Two residential plots of 70 cents and 54 cents at Monippally (just 30 Mtrs from Monippally-Elanji Road and on the side of Panchayat Rd) for immediate sale. Serious buyers please contact

Cell/Whatsapp +1 630 903 7680

# ചിക്കാഗോ മലയാളി അസോസിയേഷന്റെ മുൻപ്രസിഡണ്ട് ഡോ. എം. അനിരുദ്ധന് കണ്ണീരിൽ കുതിർന്ന യാത്രാമൊഴി

**ആൽവിൻ ഷിക്കോർ**

ചിക്കാഗോ: ഡോ. അനിരുദ്ധന്റെ നിര്യാണത്തിൽ അസോസിയേഷൻ അംഗങ്ങളുടെ അഗാധമായ ദുഃഖവും അനുശോചനവും അറിയിക്കുന്നതായി ചിക്കാഗോ മലയാളി അസോസിയേഷൻ പ്രസിഡണ്ട് ജെസ്സി റിൻസി, വൈസ് പ്രസിഡണ്ട് ഫിലിപ്പ് പുത്തൻപുരയിൽ, സെക്രട്ടറി ആൽവിൻ ഷിക്കോർ, ട്രഷറർ മനോജ് അച്ചേട്ട്, ജോയിന്റ് സെക്രട്ടറി വിവിഷ് ജേക്കബ്, ജോയിന്റ് ട്രഷറർ സിബിൽ ഫിലിപ്പ്, പിആർഒ ബിജു മുണ്ടക്കൽ എന്നിവർ അറിയിച്ചു.

ഡോ. എം. അനിരുദ്ധൻ ശാസ്ത്ര-ഇന്ത്യൻ-അമേരിക്കൻ സമൂഹങ്ങളിലെ ഒരു വിശിഷ്ട വ്യക്തിയായിരുന്നു. 1992 മുതൽ 1994 വരെ അദ്ദേഹം ചിക്കാഗോ മലയാളി അസോസിയേഷന്റെ പ്രസിഡണ്ടായി സേവനമനുഷ്ഠിച്ചു. എസ്സെൻ ന്യൂട്രീഷൻ കോർപറേഷന്റെ പ്രസിഡണ്ടായി പ്രവർത്തിച്ചിരുന്നു. അദ്ദേഹത്തിന്റെ നേതൃത്വത്തിൽ, വടക്കേ അമേരിക്കൻ സൂപ്പർമാർക്കറ്റുകളിലും ഭാരം കുറയ്ക്കൽ സ്ഥാപനങ്ങളിലും ഡയറ്റ്, ഡയറ്ററിക് ഉൽപന്നങ്ങളുടെ ഒരു പ്രമുഖ വിതരണക്കാരനായി എസ്സെൻ ന്യൂട്രീഷൻ വളർന്നു.

ന്യൂക്ലിയർ കെമിസ്ട്രിയിലും ന്യൂട്രീഷനിലും രണ്ട് പിഎച്ച്ഡി ബിരുദങ്ങൾ നേടിയ ഡോ. അനിരുദ്ധൻ പോഷകാഹാര വ്യവസായത്തിലേക്ക് മാറുന്നതിന് മുമ്പ് കെമിസ്ട്രി പ്രൊഫസറായി തന്റെ കരിയർ ആരംഭിച്ചു. സാൻഡോസ് ന്യൂട്രീഷനിൽ ഗവേഷണ വികസന കോർപ്പറേറ്റ് ഡയറക്ടർ, ഡീൻ ഫുഡ്സ്, ക്രാഫ്റ്റ്, സാറാ ലീ ക്രോഗർ



എന്നിവയുൾപ്പെടെയുള്ള പ്രധാന യുഎസ് ഭക്ഷ്യ കമ്പനികളുടെ കൺസൾട്ടന്റ് തുടങ്ങിയ ഉയർന്ന സ്വാധീനമുള്ള റോളുകൾ അദ്ദേഹത്തിന്റെ കരിയറിൽ ഉൾപ്പെടുന്നു. ദേശീയ ഭക്ഷ്യ ലേബലിംഗ് മാനദണ്ഡങ്ങൾ വികസിപ്പിക്കുന്നതിന് സംഭാവന നൽകിക്കൊണ്ട് എഫ്ഡിഎയുടെ ഫുഡ് ലേബൽ റെഗുലേറ്ററി കമ്മിറ്റിയിലും അദ്ദേഹം സേവനമനുഷ്ഠിച്ചു.

പ്രൊഫഷണൽ നേട്ടങ്ങൾക്കപ്പുറം, ഡോ. അനിരുദ്ധൻ ഒരു സജീവ കമ്യൂണിറ്റി നേതാവാണ്. ഫെഡറേഷൻ ഓഫ് കേരള അസോസിയേഷൻസ് ഇൻ നോർത്ത് അമേരിക്കയുടെ (ഫൊക്കാന) പ്രസിഡണ്ടായി മൂന്ന് തവണ സേവനമനുഷ്ഠിച്ചു.

നോർക്ക-റൂട്ട്സിലും ഇന്ത്യ ഡെവലപ്മെന്റ് ഫൗണ്ടേഷൻ ഓഫ് ഓവർസീസ് ഇന്ത്യൻസിലും സ്ഥാനങ്ങൾ വഹിച്ചു. അദ്ദേഹത്തിന്റെ സംഭവനകൾ അദ്ദേഹത്തിന് നാഷണൽ ഫുഡ് പ്രോസസ്സേഴ്സ് അസോസിയേഷന്റെ മികച്ച ഗവേഷണ വികസന ശാസ്ത്രജ്ഞനുള്ള അവാർഡ് (1997), ശാസ്ത്ര സാങ്കേതിക മേഖലയിലെ മികവിന് അന്നത്തെ പ്രസിഡണ്ട് ഡോ. എ.പി.ജെ അബ്ദുൾ കലാം നൽകിയ പ്രവാസി ഭാരതീയ സമ്മാൻ (2007) എന്നിവയുൾപ്പെടെ അഭിമാനകരമായ അംഗീകാരങ്ങൾ നേടിക്കൊടുത്തു. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫുഡ് ടെക്നോളജിസ്റ്റുകളുടെ സർട്ടിഫൈഡ് ഫുഡ് സയന്റിസ്റ്റായും അദ്ദേഹത്തെ അംഗീകരിച്ചിട്ടുണ്ട്.

# ഫൊക്കാന വുമൺസ് ഫോറം കേരള അംബാസഡറായി ഷീബ അമീറിനെ തെരഞ്ഞെടുത്തു


**സരൂപാ അനിൽ**

കോട്ടയം: സൊലസ് സംഘടനയുടെ സ്ഥാപകയും അമരക്കാരിയും ആയ ഷീബ അമീറിനെ 2024-2026 ഫൊക്കാനാ വിമൻസ് ഫോറത്തിന്റെ കേരള അംബാസഡറായി തെരഞ്ഞെടുത്തുവെന്നു ഫൊക്കാന പ്രസിഡണ്ട് സജിമോൻ ആന്റണി അറിയിച്ചു. സ്ത്രീകൾക്ക് എന്നല്ല മറിച്ചു ഈ ലോകത്തിനു തന്നെ അഭിമാനിക്കാവുന്ന ഒരു വ്യക്തിത്വമായ ഷീബ അമീറിനെ ഫൊക്കാനയുടെ വിമൻസ് ഫോറം കേരള അംബാസഡർ ആയി ലഭിച്ചതിൽ ഫൊക്കാന ടീം അഭിമാനിക്കുന്നു എന്ന് ഫൊക്കാന പ്രസിഡണ്ട് സജിമോൻ ആന്റണി പറയുകയുണ്ടായി. ഷീബ അമീറിന്റെ നിശ്ചയദാർഢ്യം ഒന്നു മാത്രം ആണ് കേരളം എന്ന ഒരു ചെറിയ സംസ്ഥാനത്തിൽനിന്നും ലോകം മുഴുവൻ പടർന്നുനിൽക്കുന്ന ഒരു വടവൃക്ഷമായി സൊലസിനെ ഉയർത്താൻ സാധിച്ചത് എന്ന് ഫൊക്കാന വിമൻസ് ഫോറം ചെയർപേഴ്സൺ രേവതി പിള്ള അഭിപ്രായപ്പെട്ടു.



കേരളത്തിലെ അസുഖബാധിതരായ കുട്ടികൾക്കും അവരുടെ കുടുംബങ്ങൾക്കും സൊലസിലൂടെ ഷീബ അമീർ നൽകുന്ന ആശ്വാസം മാതൃകാപരമാണെന്ന് ഫൊക്കാന സെക്രട്ടറി ശ്രീകുമാർ ഉണ്ണിത്താൻ അഭിപ്രായപ്പെട്ടു. ഓഗസ്റ്റ് 1, 2, 3 തീയതികളിൽ ആയി കുമരകത്തുവെച്ചു നടക്കുന്ന ഫൊക്കാന കേരള കൺവൻഷനിൽ വിശിഷ്ടാതിഥി ആയി ഷീബ അമീറിന്റെ സാന്നിധ്യം വിമൻസ് ഫോറത്തിനും ഫൊക്കാനക്കും കൂടുതൽ ഊർജം പകരുന്ന ഒന്നാണെന്ന് രേവതി പിള്ള അഭിപ്രായപ്പെട്ടു.

# ഫൊക്കാനയുടെ പ്രഥമ പ്രസിഡണ്ട് ഡോ. എം. അനിരുദ്ധന് ഫൊക്കാനയുടെ കണ്ണീർ പ്രണാമം




**ശ്രീകുമാർ ഉണ്ണിത്താൻ**

ന്യൂയോർക്ക്: ഫൊക്കാനയുടെ രൂപീകരണത്തിന് നേതൃത്വം നൽകിയ വ്യക്തികളിൽ പ്രമുഖനും ഫൊക്കാനയുടെ പ്രഥമ പ്രസിഡണ്ടും ആയിരുന്ന ഡോ. എം. അനിരുദ്ധന് ഫൊക്കാനയുടെ കണ്ണീർ പ്രണാമം. മൂന്ന് തവണ ഫൊക്കാന പ്രസിഡണ്ട് ആയി സേവനമനുഷ്ഠിച്ച ഡോ. അനിരുദ്ധൻ ഫൊക്കാനയുടെ എക്കാലത്തേയും മികച്ച പ്രസിഡണ്ടാണ്. ഫൊക്കാനയെ അമേരിക്കൻ മലയാളികളുടെ പ്രിയപ്പെട്ട സംഘടനയാക്കുന്നതിലും ജനകീയമാക്കുന്നതിലും അനിരുദ്ധൻ വഹിച്ച പങ്ക് വളരെ വലുതാണ്. 1983-ൽ ആദ്യ പ്രസിഡണ്ട് ആയ ഡോ. എം. അനിരുദ്ധൻ അന്നുമുതൽ 2024-ൽ സജിമോൻ ആന്റണി പ്രസിഡണ്ട് ആയി നേതൃത്വം ഏൽക്കുമ്പോഴും, ഫൊക്കാനയുടെ തലതൊട്ടപ്പനായി നിലകൊണ്ട അദ്ദേഹത്തിന്റെ നേതൃത്വപാടവം ഫൊക്കാനക്ക് എന്നും ഒരു മുതൽക്കൂട്ട് ആയിരുന്നു.

പ്രവാസി ഇന്ത്യക്കാരുടെ സാമൂഹികക്ഷേമത്തിനു നൽകിയ സംഭാവനകൾ പരിഗണിച്ച് അനിരുദ്ധന് പ്രവാസി ഭാരതീയ സമ്മാൻ പുരസ്കാരം നൽകി ആദരിച്ചിട്ടുണ്ട്. യുഎസ്എയിലെ നാഷണൽ ഫുഡ് പ്രൊസസേഴ്സ് അസോസിയേഷൻ മികച്ച ആർ. ആൻഡ് ഡി ശാസ്ത്രജ്ഞനുള്ള പുരസ്കാരവും, പ്രവാസി ഭാരതീയ പുരസ്കാരം നൽകി കേന്ദ്ര സർക്കാരും അദ്ദേഹത്തെ ആദരിച്ചിട്ടുണ്ട്. നോർക്ക ഡയറക്ടർ ബോർഡ് അംഗം, മാതൃഭൂമി ഡയറക്ടർ ബോർഡ് അംഗം എന്നീ നിലകളിൽ പ്രവർത്തിച്ചിരുന്ന അദ്ദേഹം അമേരിക്കയിലെയും കേരളത്തിലെയും അറിയപ്പെടുന്ന ബിസിനസുകാരൻ കൂടിയാണ്. ചിക്കാഗോ മലയാളി അസോസിയേഷന്റെ മുൻ പ്രസിഡണ്ടുകൂടിയാണ് ഡോ. അനിരുദ്ധൻ.

ലോകത്തിലെ ഏറ്റവും വലിയ പോഷകാഹാര ഉത്പാദകരായ സാൻഡോസിന്റെ ഗവേഷണവിഭാഗം തലവനായി 10 വർഷം തുടർന്നു. കുട്ടികൾക്കായുള്ള പോഷകങ്ങൾ വികസിപ്പിച്ചെടുക്കുന്നതിൽ ഏറെ വർഷം ഗവേഷണം നടത്തി. പിന്നീടാണ് സ്വന്തമായി വ്യവസായ ശൃംഖല വികസിപ്പിച്ചെടുക്കുന്നത്. സാൻഡോസിന് വേണ്ടി, അമേരിക്കയിലെ ആദ്യത്തെ സ്പോർട്സ് ന്യൂട്രീഷ്യൻ ഉത്പന്നം ഐസോസ്റ്റാർ വികസിപ്പിച്ചെടുത്തത് അനിരുദ്ധൻ അടങ്ങുന്ന സംഘമായിരുന്നു. അമേരിക്കൻ ഫുഡ് ആൻഡ് ഡ്രഗ് അഡ്മിനിസ്ട്രേഷന്റെ (എഫ്ഡിഎ) ഫുഡ് ലേബൽ റെഗുലേറ്ററി കമ്മിറ്റിയിൽ അംഗമായിരുന്നു.

അമേരിക്കയിൽ പലസ്ഥലത്തായി രൂപംകൊണ്ട സാംസ്കാരിക സംഘടനകളെ ഒരു നൂലിഴയിൽ കോർത്ത് മനോഹരമായ മാല തീർക്കാം എന്ന ആശയം മുന്നോട്ട് വെച്ചത് ഡോ. എം. അനിരുദ്ധനാണ്. അന്നത്തെ ഇന്ത്യൻ അംബാസഡർ കെ.ആർ. നാരായണന്റെ അദ്ധ്യക്ഷതയിൽ കൂടിയ മീറ്റിംഗിൽ ഫൊക്കാന (ഫെഡറേഷൻ ഓഫ് കേരളാ അസോസിയേഷൻസ് ഇൻ നോർത്ത് അമേരിക്ക) എന്ന സംഘടന സ്ഥാപിതമായി. അന്നുമുതൽ ഫൊക്കാനയുടെ തേരാളിയായി അദ്ദേഹം നിലകൊണ്ടു.

ഫൊക്കാന അമേരിക്കയിൽ മാത്രമല്ല കേരളത്തിലും ഒരു ശക്തിയായി വളരണമെന്നും അവിടുത്തെ രാഷ്ട്രീയ സാമൂഹ്യ മേഖലകളിൽ ഫൊക്കാന എന്താണ് എന്ന് അറിയണമെന്നും, അതുപോലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരെ സഹായിക്കാനും വേണ്ടി ഫൊക്കാനയെ കേരളത്തിൽ അവതരിപ്പിച്ച് 'ഫൊക്കാന കേരള പ്രവേശം' 2001-ൽ ആദ്യമായി കേരളാ കൺവൻഷൻ സംഘടിപ്പിച്ചതും അനിരുദ്ധനാണ്. അദ്ദേഹത്തിന്റെ കഴിവും പരിശ്രമവുമാണ് ഫൊക്കാനയെ ലോകത്തിലേക്കും ഏറ്റവും വലിയ പ്രവാസി സംഘടനയാക്കി മാറ്റിയെടുത്തത്.

(ശേഷം 34-ാം പേജിൽ)

കേരളാ എക്സ്പ്രസ്
വാരാന്ത്യം

കഴിഞ്ഞ 32 വർഷങ്ങളായി അമേരിക്കൻ മലയാളികളുടെ വാർത്തകളുടേയും ചിന്തകളുടേയും നേർപതിപ്പായ കേരളാ എക്സ്പ്രസ്സ് ഈ മാസം മുതൽ സാഹിത്യം, സിനിമ, യാത്രാക്കുറിപ്പുകൾ, സോഷ്യൽ മീഡിയ കുറിപ്പുകൾ എന്നിവയ്ക്കായി രണ്ട് പേജുകൾ നീക്കിവെയ്ക്കുന്നു.

കാച്ചിക്കുറുക്കിയ രചനകളാണ് കൂടുതലായും പരിഗണിക്കുക. മതപരമായ വിഷയങ്ങൾ ഒഴിവാക്കേണ്ടതാണ്. തിരക്കുകളുടെ ലോകത്ത് സജീവമായ മനുഷ്യന് ചുരുങ്ങിയ വാക്കുകളിൽ എല്ലാം കാണാനും കേൾക്കാനുമാണ് താല്പര്യം. എഴുതുന്നവർക്കും, എഴുതി തുടങ്ങുന്നവർക്കും കേരളാ എക്സ്പ്രസ്സിന്റെ ഈ പംക്തിയിലേക്ക് സ്വാഗതം.

രചനകൾ അയക്കുന്നവരുടെ പൂർണ്ണമായ മേൽവിലാസവും ഫോൺ നമ്പറും ഉണ്ടായിരിക്കേണ്ടതാണ്. യൂണിക്കോഡ് ഫോർമാറ്റിലാണ് രചനകൾ അയക്കേണ്ടത്. രചയിതാവിന്റെ ഫോട്ടോയും രചനകൾക്കൊപ്പം അയക്കേണ്ടതാണ്. ദീർഘമായ രചനകൾ അയയ്ക്കേണ്ടതില്ല. രചനകൾ പ്രസിദ്ധീകരിക്കുവാനുള്ള തീരുമാനം പൂർണ്ണമായും എഡിറ്റോറിയൽ ബോർഡിനായിരിക്കും.

രചനകൾ അയയ്ക്കേണ്ട വിലാസം:
news@keralaexpress.com

വഴിത്താരകൾ

കേരളാ എക്സ്പ്രസ് KERALA EXPRESS
Weekly Newspaper National Edition from Chicago

കേരളാ എക്സ്പ്രസ്സിലെ ശ്രദ്ധേയമായ പംക്തി

നിങ്ങളുടെ ജീവിതം ഞങ്ങളോട് പറയാൻ താല്പര്യമുണ്ടോ?
വെറും ജീവിതമല്ല കേട്ടോ,
മറ്റുള്ളവർക്ക് വേണ്ടി മാറ്റിവെച്ച ജീവിതം,
മാതൃകയാക്കാവുന്ന ജീവിതം,
ഉണ്ടെങ്കിൽ മുഖത്ത് നോക്കി നിങ്ങളുടെ കഥ പറയാം

ഇതാ ഒരു സുവർണ്ണാവസരം..!
കേരളാ എക്സ്പ്രസിന്റെ 'വഴിത്താരകൾ' എന്ന പംക്തിയിലൂടെ

ഇനി ലോകം നിങ്ങളെ അറിയട്ടെ

വിശദവിവരങ്ങൾക്കായി കേരള എക്സ്പ്രസ്സ് എക്സിക്യൂട്ടീവ് എഡിറ്റർ ജോസ് കണിയാലിയുമായി (630)728-7956 ബന്ധപെടുക.

# മൗണ്ട് ഒലീവ് സെന്റ് തോമസിൽ പെരുന്നാളും ഭാരവാഹികളെ ആദരിക്കലും നടത്തി

ജോർജ് തുമ്പയിൽ

ന്യൂജേഴ്സി: മൗണ്ട് ഒലീവ് സെന്റ് തോമസ് ഓർത്തഡോക്സ് ഇടവകയിലെ പെരുന്നാൾ ആഘോഷവും മുൻ വർഷങ്ങളിലെ ഭാരവാഹികളെ ആദരിക്കുന്ന ചടങ്ങും നടന്നു. ജൂലൈ 2-ന് ബുധനാഴ്ച (കോലഞ്ചേരി) ഫാ. ഗീവർഗീസ് വള്ളിക്കാട്ടിലും 3-ന് വ്യാഴാഴ്ച (ഡിട്രോയിറ്റ്) ഡീക്കൻ യെൻ തോമസും കൺവൻഷൻ പ്രസംഗങ്ങൾ നടത്തി. വെള്ളിയാഴ്ച ഫിലാഡൽഫിയയിൽനിന്നുള്ള ഫാ. ഗീവറുഗീസ് ജോൺ പെരുന്നാൾ സന്ദേശം നല്കി. തുടർന്ന് റാസ, ക്രിസ്ത്യൻ മ്യൂസിക്കൽ കൺസർട്ട്, കരിമരുന്ന് പ്രയോഗം, തട്ടുകട എന്നിവയും ഉണ്ടായിരുന്നു. ശനിയാഴ്ച രാവിലെ ബാൾട്ടിമോർ സെന്റ് തോമസ് ഇടവക വികാരി ഫാ. ടോബിൻ പി. മാത്യുവിന്റെ കാർമ്മികത്വത്തിലുള്ള കുർബാന, തുടർന്ന് മൗണ്ട് ഒലീവിൽ ഇടവക ആരംഭിച്ചതിന് ശേഷമുള്ള ഭാരവാഹികളെ ആദരിക്കുന്ന ചടങ്ങും ഉണ്ടായിരുന്നു. കൈക്കാരന്മാരായിരുന്ന ഫിലിപ്പ് തങ്കച്ചൻ, തോമസ്കുട്ടി ഡാനിയൽ, സുനോജ് തമ്പി, റിനു ചെറിയാൻ, സെക്രട്ടറിമാരായിരുന്ന ജോർജ് തുമ്പയിൽ, ഡോ. ജോളി കുരുവിള, നിതിൻ ഏബ്രഹാം എന്നിവരുടെ സ്തുത്യർഹമായ സേവനങ്ങളെ പരിഗണിച്ച് വികാരി ഫാ. ഷിബു ഡാനിയൽ എല്ലാവർക്കും മൊമന്റോ നല്കി. വികാരി ഫാ. ഷിബു ഡാനിയേലിനുള്ള മൊമന്റോ കൈക്കാരൻ റോഷിൻ ജോർജും സെക്രട്ടറി ജോർജ് തുമ്പയിലും സന്നിഹിതനായിരുന്ന ഫാ. ടോബിൻ പി. മാത്യുവും ചേർന്നു നല്കി. നേർച്ചവിളമ്പും ഉച്ചഭക്ഷണവും ക്രമീകരിച്ചിരുന്നു. പെരുന്നാൾ പേട്രൺമാരായി തോമസ്കുട്ടി ഡാനിയൽ/റോസ്ലിൻ ഡാനിയൽ, റിനു/ബിന്ദു ചെറിയാൻ, ചെറിയാൻ ജൂബിലി/ഡോ. ജോഡി തോമസ്, മാത്യു സി. മാത്യു/മോളി മാത്യു, ഫിലിപ്പ്/സൂസൻ ജോസഫ് എന്നിവർ സേവനമനുഷ്ഠിച്ചു.









# ഫോമാ പൊളിറ്റിക്കൽ ഫോറം: തോമസ് ടി. ഉമ്മൻ ചെയർമാൻ, സിജു ഫിലിപ്പ് സെക്രട്ടറി

ഷോളി കുമ്പിളുവേലി

ന്യൂയോർക്ക്: ലോകത്തിലെ ഏറ്റവും വലിയ മലയാളി അസോസിയേഷനുകളുടെ കേന്ദ്രസംഘടനയായ ഫോമായുടെ പൊളിറ്റിക്കൽ ഫോറം ചെയർമാനായി മുതിർന്ന നേതാവ് തോമസ് ടി. ഉമ്മൻ തെരഞ്ഞെടുക്കപ്പെട്ടു. സിജു ഫിലിപ്പ് (അറ്റ്ലാന്റ) ആണ് സെക്രട്ടറി. കമ്മിറ്റി അംഗങ്ങളായി ഷാജി വർഗീസ് (ന്യൂയോർക്ക്), വിൽസൺ നെച്ചിക്കാട്ട് (കാലിഫോർണിയ), ഷാന്റി വർഗീസ് (ഫ്ളോറിഡ), ജോസ് മലയിൽ (ന്യൂയോർക്ക്) എന്നിവരെയും കൂടാതെ ഫോമാ നാഷണൽ കമ്മിറ്റി പ്രതിനിധിയായി ജോർജ് മാത്യുവിനെയും (ചിക്കാഗോ) തെരഞ്ഞെടുത്തു.

ചെയർമാനായി തെരഞ്ഞെടുക്കപ്പെട്ട തോമസ് ടി. ഉമ്മൻ ഫോമായുടെ തലമുതിർന്ന നേതാക്കളിൽ ഒരാളാണ്. ഫോമായുടെ ആദ്യ ബൈലോകമ്മിറ്റി വൈസ് ചെയർമാനായി സേവനം ചെയ്തിട്ടുള്ള തോമസ് ടി. ഉമ്മൻ ഫോമായുടെ നാഷണൽ കമ്മിറ്റി അംഗം, നാഷണൽ ട്രഷറർ, അഡ്വൈസറി ബോർഡ് ചെയർമാൻ തുടങ്ങി വിവിധ സ്ഥാനങ്ങളിൽ സ്തുത്യർഹമായി സേവനം ചെയ്തിട്ടുണ്ട്. ഫോമായുടെ പൊളിറ്റിക്കൽ ആൻഡ് സിവിക് ഫോറം പ്രസിഡണ്ടായി മൂന്നുതവണ പ്രവർത്തിച്ചിട്ടുണ്ട്. ലിംകയുടെ ഫൗണ്ടിംഗ് പ്രസിഡണ്ടായിരുന്നു. ഇന്ത്യൻ സമൂഹത്തിന്റെ, പ്രത്യേകിച്ച് മലയാളികളുടെ താല്പര്യങ്ങൾ മുൻനിർത്തി നിരവധി സമരങ്ങൾക്കും പ്രക്ഷോഭങ്ങൾക്കും നേതൃത്വം നല്കിയിട്ടുള്ള തോമസ് ടി. ഉമ്മൻ മികച്ച സംഘാടകനും സാമൂഹിക, സാംസ്കാരിക പ്രവർത്തകനുമാണ്.

സെക്രട്ടറിയായി തെരഞ്ഞെടുക്കപ്പെട്ട സിജു ഫിലിപ്പ് കഴിഞ്ഞ 23 വർഷമായി അറ്റ്ലാന്റയിലെ പ്രവാസി സമൂഹത്തിൽ സജീവസാന്നിദ്ധ്യമാണ്. അറ്റ്ലാന്റാ മെട്രോ മലയാളി അസോസിയേഷന്റെ മുൻനിര പ്രവർത്തകനാണ്. ഫോമാ സൗത്ത് ഈസ്റ്റ് റീജിയണൽ സെക്രട്ടറി, ഫോമാ ജൂണിയർ അഫേഴ്സ് സെക്രട്ടറി തുടങ്ങി നിരവധി പദവികളിൽ ശോഭിച്ചിട്ടുള്ള സിജു, മികച്ച പ്രസംഗകനും സംഘാടകനുമാണ്.

കമ്മിറ്റി അംഗങ്ങളായി തെരഞ്ഞെടുക്കപ്പെട്ട ഷാജി വർഗീസ് കേരള സമാജം ഓഫ് ഗ്രെയിറ്റർ ന്യൂയോർക്കിന്റെ ട്രഷറർ, ഓഡിറ്റർ തുടങ്ങിയ നിലകളിലും ഫോമ മെട്രോ റീജിയന്റെ കമ്മിറ്റി അംഗമായും ശോഭിച്ചിട്ടുണ്ട്. കൂടാതെ പ്രമുഖ സാംസ്കാരിക സംഘടനയായ കലാവേദിയുടെ കമ്മിറ്റി അംഗമായും നിലവിൽ ഷാജി പ്രവർത്തിക്കുന്നു.


വിൽസൺ നെച്ചിക്കാട്ട് നിലവിൽ സാക്രമെന്റോ റീജിയണൽ അസോസിയേഷൻ ഓഫ് മലയാളീസിന്റെ പ്രസിഡണ്ടായി സേവനം ചെയ്യുന്നു. ഇൻഫന്റ് ജീസസ് സീറോമലബാർ ഇടവകയുടെ മുൻ കൈക്കാരൻ കൂടിയായ വിൽസൺ നെച്ചിക്കാട്ട് സാമൂഹിക, സാംസ്കാരിക രംഗങ്ങളിലെ നിറസാന്നിദ്ധ്യമാണ്.


ഷാന്റി വർഗീസ് 1995 മുതൽ അമേരിക്കൻ മലയാളികളുടെ ഇടയിൽ സാമൂഹിക, സാംസ്കാരിക രംഗങ്ങളിൽ പ്രവർത്തിച്ചുവരുന്നു. നവകേരള അസോസിയേഷൻ ഓഫ് ഫ്ളോറിഡയുടെ വൈസ് പ്രസിഡണ്ട്, സെക്രട്ടറി, പ്രസിഡണ്ട് തുടങ്ങിയ പദവികളിൽ തന്റെ വ്യക്തിമുദ്ര പതിപ്പിച്ചിട്ടുണ്ട്. ഇന്ത്യൻ പ്രസ്ക്ലബ് ഫ്ളോറിഡ ചാപ്റ്റർ കൂടിയായ ഷാന്റി വർഗീസ് ഇന്ത്യൻ ഓവർസീസ് കോൺഗ്രസ് ഫ്ളോറിഡ ചാപ്റ്റർ വൈസ് പ്രസിഡണ്ടായും പ്രവർത്തിക്കുന്നു.

ജോസ് മലയിൽ ഇന്ത്യൻ കൾച്ചറൽ അസോസിയേഷൻ ഓഫ് വെസ്റ്റ് ചെസ്റ്ററിന്റെ പ്രസിഡണ്ടായും ഫോമായുടെ നാഷണൽ കമ്മിറ്റി അംഗമായും തന്റെ കഴിവ് തെളിയിച്ചിട്ടുണ്ട്. ഇന്ത്യൻ കാത്തലിക് അസോസിയേഷൻ പ്രസിഡണ്ട്, കുറവിലങ്ങാട് അസോസിയേഷൻ വൈസ്പ്രസിഡണ്ട്, എസ്എംസി ബ്രോങ്ക്സ് ചാപ്റ്റർ പ്രസിഡണ്ട് തുടങ്ങിയ നിലകളിലും ശോഭിച്ചിട്ടുള്ള ജോസ് മലയിൽ വൈസ്മെൻ ഇന്റർനാഷണൽ വെസ്റ്റ്ചെസ്റ്റർ ചാപ്റ്ററിന്റെ പ്രസിഡണ്ട് എലെക്ട് കൂടിയാണ്.

ഫോമാ നാഷണൽ കമ്മിറ്റി പ്രതിനിധിയായി പൊളിറ്റിക്കൽ ഫോറത്തിലേക്ക് നാമനിർദ്ദേശം ചെയ്യപ്പെട്ട ജോർജ് മാത്യു, സെൻട്രൽ റീജിയനിൽ നിന്നുള്ള നാഷണൽ കമ്മിറ്റി അംഗമാണ്. ചിക്കാഗോയിലെ സാമൂഹിക, സാംസ്കാരിക രംഗങ്ങളിൽ നിസ്തുലമായ സംഭാവന നല്കിയിട്ടുള്ള വ്യക്തിയാണ് ജോർജ് മാത്യു.

പുതിയ പൊളിറ്റിക്കൽ ഫോറം ചെയർമാനെയും കമ്മിറ്റിയേയും ഫോമാ പ്രസിഡണ്ട് ബേബി മണക്കുന്നേൽ, ജനറൽ സെക്രട്ടറി ബൈജു വർഗീസ്, ട്രഷറർ സിജിൽ പാലക്കലോടി, വൈസ് പ്രസിഡണ്ട് ഷാലു പുന്നൂസ്, ജോ. സെക്രട്ടറി പോൾ ജോസ്, ജോ. ട്രഷറർ അനുപമ കൃഷ്ണൻ എന്നിവർ അനുമോദിക്കുകയും ആശംസകൾ നേരുകയും ചെയ്തു.


തോമസ് ടി. ഉമ്മൻ



സിജു ഫിലിപ്പ്


ഷാജി വർഗീസ്


വിൽസൺ നെച്ചിക്കാട്ട്


ഷാന്റി വർഗീസ്


ജോസ് മലയിൽ


ജോർജ് മാത്യു

# ക്രൈസ്തവ ജീവിതം ഒരു തീർത്ഥയാത്ര; 'തീർത്ഥാടകന്റെ വഴി'യിലൂടെ അൽപനേരം

ജോർജ് തുമ്പയിൽ

ചിക്കാഗോ: നോർത്ത് ഈസ്റ്റ് അമേരിക്കൻ ഭദ്രാസന ഫാമിലി/യൂത്ത് കോൺഫറൻസിലെ മുഖ്യ പ്രസംഗകനായിരുന്ന മലങ്കര ഓർത്തഡോക്സ് സഭ വൈദിക അസോസിയേഷൻ ജനറൽ സെക്രട്ടറി ഫാ. ഡോ. നൈനാൻ ജോർജ് 'തീർത്ഥാടകന്റെ വഴി' എന്ന ചിന്താവിഷയത്തിലൂന്നി മൂന്ന് ദിവസങ്ങളിലായി നടത്തിയ പ്രസംഗപരമ്പര ഏറെ ശ്രദ്ധ പിടിച്ചുപറ്റി.

"ക്രൈസ്തവ ജീവിതം ഒരു തീർത്ഥയാത്രയാണ്. നദി ഒഴുകിയൊഴുകി സായൂജ്യം അടയുന്നത് അതു സമുദ്രത്തിൽ ചെന്ന് ചേരുന്നതോടെയാണ്. അതുപോലെ ക്രിസ്തുവിൽ ചെന്ന് ചേരേണ്ടതാണ് ഓരോ ക്രൈസ്തവന്റെയും ജീവിതയാത്ര. ഈയൊരു ബോധ്യം ഓരോ ക്രൈസ്തവനും ഉണ്ടാകേണ്ടതാണ്. രക്ഷയിലേക്കുള്ള മാനവരാശിയുടെ തീർത്ഥാടനം ക്രിസ്തുവിനോടൊപ്പമുള്ള യാത്രയാകണം. ഒരു ക്രൈസ്തവൻ ആകുക എന്ന് പറഞ്ഞാൽ തീർത്ഥാടകൻ ആകുക എന്നും അർത്ഥമുണ്ട്." നോർത്ത് ഈസ്റ്റ് അമേരിക്കൻ ഭദ്രാസന ഫാമിലി ആൻഡ് യൂത്ത് കോൺഫറൻസിൽ 'തീർത്ഥാടകന്റെ വഴി' എന്ന ചിന്താവിഷയത്തിലൂന്നിയ പ്രസംഗ പരമ്പരയുടെ വിവിധ ഘട്ടങ്ങളിൽ ഫാ. ഡോ. നൈനാൻ വി. ജോർജ് പ്രസ്താവിച്ചു.




ദൈവം ആഗ്രഹിക്കുന്നത് നാം ദൈവത്തോടൊപ്പം ആയിരിക്കുവാനാണ്. ജീവിതത്തെ പവിത്രമായ ഒരു തീർത്ഥാടനമായി കാണുക. അതും ഓർത്തഡോക്സ് വീക്ഷണത്തിൽ വേണം കാണുവാൻ. തീർത്ഥാടകന്റെ വഴിയുടെ വിവിധ അർത്ഥതലങ്ങളെ വിവിധ ക്ലാസുകളിലായി ഫാ. ഡോ. നൈനാൻ വി. ജോർജ് വിശദീകരിച്ചു നൽകി.

ക്രൈസ്തവന്റെ യാത്ര ക്രിസ്തുവിങ്കലേക്ക് അഥവാ ക്രിസ്തുവിനോടൊപ്പമുള്ള യാത്രയാണ്. കാലസമ്പൂർണതയിലേക്കുള്ള യാത്രയിൽ പിതാവിനോടും പുത്രനോടും ഒന്നിച്ചുള്ള തീർത്ഥാടനമാണത്. ഞാനാരാണ്? ഞാനെന്താണ്? ഈ ചോദ്യങ്ങൾക്കുള്ള ഉത്തരങ്ങൾക്കായുള്ള ചിന്തകളാണ് തുടർന്നുള്ള ക്ലാസുകളിൽ നൈനാൻ അച്ചൻ പങ്കുവെച്ചത്.

ദൈവികതയിലേക്കുള്ള തീർത്ഥാടനത്തിലെ ഒരു ടോക്കൺ മാത്രമാണ് വിശുദ്ധപൗലോസ് അപ്പോസ്തോലൻ. എല്ലാം ക്രിസ്തുവിനുവേണ്ടി ഉപേക്ഷിച്ച, അദ്ദേഹം വലിയൊരു പണ്ഡിതനും ആയിരുന്നു.

"സീയോൻ സഞ്ചാരി ഞാൻ, യേശുവിൽ ചാരി ഞാൻ പോകുന്നു, കുരിശിന്റെ പാതയിൽ", വ്യാഴാഴ്ച ദൈവികതയിലേക്കുള്ള തീർത്ഥാടനത്തെ കുറിച്ച ചിന്തകളിലേക്ക് അച്ചൻ പ്രവേശിക്കുമ്പോൾ ഈ ഗാനം അച്ചൻ പാടിയത് എല്ലാവരും ഏറ്റുപാടി.

'തീർത്ഥാടകന്റെ വഴി' എന്ന ചിന്താവിഷയത്തെ കുറിച്ചുള്ള പഠനത്തിന് അഞ്ചുവിഷയങ്ങളാണ് നൈനാൻ അച്ചൻ പരാമർശിച്ചത്.

1. ദൈവവചനത്തിൽ നിന്നുള്ള പേരുകൾ:

വിശ്വാസികളുടെ പിതാവായ അബ്രഹാം സ്വന്ത ദേശം ഉപേക്ഷിച്ചു. യിശ്രയേല്യരാട്ടെ മരുഭൂമിയിലൂടെ തീർത്ഥയാത്ര ചെയ്തു. യേശുവാകട്ടെ സർവ്വാധികാര തീർത്ഥാടകൻ എങ്കിലും മാതാവിന്റെ ഗർഭപാത്രം മുതൽ തുടങ്ങിയ യാത്ര ബേത്‌ലഹേം,ഈജിപ്ത്, ഗലീലി താണ്ടി മാനവവംശത്തിന്റെ മുഴുവൻ വിടുതലിനായും തീർത്ഥാടനം നടത്തി.

2.തീർത്ഥാടനത്തിന്റെ വ്യാപ്തി:

മനുഷ്യവംശത്തിന്റെ രക്ഷയുടെ തീർത്ഥയാത്ര, ക്രിസ്തുവിലേക്ക് ക്രിസ്തുവിനോടൊപ്പമുള്ള തീർത്ഥയാത്രയാണ്, കാലസമ്പൂർണതയിലേക്കുള്ള തീർത്ഥയാത്രയിലൂടെ അനുദിനം ക്രിസ്തുവിനൊപ്പം ജീവിക്കേണ്ടവരാണ് നാം.

3. തീർത്ഥാടകന്റെ ഗുണങ്ങൾ;

വിശ്വാസം; ദൈവത്തിലുള്ള തികഞ്ഞ വിശ്വാസം.

വിനയം: പരീശ ഭാവം വെടിഞ്ഞു ജീവിക്കുക. ചുങ്കക്കാരൻ നീതീകരിക്കപ്പെട്ടതും ഈ മനോഭാവത്തിലാണെന്നോർക്കുക.

സ്ഥിരത(Perseverance): നമുക്ക് വേണ്ടതും അത് തന്നെയാണ്. നിന്റെ ഓട്ടം സ്ഥിരതയോടെ ഓടുക.

സ്നേഹം: സ്വയം ഉപേക്ഷിക്കുന്ന സ്നേഹം. എല്ലാ ഭാരങ്ങളും വെടിഞ്ഞു ക്രിസ്തുവിനൊപ്പം ജീവിക്കുക. അനുതാപത്തിന്റെ വഴികളിലേക്ക് വരിക.

4. മരുഭൂമിയിലെ പിതാക്കന്മാരുടെ പഠിപ്പിക്കലുകൾ

തീർത്ഥാടക യാത്ര ഭൗതിക യാത്രയല്ല. പ്രത്യുത ഹൃദയത്തിന്റെ യാത്രയാണ്. നിശബ്ദതയിൽ പാർക്കുന്നവർ മൂന്നു യുദ്ധത്തിൽ നിന്ന് രക്ഷപ്പെടുന്നു: കേൾവി, സംസാരം, കാഴ്ച.

5. ദൈവരാജ്യത്തിനായി തീർത്ഥാടകർ ആത്മീയ മുന്നൊരുക്കം നടത്തുന്നു. സഭ ഒരു തീർത്ഥാടക സമൂഹമാണ്. ദൈവസന്നിധിയിലേക്ക് ഒരുമിച്ചു യാത്ര ചെയ്യണം. നമ്മുടെ കുടുംബങ്ങൾ തീർത്ഥാടക മനോഭാവത്തിൽ ജീവിക്കണം. ക്രിസ്തുവിന്റെ ഭാവം തന്നെ നമ്മിലുണ്ടാകണം.

ഭക്തിയുടെ തീർത്ഥാടനം വീണ്ടെടുപ്പിന്റെ വഴിയിലൂടെയുള്ള യാത്രയാണ്. ദൈവം ആഗ്രഹിക്കുന്നത് നാം ദൈവത്തോടൊപ്പം ആയിരിക്കുവാനാണ്. പാപ വഴികളിൽ നിന്ന് അകന്നിരിക്കാൻ ദൈവത്തോടൊപ്പം ആയിരിക്കുക പ്രധാനമാണ്. ആദാമിന്റെയും ഹവ്വയുടെയും പാപം മൂലം ആദി മാതാപിതാക്കൾ തോട്ടത്തിൽനിന്നു പുറത്താക്കപ്പെട്ടു. അതായത് നമ്മുടെ കൈയിലിരിപ്പുകൊണ്ട് ഉണ്ടാകുന്ന പ്രശ്നങ്ങൾക്ക് ദൈവത്തിനു ഒന്നും ചെയ്യാനാകില്ല. അനുതാപത്തിന്റെ വഴിയിലൂടെ, കണ്ണീരിന്റെ വഴിയിലൂടെയേ ദൈവീക വഴികളിലേക്ക് മടങ്ങിവരുവാൻ സാധിക്കുകയുള്ളൂ. ഇവിടെയാണ് വീണ്ടെടുപ്പിന്റെ വഴി തെളിയുന്നത്.

നഷ്ടപ്പെട്ട മഹത്വവസ്ത്രം തിരികെ കിട്ടുവാനായി നാം മാമ്മോദീസ ഏൽക്കുന്നു. ഇന്നത്തെ തലമുറയുടെ പ്രശ്നം പാപമില്ലായ്മയല്ല. പാപബോധമില്ലായ്മയാണ്. ജീവിതം ശിക്ഷയ്ക്കും പ്രതികാരത്തിനുമായി തീരരുത്. സൃഷ്ടികർമ്മത്തിൽ പങ്കാളികളാവുക.



ആത്മനിയന്ത്രണം പാലിക്കുക. വിശ്വാസകാര്യങ്ങളിൽ സംശയിക്കാതിരിക്കുക. ഇതൊക്കെ തീർത്ഥാടകന്റെ വഴിയിലെ വെല്ലുവിളികൾ തന്നെയാണ്. തിരുവെഴുത്തുകളിലേക്കു ശ്രദ്ധ കേന്ദ്രീകരിക്കുക. "മിണ്ടാതിരുന്നു ഞാൻ ദൈവമെന്ന് അറിയുക." ദൈവത്തോടു സംസാരിക്കുവാൻ പഠിക്കുക, പരിശീലിക്കുക. വചനം കേട്ടാൽ ക്രിസ്തു ഹൃദയത്തിൽ ഉരുവാകണം. ക്രിസ്തുവിന്റെ കാൽപ്പാടുകൾ അഥവാ അടിപ്പാടുകളാണ് ദുഃഖങ്ങളിൽ നമ്മെ തോളിൽ വഹിക്കുന്നത്.

ലോകം അനിശ്ചിതമായി നിലനിൽക്കുമെന്ന് വിശ്വാസികളല്ലാത്തവർ കരുതുന്നുണ്ടാവാം. പക്ഷേ, ഒരു ക്രൈസ്തവന് മഹത്തായ- പറൂസിയ (Parousia)- ക്രിസ്തുവിന്റെ രണ്ടാം വരവിനായി കാത്തിരിക്കാൻ കഴിയണം.

ഓരോ വിശ്വാസിയും ജീവിതത്തിൽ ബലപ്പെടേണ്ടത് ദൈവവചനത്തിലൂടെയും ദൈവീകതയിലേക്കുള്ള തീർത്ഥാടനത്തിലൂടെയുമാണ്. ഒരു ക്രൈസ്തവനെ അവന്റെ ബലഹീനതകളിൽ ബലപ്പെടുത്തുന്നതാണ് ഇവ രണ്ടും എന്ന തികഞ്ഞ ബോധ്യത്തോടെയാണ് 'തീർത്ഥാടകന്റെ വഴി' എന്ന വിഷയത്തെ ഫാ. ഡോ. നൈനാൻ ജോർജ് ക്രോഡീകരികരിച്ചത്.

## വിനിമയ നിരക്ക്

| | |
|---|---|
| യു.എസ്. ഡോളർ | 86.33 |
| യൂറോ | 100.47 |
| സ്റ്റെർലിംഗ്പൗണ്ട് | 116.10 |
| സ്വിസ് ഫ്രാങ്ക് | 107.85 |
| സിംഗപ്പൂർ ഡോളർ | 67.30 |
| കനേഡിയൻ ഡോളർ | 62.91 |
| ഒമാൻ റിയാൽ | 224.53 |
| ബഹ്റൈൻ ദിനാർ | 228.97 |
| സൗദി റിയാൽ | 23.02 |
| യു.എ.ഇ. ദിർഹം | 23.51 |
| കുവൈത്ത് ദിനാർ | 282.61 |



# HEALING IN HEART AND HOME: A MALAYALEE PERSPECTIVE ON MENTAL HEALTH, PARENTING, AND COMMUNITY RESPONSIBILITY

Svenya Elackatt, MSN, RN

In Malayalee communities - whether in Kerala or across the global diaspora - we take deep pride in our culture, heritage, and family values. We gather for festivals, honor our parents and elders, and work hard to build strong futures for our children. Our lives are filled with tradition, hospitality, and an unspoken commitment to care for our own.

Yet, behind this cultural richness, many in our families are quietly struggling. Mental health issues, depression, anxiety, alcohol and drug abuse, and even suicide are real and rising challenges, especially among our youth and young adults.

As a mental health nursing professional and a proud Malayalee myself, I want to say clearly and with compassion: we are not immune to these struggles. In fact, our silence may be making things worse.

### The Hidden Pain Behind Strong Faces

Malayalee culture often celebrates strength, endurance, and self-sacrifice. We work hard. We rarely complain. And, we try to keep family problems private. But, this same mindset can sometimes make it difficult to admit when someone is struggling. Many suffer in silence - afraid of judgment, gossip, or burdening others.

Depression is not simply being “sad” or “lazy.” It is a real medical condition that affects people across all ages - children, adults, and elders. Addiction to alcohol or drugs is not just a moral failure; it is often a symptom of deeper emotional pain or untreated trauma.

Too often, the fear of "what others will say" keeps us from getting the help we need. But, caring for our mental well-being is not a weakness. It is wisdom. It is strength.

### When Silence Becomes Harmful

Growing up Malayalee, many of us were taught to turn to prayer, hard work, or simply "push through" difficult feelings. And, while those values have their place, they are not enough when someone is in crisis.

Whether someone is facing anxiety, depression, grief, or addiction, they need support from trained professionals - therapists, doctors, counselors - not just advice to "be strong" or "think positive." Mental health care should be viewed the same way we view care for diabetes, heart disease, or any other health condition.

When we pretend that everything is fine, we isolate those who are hurting. When we open up, we create space for healing.

### Parenting in a Changing World

Today’s Malayalee parents - especially those raising children in the diaspora- face unique challenges. We want to pass on our culture and values while helping our kids navigate a different world of independence, technology, and new pressures.

This means we must be emotionally present - not just physically present. Look for signs of distress:

* Sudden changes in sleep or eating habits
* Mood swings or irritability
* Withdrawal from friends or family
* Declining school performance
* Talking about hopelessness or wanting to give up

We must normalize conversations about mental health at the dinner table, just as we do about grades, career choices, or family traditions. If your child or spouse says they are struggling, listen without judgment. Believe them. Act.


Svenya Elackatt

A good therapist is not a luxury. It is an essential part of holistic care. Seeking professional help is not a betrayal of our values- it is a way of honoring them.

### Family: Our First Line of Support

In our culture, family is everything. Our strength lies in our bonds - whether through shared meals, group chats, or weekly phone calls with relatives all over the world. When one person in the family is struggling, the whole family should step in - not pull away.

Support can look like:

* Driving someone to therapy
* Offering a nonjudgmental space to talk
* Helping a relative through recovery from addiction
* Checking in on a quiet teen in the family

We must move from being silent bystanders to active supporters. We must let our loved ones know: you are not alone, and we will walk with you.

### Community Spaces for Healing

Our community centers, cultural associations, and social gatherings are powerful tools - not just for celebrating Onam, Vishu, Eid, Easter or Christmas, but for creating awareness and care.

Imagine, if we used these spaces for:

* Mental health workshops
* Parenting seminars
* Open forums on youth pressures or addiction
* Conversations led by licensed Malayalee professionals

Let us encourage our cultural leaders, teachers, and community organizers to speak openly about emotional wellness. Let us equip youth mentors and volunteers with the tools to recognize when someone needs help.

No one should feel they have to suffer quietly just to protect their family’s image.

### Holding Space for Pain and Hope

Our heritage is filled with stories of strength through struggle. Whether it is the resilience of our migrant workers, the sacrifices of our parents, or the quiet strength of our elders, we know what it means to endure.

But, we must make space for vulnerability, too. Being Malayalee should not mean hiding pain - it should mean coming together to heal.

If someone is depressed, anxious, or battling addiction, let us not say: "Try harder." Let us say: "We are here for you. Let us get through this together."

### Moving Forward Together

We are blessed with a culture rich in love, laughter, and connection. But, it is not un-Malayalee to talk about therapy. It is not shameful to take medication. It is not a failure to admit you or your child needs help.

Science, support, and compassion can coexist with tradition, pride, and perseverance. When we bring these pieces together, we offer our families the full spectrum of healing.

So let us speak up. Let us reach out. Let us stay close.

No one in our Malayalee community should have to suffer in silence.

### About the Author:

Svenya Elackatt, MSN, RN, is a mental health nursing professional and longtime advocate for culturally-informed care, prevention, and family-centered support. She lives in Houston, Texas, with her husband Philip and their twin children Noah and Hannah, and is part of the global Malayalee diaspora.

# ഡോ. അനിരുദ്ധൻ – ഒരു പ്രസ്ഥാനം

രാജു മൈലപ്ര



ഒരു വ്യക്തിയെന്ന നിലയിലുപരി ഒരു പ്രസ്ഥാനമായാണ് ഞാൻ അന്തരിച്ച ഡോ. എം. അനിരുദ്ധനെ വിലയിരുത്തുന്നത്.

1983 ജൂലൈ മാസത്തിൽ മൻഹാട്ടനിലെ ഷെറട്ടൺ സെന്ററിൽ വെച്ചാണ് ഞാൻ അദ്ദേഹത്തെ ആദ്യമായി നേരിൽ കാണുന്നത്. അവസാനമായി കണ്ടത് 2022-ലെ ഒർലാൻഡോ 'ഫൊക്കാനാ' കൺവൻഷൻ വേദിയിൽവെച്ച്. കാലമേറെ കഴിഞ്ഞിട്ടും അതേ രൂപം, അതേ സൗമ്യമായ പെരുമാറ്റം, ഒരിക്കലും മായാതെ മുഖമുദ്രയായി നിൽക്കുന്ന അതേ പുഞ്ചിരി.

മലയാളി സമാജങ്ങളുടെ, ഓണാഘോഷമുൾപ്പെടെയുള്ള പരിപാടികൾ വല്ല സായിപ്പിന്റേയും പള്ളികളുടെ ബേസ്മെന്റിലോ, പബ്ലിക് സ്കൂളുകളുടെ 'ഇൻഡോർ' ബാസ്ക്കറ്റ് ബോൾ കോർട്ടിലോ അരങ്ങേറിയിരുന്ന ആ കാലത്ത്, ലോക തലസ്ഥാനമായ ന്യൂയോർക്ക് നഗരത്തിൽ തലയുയർത്തി നിൽക്കുന്ന 'ഷെറാട്ടൺ സെന്ററിൽ' വെച്ച് ഒരു സമ്മേളനം നടത്താൻ ധൈര്യം കിട്ടിയ അനിരുദ്ധന്റെ ആത്മവിശ്വാസത്തെ ഞാൻ മനസ്സാ അഭിനന്ദിച്ചു.

എന്നാൽ അമേരിക്കയിൽ അങ്ങോളമിങ്ങോളമുള്ള അന്നേ തമ്മിത്തല്ലിച്ചിതറിക്കൊണ്ടിരുന്ന മലയാളി സമാജങ്ങളേയെല്ലാം ഒരുമിച്ച് ഒരു കുടക്കീഴിൽ കൊണ്ടുവന്ന് ശക്തമായ ഒരു ദേശീയ ഫെഡറേഷൻ രൂപീകരിക്കണമെന്ന അദ്ദേഹത്തിന്റെ ആശയവും ആഗ്രഹവും കേട്ടപ്പോൾ 'എത്ര നടക്കാത്ത സുന്ദരമായ സ്വപ്നം' എന്നാണു ഞാൻ മനസ്സിൽ വിചാരിച്ചത്. എന്നാൽ എല്ലാവരേയും അതിശയിപ്പിച്ചുകൊണ്ട് ആ അത്ഭുതം നടന്നു. 'ഫെഡറേഷൻ ഓഫ് കേരള അസോസിയേഷൻസ് ഇൻ നോർത്ത് അമേരിക്ക' (FOKANA) എന്ന ദേശീയ സംഘടന അന്നവിടെ ജന്മമെടുത്തു.

തുടക്കത്തിൽ ഫൊക്കാനയോടു മുഖംതിരിച്ചുനിന്ന പല സംഘടനകളും പിൽക്കാലത്ത് ഫൊക്കാനായിൽ അംഗത്വമെടുത്തു. ഫൊക്കാനയുടെ പ്രസിഡണ്ട് സ്ഥാനം ഒരു പ്രസ്റ്റീജ് പദവിയായി.

ആരു പ്രസിഡണ്ടായാലും ഫൊക്കാനയുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിലും വിജയിപ്പിക്കുന്നതിലും എന്നും എപ്പോഴും ഡോ. അനിരുദ്ധൻ വഴികാട്ടിയായി ഒപ്പമുണ്ടായിരുന്നു.

രാഷ്ട്രീയ, സാഹിത്യ, സാംസ്കാരിക, സാമുദായിക മണ്ഡലങ്ങളിലെ അതികായകന്മാരെ പങ്കെടുപ്പിച്ച്, കൺവൻഷനുകളുടെ സ്വീകാര്യതയും ജനപങ്കാളിത്തവും വർദ്ധിപ്പിക്കുന്നതിൽ അനിരുദ്ധൻ വഹിച്ച പങ്ക് അതുല്യമാണ്.

'ഫൊക്കാനാ' എന്ന പേര് കേരളത്തിലെ അധികാര കേന്ദ്രങ്ങളിലും സാധാരണ ജനങ്ങളിലുമെത്തിച്ച പ്രഗത്ഭനായ ഒരു തന്ത്രജ്ഞനായിരുന്നു അദ്ദേഹം.

ലോകത്തിലെ ഏറ്റവും വലുതും അറിയപ്പെടുന്നതുമായ മലയാളി സംഘടനയായി 'ഫൊക്കാന'യെ വളർത്തിയതിന്റെ ശില്പിയായിരുന്നു അദ്ദേഹം.

ഫൊക്കാനയുടെ വിവിധ കമ്മിറ്റികളിൽ ഡോ. അനിരുദ്ധനോടൊപ്പം പ്രവർത്തിക്കുവാൻ അവസരം ലഭിച്ചത് ഒരു ഭാഗ്യമായി ഞാൻ കരുതുന്നു.

ഡോ. എം. അനിരുദ്ധന്റെ ഓർമ്മ നിലനിർത്തേണ്ടത് 'ഫൊക്കാനാ' എന്ന പ്രസ്ഥാനത്തിന്റെ കടമയാണ്, ചുമതലയാണ്.

അടുത്ത കൺവൻഷൻ വേദിയെ 'അനിരുദ്ധൻ നഗർ' എന്നു നാമകരണം ചെയ്യാവുന്നതാണ്. അതുപോലെ 'ഭാഷയ്ക്കൊരു



ഡോളർ' മത്സരത്തിന്റെ വിജയിക്കു നൽകുന്ന പാരിതോഷികത്തിന്റെ പേര് 'ഡോ. എം. അനിരുദ്ധൻ അവാർഡ്' എന്നു മാറ്റാവുന്ന കാര്യവും ആലോചിക്കാവുന്നതാണ്.

ഇതെല്ലാം 'ഫൊക്കാനാ' ഭാരവാഹികളുടെ അധികാരപരിധിയിൽ വരുന്ന കാര്യങ്ങളാണെന്നറിയാം.

ഒരു നിർദേശം മുന്നോട്ടുവെച്ചു എന്നു മാത്രം! ഡോ. അനിരുദ്ധൻ പ്രിയപ്പെട്ട ഒരു കുടുംബസുഹൃത്തായിരുന്നു. അദ്ദേഹത്തിന്റെ നിര്യാണത്തിലുള്ള അനുശോചനം രേഖപ്പെടുത്തുന്നു.

(ലേഖകൻ 'ഫൊക്കാനാ' മുൻ നാഷണൽ ജോയിന്റ് സെക്രട്ടറിയായും ന്യൂയോർക്ക് റീജിയണൽ വൈസ് പ്രസിഡണ്ടായും സേവനമനുഷ്ഠിച്ചിട്ടുണ്ട്.)

# SEEKING BRIDEGROOM

*Pentecostal parents seeking proposal for their daughter, 30 years, Dec. 1994. 5'6.5" born again, baptized, born and brought up in US. She is a DNAP. (Doctor of Nurse Anesthesia Practice). Prefer proposal from born again, baptized, good moral values and God fearing person. **423-316-0196 Vsimon@bellsouth.net**

*Pentecostal parents settled in the USA invite proposals for their daughter who was born and brought up in the US. Age 24, height 5'3". She holds a Masters degree in Health Administration and is currently working in Ohio. Seeking alliances from qualified young professionals living in the US or Canada. If interested, please contact with full information via email: **bejoy2342@gmail.com**

